
www.malankaralibrary.com

# നവ നിയോഗവുമായി
# മാവേലിക്കരയുടെ മണ്ണിലേക്ക്



മാവേലിക്കര ഭദ്രാസനത്തിന്റെ നിയുക്ത അധ്യക്ഷൻ

**അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പസ്**

മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണ പതിപ്പ്


www.malankaralibrary.com



www.malankaralibrary.com

## നവ നിയോഗവുമായി മാവേലിക്കരയുടെ മണ്ണിലേക്ക്

മാവേലിക്കര ഭദ്രാസനാധ്യക്ഷൻ
അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പോസ്
മെത്രാപ്പോലീത്തായുടെ
സ്ഥാനാരോഹണ പതിപ്പ്



*Editorial Team:*

**Rev. Fr. Bovas Meloot**
Rev. Fr. Daniel Palakkuzhy
Rev. Fr. Anoop Thomson
Rev. Fr. Aji Pulimoottil
Rev. Fr. Sam Manalusseril

*Published by*
The Major Archdiocese of Trivandrum

*Printed at:*
St. Mary's Press
Pattom, Trivandrum

*Cover and Page design:*
Sosy Thomas
Fingraph, Trivandrum
9048000515

# ഉള്ളടക്കം

എഡിറ്റോറിയൽ 4

പിതൃമൊഴി 5

പരിധികളില്ലാതെ സ്നേഹിക്കാൻ 8
അപർണ്ണ ഐ. ജോയ്, സാറ അന്ന ജോൺ

ദൈവനിയോഗത്തിന്റെ സുകൃത വഴികൾ 18
റവ. ഫാ. ജോസഫ് പുളിമൂട്ടിൽ

സ്മിർണായിലെ വി. പോളികാർപ്പ് 22
റവ. ഫാ. ജോസഫ് വള്ളിയാട്ട്

വിവേകിയായ വികാരി ജനറാൾ 25
റൈറ്റ് റവ. ഡോ. വർക്കി ആറ്റുപുറത്ത് കോറെപ്പിസ്കോപ്പ

സ്ഥാനാരോഹണ വേളയിൽ ഒരു സതീർത്ഥ്യന്റെ ഓർമക്കുറിപ്പ് 28
റൈറ്റ് റവ. ഡോ. എൽദോ പുത്തൻകണ്ടത്തിൽ കോറെപ്പിസ്കോപ്പ

കർത്തവ്യങ്ങളിൽ ജാഗ്രത പുലർത്തിയ ഗുരുവായ അജപാലകൻ 30
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ

പാവങ്ങളുടെ ഹൃദയമറിഞ്ഞ മിഷനറി 33
റവ. ഡോ. അഞ്ജലി തെരേസ് ഡി.എം.

Cheerful Commitment to Duty and Service 38
The late Dr. Abraham Joseph

അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് പിതാവ് കരുണയുടെ ശ്രേഷ്ഠ ഇടയൻ 41
ഡോ. ജിജിമോൻ കെ. തോമസ്

ദൈവം കൈയൊപ്പിട്ട നിസ്വാർത്ഥ ജീവിതം 49
ഡോ. ഷേർളി സ്റ്റുവർട്ട്

പോളികാർപ്പസ് തിരുമേനി എന്ന അതുല്യ പ്രതിഭ 52
എബി ജോർജ്ജ്

'മംഗലശ്ശേരി നീലകണ്ഠ'നെന്ന മനക്കരക്കാവിലച്ചൻ 54
എം. പി. ലിപിൻ രാജ്

ഉയർന്ന മനസ്സുള്ള പിതാവ് 57
ലിജു ജോർജ്

www.malankaralibrary.com

## എഡിറ്റോറിയൽ

# മാവേലിക്കരയുടെ മനസ്സിലേക്ക്

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മാവേലിക്കര ഭദ്രാസനത്തിന്റെ പുതിയ അധ്യക്ഷനായി അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്ത നിയോഗിതനായിരിക്കുന്നു. 2007 ൽ സ്ഥാപിതമായ മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമ അധ്യക്ഷനായ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ വിരമിക്കുന്ന പശ്ചാത്തലത്തിലാണ് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സഹായമെത്രാനായ അദ്ദേഹത്തെ തേടി പുതിയ നിയോഗമെത്തിയത്.

കൊല്ലം ജില്ലയിലെ പുത്തൂരിൽ 1955 നവംബർ പത്തിന് ജനിച്ച അദ്ദേഹം സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം സെമിനാരിയിൽ ചേർന്നു. തിരുവനന്തപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരി, കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി എന്നിവിടങ്ങളിലായി വൈദിക പഠനം പൂർത്തിയാക്കി. 1983 ഡിസംബർ 18 ന് ആർച്ച് ബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയിൽ നിന്ന് വൈദിക പട്ടം സ്വീകരിച്ചു. തിരുവനന്തപുരം അതിരൂപതയിലെ ആയൂർ ഇടവകയിൽ വൈദിക ശുശ്രൂഷ ആരംഭിച്ച അദ്ദേഹം 1988 ൽ മദ്രാസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ലൊയോള കോളേജിൽ നിന്ന് ചരിത്രത്തിൽ ബിരുദം നേടി. 1990- 95 കാലഘട്ടത്തിൽ മധുര കാമരാജ് സർവകലാശാലയിൽ നിന്ന് ഫ്രഞ്ച് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദവും എംഫിലും നേടി. തുടർന്ന് പാരീസിലെ കാത്തലിക് യൂണിവേഴ്സിറ്റിയിൽ തുടർ പഠനം നടത്തി. 2010 ൽ തിരുനൽവേലി എം. എസ്. യൂണിവേഴ്സിറ്റിയിൽ നിന്ന് ഫ്രഞ്ച് സാഹിത്യത്തിൽ ഡോക്ടറേറ്റും കരസ്ഥമാക്കി. തുടർന്ന് 1990 ൽ മാർ ഇവാനിയോസ് കോളേജിൽ അധ്യാപക ശുശ്രൂഷയിൽ പ്രവേശിച്ച അദ്ദേഹം മാർ ഇവാനിയോസ് കോളേജിന്റെ തന്നെ ബർസാറായും പ്രിൻസിപ്പലായും ദീർഘകാലം ശുശ്രൂഷ നിർവഹിച്ചു. ഈ കാലയളവിൽ തന്നെ യുജിസി നടപ്പിലാക്കിയ പതിനൊന്നാം പദ്ധതിയുടെ സൗത്ത് വെസ്റ്റേൺ റീജിയൻ കൺവീനറായും കേരളാ യൂണിവേഴ്സിറ്റിയുടെ ഫ്രഞ്ച്, ലാറ്റിൻ തുടങ്ങിയ ഭാഷാ വിഭാഗങ്ങളുടെ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാനായും പ്രവർത്തിച്ചു. കേരളാ പബ്ലിക് സർവീസ് കമ്മീഷന്റേയും ഒട്ടനേകം ഗവൺമെന്റ് - ഗവൺമെന്റിതര ആലോചനാ സമിതികളിലും അദ്ദേഹം അംഗമായിരുന്നു. 1983 മുതൽ 2013 വരെയുള്ള കാലഘട്ടത്തിൽ അവിഭക്ത തിരുവനന്തപുരം മേജർ അതിരൂപതയുടെ മുപ്പത്തിയഞ്ചോളം ഇടവക - മിഷൻ കേന്ദ്രങ്ങളിൽ അദ്ദേഹം ശുശ്രൂഷ നിർവഹിച്ചു. മാർ ഈവാനിയോസ് കോളേജിൽ നിന്ന് വിരമിച്ച ശേഷം തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ വികാരി ജനറാളായി ശുശ്രൂഷ ചെയ്തു. ഫ്രഞ്ച്, ജർമ്മൻ തുടങ്ങി നിരവധി ഭാഷകൾ കൈകാര്യം ചെയ്യുന്നതിൽ നിപുണനായ അദ്ദേഹത്തിന് 2010-ൽ മികച്ച വിദ്യാഭ്യാസ പ്രവർത്തകനുള്ള റോട്ടറി ഇന്റർനാഷണൽ അവാർഡ് ലഭിച്ചു. 2021 ൽ *Facets of Love* എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു. 2022 മെയ് 7 -ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ തിരുവനന്തപുരം മേജർ അതിരൂപതയുടെ സഹായമെത്രാനായി തെരഞ്ഞെടുക്കപ്പെട്ടു. 2025 ജൂൺ 29 ന് അദ്ദേഹം മാവേലിക്കര ഭദ്രാസനാധ്യക്ഷനായി ചുമതലയേൽക്കും.

സഭയിലെ തീരുമാനങ്ങളെല്ലാം പരിശുദ്ധാത്മ നിറവിൽ പുണ്യപിതാക്കൻമാരുടെ പ്രാർത്ഥനാ നിർഭരമായ ആലോചനകളിലൂടെ യാഥാർത്ഥ്യമാകുന്നവയാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സിനഡിനാൽ പുതിയ നിയോഗ മേൽപ്പിക്കപ്പെട്ടിരിക്കുന്ന അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തയെ പരിശുദ്ധാത്മാവ് നയിക്കട്ടെ! അദ്ദേഹത്തിന് ഹൃദയം നിറഞ്ഞ പ്രാർത്ഥനാ മംഗളങ്ങൾ!

**ഫാ. ബോവസ് മേലൂട്ട്**
ചീഫ് എഡിറ്റർ



# പുതിയ നിയോഗം: പരിശുദ്ധാത്മാവിന്റെ സ്ഥിരീകരണം

ദൈവത്തിന്റെ അനന്തപരിപാലന എന്നുമനുഭവിക്കാൻ അവസരം സിദ്ധിച്ചിട്ടുള്ള ഒരു ദൈവജന സമൂഹമാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭ. മാർത്തോമാ ശ്ലീഹായിലൂടെ സംലഭ്യമായ അപ്പസ്തോലിക പൈതൃകത്തിലൂടെ, സ്വർഗസ്ഥിതരായ പൂർവപിതാക്കാൻമാരിലൂടെ, പുണ്യപിതാവായ ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിലൂടെ ദൈവപരിപാലനയുടെയും ദൈവസ്നേഹത്തിന്റെയും ഒഴുക്ക് മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ അനുസ്യൂതം തുടരുന്നു. ദൈവനടത്തിപ്പിന്റെ ആ അനുഭവങ്ങളാണ് എന്നും ഈ സഭയുടെ ബലവും സാക്ഷ്യവും.

ആ അനുഭവങ്ങളുടെ തുടർച്ചയിൽ ചേർത്തുവയ്ക്കാൻ ഒരധ്യായം കൂടി ദൈവം നമുക്ക് സമ്മാനിച്ചിരിക്കുന്നു. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സഹായമെത്രാനായിരുന്ന അഭിവന്ദ്യനായ മാത്യൂസ് മാർ പോളിക്കാർപ്പസ് തിരുമേനി മാവേലിക്കര ഭദ്രാസനത്തിന്റെ അധ്യക്ഷനായി നിയോഗിതനായിരിക്കുന്നു. മേൽപ്പട്ട സ്ഥാനം സ്വീകരിച്ച ശേഷം നാളിതുവരെയും അദ്ദേഹം മേജർ അതിഭദ്രാസനത്തിലെ അജപാലനശുശ്രൂഷകൾക്ക് കൃപാനിർഭരമായ നേതൃത്വം നൽകിവരികയായിരുന്നു. അദ്ദേഹത്തിന്റെ സമർപ്പണത്തിനും സാക്ഷ്യത്തിനും പരിശുദ്ധാത്മാവ് നൽകിയ സ്ഥിരീകരണമായി ഈ പുതിയ നിയോഗത്തെ ഞാൻ കാണുന്നു. 'കൊള്ളാം, നല്ലവനും വിശ്വസ്തനുമായ ഭൃത്യാ, അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നതിനാൽ അനേകകാര്യങ്ങൾ നിന്നെ ഞാൻ ഭരമേൽപിക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു നീ പ്രവേശിക്കുക' (മത്തായി 25: 21) എന്ന ദൈവവചനം ഓർമിപ്പിക്കുന്ന നിയോഗവും അതിന്റെ സ്ഥിരീകരണവും ഞാനീ പുതിയ ശുശ്രൂഷയിൽ കാണുന്നു.

ക്രിസ്തുവിന്റെ രണ്ടാം വരവുവരെ രക്ഷയുടെ അനുഭവത്തിലേക്ക് കടന്നു വരുന്ന ദൈവജനത്തെ പരിശുദ്ധാത്മ നിയന്ത്രണത്തിലും അപ്പസ്തോലിക വിശ്വാസത്തിലും ഉറപ്പിക്കുവാൻ ദൈവത്താൽ തെരഞ്ഞെടുക്കപ്പെടുന്ന ഇടയന്മാരാണ് മെത്രാന്മാർ. അപ്പസ്തോലന്മാരുടെ കൈവയ്പ് വഴി ആദിമകാലം മുതൽ സഭാകൂട്ടായ്മകൾക്ക് നേതൃത്വം നൽകാൻ ദൈവം



www.malankaralibrary.com

ശ്രേഷ്ഠരായവരെ തെരഞ്ഞെടുത്തു. അവരുടെ ശുശ്രൂഷയിൻ കീഴിൽ സഭ അതിവേഗം വളർന്നു. പുരോഹിതന്മാരുടെയും ശെമ്മാശന്മാരുടെയും സഹായത്തോടെ അവർ പ്രാദേശിക സഭയുടെ ഭരണകാര്യങ്ങൾ നിർവ്വഹിക്കുവാൻ തുടങ്ങി. വിശ്വാസ സമൂഹത്തിനാവശ്യമായ കൗദാശികമായ എല്ലാ ശുശ്രൂഷകളും നിർവ്വഹിക്കുവാൻ പൗരോഹിത്യ പൂർണ്ണതയുള്ള മെത്രാന്മാർക്ക് മാത്രമെ അധികാരം ഉണ്ടായിരുന്നുള്ളൂ. സഭാശുശ്രൂഷയിൽ അവരുടെ സഹകാരികളായിട്ടാണ് പുരോഹിതന്മാർ നിയമിക്കപ്പെട്ടത്. അതുകൊണ്ട് തന്നെ അജപാലനശുശ്രൂഷയുടെ മുഖ്യ ചുമതലക്കാർ മെത്രാന്മാരാണ്. ഓരോ മെത്രാനും അഭിഷേകം ചെയ്യപ്പെടുന്നത് ഓരോ ഭദ്രാസനത്തിനു വേണ്ടിയാണ്.

മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമ അധ്യക്ഷനായിരുന്ന അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായുടെ പിൻഗാമിയായി അഭിവന്ദ്യനായ മാത്യൂസ് മാർ പോളിക്കാർപ്പസ് മെത്രാപ്പോലീത്താ നിയോഗിതനാവുമ്പോൾ ഹൃദയം നിറഞ്ഞ നന്ദിയോടെ ദൈവസന്നിധിയിൽ ഞാൻ കരങ്ങൾ കൂപ്പുന്നു. അദ്ദേഹത്തിന്റെ മേൽപ്പട്ട ശുശ്രൂഷയിലൂടെ സഭയ്ക്കു പൊതുവിലും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന് പ്രത്യേകമായും ലഭിച്ച നന്മകളെയും കൃപകളെയും ഓർത്ത് ഞാൻ ദൈവത്തെ മഹത്വപ്പെടുത്തുന്നു. സമർത്ഥനായ ഒരു വൈദിക വിദ്യാർത്ഥിയായും സമർപ്പണമുള്ള പുരോഹിതനായും കൃപയിൽ നിറവുള്ള ശാന്തനും വിനയാന്വിതനുമായ മേൽപട്ടക്കാരനായുമൊക്കെ അദ്ദേഹത്തെ ഞാൻ തിരിച്ചറിയുകയും മനസിലാക്കുകയും ചെയ്യുന്നു. ഏൽപ്പിക്കപ്പെടുന്ന നിയോഗങ്ങൾ എത്രയും വിശ്വസ്തതയോടെ പൂർത്തിയാക്കാൻ കർമനിരതനായിരുന്ന ഒരു മനക്കരക്കാവിലച്ചനെ ഞാൻ ഓർത്തെടുക്കുന്നു. പ്രത്യേകിച്ച് സഭയുടെ വിദ്യാഭ്യാസ ശുശ്രൂഷയിലും അജപാലന ശുശ്രൂഷകളിലും അദ്ദേഹം നൽകിയിട്ടുള്ള സമർപ്പണം ഏറെ ശ്ലാഘനീയമാണ്.

ദൈവജനവുമായി ബന്ധപ്പെട്ടുള്ള ഇടവക ശുശ്രൂഷകളിൽ അദ്ദേഹം ആടുകളുടെ മണമുള്ള ഇടയനായിരുന്നു. ദൈവജനത്തെ മനസ്സിലാക്കാനും അവരെ സ്നേഹിക്കാനും അവരെ വളർത്താനും ഔപചാരികതകൾ മാറ്റിവച്ച് അവർക്കൊപ്പം ലളിതമനസ്കനായി നിൽക്കാനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. ഇടവകകളെ വളർത്താനും ജനത്തിന്റെ സർവതോൻമുഖമായ വളർച്ച ഉറപ്പുവരുത്താനും അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു.

മാവേലിക്കര ഭദ്രാസനം ഏറെ പ്രത്യേകതകൾ ഉള്ളതാണ്. ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ജന്മം കൊണ്ട് അനുഗ്രഹീതമായ ഭദ്രാസനം. പുനരൈക്യത്തിന്റെ ആദ്യനാളുകൾ മുതൽത്തന്നെ മലങ്കര സുറിയാനി കത്തോലിക്കാ സഭയോട് ചേർന്നു നിൽക്കാൻ തീരുമാനിച്ച അനേകം കുടുംബങ്ങളുള്ള ഭദ്രാസനം. രൂപീകൃതമായിട്ട് അധിക നാളുകളായിട്ടില്ലെങ്കിലും ആത്മീയമായും ഭൗതികമായും സ്ഥിരതയാർന്ന വളർച്ച നേടിക്കൊണ്ടിരിക്കുന്ന ഭദ്രാസനം. അഭിവന്ദ്യനായ ജോഷ്വാ മാർ

www.malankaralibrary.com

ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിലൂടെ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് പക്വത പ്രാപിച്ച അജപാലനശുശ്രൂഷകളിലൂടെ ദൈവജനത്തിന് അഭയവും ആശ്രയവുമാകുന്ന ഇടം. അവിടം കേന്ദ്രമാക്കിയുള്ള പുതിയ ശുശ്രൂഷ അഭിവന്ദ്യ പോളിക്കാർപ്പസ് തിരുമേനിക്ക് അനുഗ്രഹകരമായ ഒരനുഭവമായിരിക്കും. ദൈവം അദ്ദേഹത്തെ നയിക്കും, പരിപാലിക്കും, കൂടെയിരിക്കും.

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ വൈദിക കൂട്ടായ്മയോടും സന്യസ്തരോടും ദൈവജനത്തോടും ചേർന്ന് അഭിവന്ദ്യനായ മാത്യൂസ് മാർ പോളിക്കാർപ്പസ് മെതാപ്പോലീത്തായ്ക്ക് എല്ലാ ദൈവാനുഗ്രഹങ്ങളും നേരുന്നു.

നിങ്ങളുടെ പിതാവ്,

+Baselios Cleemis

✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവ
മേജർ ആർച്ചുബിഷപ്-കാതോലിക്കോസ്



www.malankaralibrary.com





# പരിധികളില്ലാതെ സ്നേഹിക്കാൻ



അപർണ്ണ ഐ. ജോയ്



സാറ അന്ന ജോൺ

www.malankaralibrary.com



**1) അഭിവന്ദ്യ പിതാവേ, ആത്മീയ ജീവിതത്തിലെ ഈ പുതിയ നിയോഗത്തെ അങ്ങ് എപ്രകാരം നോക്കിക്കാണുന്നു?**

കഴിഞ്ഞ 43 വർഷത്തോളമായി കത്തോലിക്കാസഭയിൽ വൈദികനായി ഞാൻ ശുശ്രൂഷ ചെയ്തുവരികയായിരുന്നു. ദൈവഹിതമെന്നോണം വൈദികജീവിതത്തിന്റെ പൂർണതയായ മെത്രാൻ സ്ഥാനം നിർവഹിക്കുവാനുമുള്ള ഭാഗ്യം ലഭിച്ചു. ഇത്രയും കാലയളവിൽ ദൈവം നിയോഗിച്ച പ്രവർത്തനങ്ങൾ ദൈവഹിതം അനുസരിച്ച് മുന്നോട്ടു പോകാൻ കഴിവതും പരിശ്രമിച്ചിരുന്നു. എനിക്കു സഭയിൽ ലഭിച്ച ചുമതലകൾ എല്ലാം ദൈവഹിതം പോലെ പ്രവർത്തിക്കാൻ എനിക്ക് സാധിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. മാവേലിക്കര രൂപത എന്റെ മാതൃ-ഇടവക സ്ഥിതി ചെയ്യുന്ന സ്ഥലമാണെങ്കിലും ശുശ്രൂഷ ചെയ്യാൻ അവസരം ലഭിച്ചിട്ടില്ല. അതുകൊണ്ടു തന്നെ എനിക്കു ലഭിച്ചിരിക്കുന്ന ഈ അവസരം ദൈവഹിതംപോലെ പ്രവർത്തിക്കുന്നതിനുള്ള സന്ദർഭമായി തന്നെ ഞാൻ കരുതുന്നു. അതിന്, രൂപതയിലുള്ള വൈദികരുടെയും സന്യസ്തരുടെയും വിശ്വാസികളുടെയും പ്രാർത്ഥന എന്നോടൊപ്പം ഉണ്ടാകുമെന്നും ഞാൻ വിശ്വസിക്കുന്നു.

**2. വന്ദ്യപിതാവേ, ചെറുപ്പം മുതൽ തന്നെ അങ്ങയുടെ പ്രാർത്ഥനാജീവിതവും ശുശ്രൂഷ മേഖലയിൽ പ്രവർത്തിക്കുവാനുള്ള ആർജ്ജവവും വിലയേറിയതാണ്. അങ്ങിൽ നിക്ഷിപ്തമായിരുന്ന കർത്തവ്യം സഭാ ശുശ്രൂഷ ആണെന്നും, അതിലേക്കുള്ള ദൈവവിളി തിരിച്ചറിഞ്ഞ സന്ദർഭങ്ങളും ഞങ്ങളുമായി ഒന്ന് പങ്കുവയ്ക്കാമോ?**

ഹൈസ്കൂൾ കാലഘട്ടത്തിലാണ് ഇങ്ങനെയൊരു ആഗ്രഹം മനസ്സിൽ ഉടലെടുക്കുന്നത്. തീർച്ചയായും മാതാപിതാക്കളുടെ പ്രാർത്ഥനാജീവിതം എനിക്ക് പ്രചോദനം ആയിട്ടുണ്ട്. എങ്കിലും ഞങ്ങളുടെ ഇടവകയിൽ സഹവികാരിയായി പ്രവർത്തിച്ചിരുന്ന ജോർജ് ജേക്കബ് അച്ചനാണ് എനിക്ക് ഈ ശുശ്രൂഷ മേഖലയിലേക്ക് കടന്നുവരുവാനുള്ള ഊർജ്ജം നൽകിയത്. പ്രത്യേകിച്ചും അച്ചന്റെ ഇടവകയിലെ പ്രവർത്തനങ്ങൾ എന്നെ ഏറെ സ്വാധീനിച്ചു.



അച്ചന്റെ കുട്ടികളോടും ഇടവകാംഗങ്ങളോടുമുള്ള ഇടപെടലും പ്രാർത്ഥനാജീവിതവും എനിക്ക് ഏറെ പ്രചോദനം നൽകുന്നവയായിരുന്നു.

ഇടവക വികാരിമാർ എങ്ങനെ ദൈവവിളിയെ സ്വാധീനിക്കുന്നു എന്നതിന് ഉദാഹരണം കൂടിയാണ് ഇത്.

**3. 'നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുക' എന്ന് യേശുനാഥൻ പറഞ്ഞതുപോലെ പിതാവേ, ഈ ഒരു കാലഘട്ടത്തിൽ പങ്കുവെക്കേണ്ടതിന്റെയും പ്രഘോഷിക്കുന്നതിന്റെയും അനിവാര്യത കൂടി വരികയാണ്. ഈയൊരു അവസരത്തിൽ പിതാവിന്റെ 43 വർഷത്തെ പൗരോഹിത്യ ജീവിതത്തിലെ മിഷൻ പ്രവർത്തനങ്ങളെ ഒന്ന് ഓർത്തെടുത്ത് പങ്കുവയ്ക്കാമോ?**

എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കാനാണ് കർത്താവ് പറഞ്ഞിരിക്കുന്നത്. സ്വർഗ്ഗാരോഹണം ചെയ്ത സമയത്ത് ശിഷ്യന്മാരോട് പറഞ്ഞതാണ് നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുക എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുക; അതൊരു divine mandate കിട്ടിയിരിക്കുകയാണ്. ഈ mandate അനുസരിച്ച് പ്രവർത്തിച്ചതു





വഴിയാണ് ഇന്ന് 2025 വർഷമായിട്ടും സഭ എല്ലാം ഭൂഖണ്ഡങ്ങളിലും വളർന്നുകൊണ്ടിരിക്കുന്നത്. സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ ഈ സഭയ്ക്ക് നിലനിൽപ്പില്ല. സഭ അതിനാൽ തന്നെ സുവിശേഷം പ്രസംഗിക്കേണ്ടവളാണ്. ഇനി വ്യക്തിപരമായി ചോദിക്കുകയാണെങ്കിൽ എനിക്ക് ഒത്തിരി ഏറെ സന്തോഷമുണ്ട് ഈ ഒരു കാര്യത്തിൽ. കാരണം ഞാൻ വൈദികനായ ശേഷം സെമിനാരിയിൽ ചേർന്നപ്പോൾ തൊട്ട് കണ്ടുകൊണ്ടിരുന്ന ഒരാളാണ് അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ്. പിതാവിന് വളരെ താല്പര്യമുള്ള ഒരു വിഷയമാണ് മിഷൻ പ്രവർത്തനം. മാർ ഇവാനിയോസ് പിതാവ് കാലം ചെയ്യുന്ന അവസരത്തിൽ ഇത്രയേറെ പള്ളികൾ ഒന്നുമില്ല. പിന്നീടുണ്ടായ പള്ളികൾ എല്ലാം മാർ ഗ്രീഗോറിയോസ് പിതാവിന്റെ മിഷൻ പ്രവർത്തനത്തിന്റെ ഭാഗമാണ്. അദ്ദേഹത്തിന്റെ കൂടെ നിന്ന വൈദികർ എല്ലാവരും തന്നെ ഇതൊരു ദൈവികമായ ദൗത്യമായിട്ട് ചുമതല ഏറ്റവരാണ്. ഇന്ന് നമ്മുടെ ഏതെങ്കിലും ഒരു പ്രദേശത്ത് മലങ്കര പള്ളി കാണുമ്പോഴേ ഞാൻ അതിശയിക്കുന്ന കാര്യം ഇതെല്ലാം എങ്ങനെ ഉണ്ടാക്കി! ഒറ്റ ദിവസം കൊണ്ട് ഉണ്ടാക്കിയതല്ല ഇത് ഏതെങ്കിലും ഒക്കെ വൈദികർ കഷ്ടപ്പെട്ടതിന്റെ ഫലമായിട്ടാണ് ഇവിടെ ദേവാലയം ഉണ്ടായിരിക്കുന്നത്. അതിനോടനുബന്ധിച്ച് സ്ഥാപനങ്ങൾ ഉണ്ടായിരിക്കുന്നത്. അതോടനുബന്ധിച്ച് ഇവിടെ മറ്റ് സംവിധാനങ്ങൾ ഉണ്ടായിരിക്കുന്നത്. മാർ ഗ്രീഗോറിയോസ് പിതാവിന്റെ കൂടെ പ്രവർത്തിച്ചതായ വൈദികർ എല്ലാവരും തന്നെ വളരെ ശക്തമായി പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് തിരുവനന്തപുരം മേജർ അതിരൂപത, മാർത്താണ്ഡം, പാറശ്ശാല, പത്തനംതിട്ട, മാവേലിക്കര ഈ അഞ്ച് രൂപതകൾ ഇപ്പോൾ നിലവിൽ വന്നെങ്കിൽ അതിന്റെ കാരണം എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കാൻ ഏൽപ്പിച്ച ദൗത്യം നമ്മുടെ വൈദികർ നിർവഹിച്ചു എന്നതാണ്. എന്നാൽ ഏതാനും ചില വൈദികർ കൂടുതൽ ഉത്തരവാദിത്വത്തോട് കൂടി അല്ലെങ്കിൽ അതിനൊരു പ്രത്യേക കഴിവ് അവർക്കുണ്ടായിരുന്നു. പുതിയ പുതിയ മിഷനുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ ഫിലിപ് ഉഴന്നല്ലൂരച്ചനെ മറക്കാൻ സാധിക്കില്ല. ബഹുമാന്യരായ മാത്യു കടകംപള്ളി അച്ചൻ, ഫിലിപ്പ് മലഞ്ചരുവിലച്ചൻ, അഭിവന്ദ്യനായ ലോറൻസ് പിതാവ് ഇവരെല്ലാം അക്കൂട്ടത്തിൽപ്പെടുന്നു. അതിനേക്കാൾ ഉപരി നമ്മളെ സഹായിച്ച വേറെ ഒരു കൂട്ടരുണ്ട്– ഫ്രാൻസിസ്കൻ ബ്രദേഴ്സ്. ഏതാണ്ട് 170 ഓളം പള്ളികളാണ് അവർ സ്ഥാപിച്ചത്. അവർ ഒരോ സ്ഥലങ്ങളിലും പോയി ആശ്രമം ഉണ്ടാക്കി അവിടെ താമസിച്ച് ആളുകളെ കണ്ടു, പള്ളികളിൽ അവരെയെല്ലാം ചേർത്തു. അവരുടെ ഒരു പ്രത്യേകത എന്ന് പറഞ്ഞാൽ അവർ പ്രവർത്തിച്ചു കഴിഞ്ഞാൽ ആയുഷ്കാലം മുഴുവൻ അവിടെ ഇരിക്കുകയില്ല. അവിടെ പ്രവർത്തിച്ച് അവിടെ ഒരു പള്ളി ആയിക്കഴിഞ്ഞാൽ അതിരൂപതയെ ഏൽപ്പിച്ച് മറ്റൊരു സ്ഥലത്തേക്ക് പോവുകയാണ്. എന്റെ ചെറുപ്പകാലത്ത് ഞാൻ

www.malankaralibrary.com



കൂടുതൽ പ്രവർത്തിച്ചത് ചെമ്പൂര് കേന്ദ്രമാക്കിയാണ്. കാട്ടാക്കടയ്ക്ക് അടുത്ത് 11 പള്ളികൾ ഒരുമിച്ചു നോക്കുന്ന ഒരു ചുമതല എന്നെ ഏൽപ്പിച്ചു. അതൊരു വലിയ അനുഗ്രഹമായിട്ടാണ് ഞാൻ കാണുന്നത്. അന്ന് ഞാൻ ഒറ്റയ്ക്ക് നോക്കിയിരുന്ന ഇടവകകളിൽ ഇന്ന് ധാരാളം വൈദീകർ ശുശ്രൂഷയ്ക്കായി ലഭ്യമായിട്ടുണ്ട്. ഏതാണ്ട് അഞ്ചോളം വൈദികർ ഈ 11 ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്നുണ്ട്. ഞാൻ കോളേജിൽ പഠിപ്പിച്ചു കൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് കാട്ടാക്കട അടുത്ത് ചെമ്പൂര് എന്ന സ്ഥലത്ത് ഫ്രാൻസിസ്കൻ ബ്രദേഴ്സ് പ്രവർത്തിച്ചുകൊണ്ടിരുന്നത്. അന്ന് അവർക്കൊപ്പം പോയി താമസിച്ച് ശനിയും ഞായറും ശുശ്രൂഷകൾ ചെയ്തിരുന്നു. ഏതാണ്ട് ആറു വർഷത്തോളം അവിടെ ഞാൻ പ്രവർത്തിച്ചു.

പിന്നീട് അവിടുന്ന് തിരുവനന്തപുരം മേജർ അതിരൂപതയുടെ ഭാഗമായിട്ടുള്ള കോളേജ് ഹോസ്റ്റലിൽ താമസിച്ചു. ഞാൻ അവിടെ നിന്ന് പള്ളികളിൽ പോകുമ്പോൾ കുട്ടികൾക്ക് വളരെ സന്തോഷമാണ്. രണ്ടു ദിവസത്തേക്ക് എന്റെ ശല്യമുണ്ടാവില്ലില്ലോ! പക്ഷേ എന്നെ സംബന്ധിച്ച് എനിക്ക് പോകാതെ ഇരിക്കാൻ സാധിക്കുകയില്ല എന്നെ ഏൽപ്പിച്ച ഈ ഒരു ദൗത്യം നിർവഹിക്കുക എന്നുള്ളതാണ് പ്രധാനം. ഇടവകളെ സംബന്ധിച്ചും മിഷനെ സംബന്ധിച്ചും പറയുമ്പോൾ, എല്ലാം പാവങ്ങളാണ്; അക്ഷരാർത്ഥത്തിൽ സാമ്പത്തികമായും ഭൗതികമായും. പലരും മറ്റു സഭകളിൽ നിന്ന് ചേർന്നവരുണ്ട്, ഹിന്ദുക്കളായിരുന്നവരുണ്ട്, മറ്റു കൂട്ടായ്മകളിൽ പെട്ടവരുണ്ട്. അവരെല്ലാം നമ്മുടെ ഈ പ്രവർത്തനങ്ങൾ കണ്ടുകൊണ്ട് അവിടെ ചേരുകയുണ്ടായി. എല്ലാവർഷവും അവിടെ ഒരു സുവിശേഷ സംഗമം നടത്തുമായിരുന്നു. എല്ലാവർഷവും പ്രശസ്തരായ സുവിശേഷ പ്രസംഗകരെ കൊണ്ടുവന്നിരുന്നു. എല്ലാ പള്ളികളിലും വാഹനങ്ങൾ ക്രമീകരിച്ച് ചെമ്പൂര് കേന്ദ്രമാക്കിയാണ് ഈ ശുശ്രൂഷ നടത്തിയിരുന്നത്. അതുപോലെ തന്നെ ഈ പറയുന്ന പള്ളികളിൽ ആഴ്ചയിൽ നാലു കുർബാന നടക്കും. ശനിയാഴ്ച ഒരു



കുർബാന നടക്കും. ഏതെങ്കിലും ഒരു പള്ളിയിൽ മാമോദീസ നടക്കുന്നുണ്ടെങ്കിൽ ആ പള്ളികളിലുള്ള എല്ലാവരും പോയി സന്ദർശനം നടത്തി മാമോദിസയും കുർബാനയും നടത്തിയിട്ട് തിരിച്ചു ചെമ്പൂര് വരുമായിരുന്നു. ചെമ്പൂര് ഞായറാഴ്ച മൂന്നു കുർബാനയും ചൊല്ലുമായിരുന്നു. അവിടുത്തെ ഒരു സാഹചര്യം വളരെ വ്യത്യസ്തമായിരുന്നു വിശ്വാസത്തിലേക്ക് വന്നു കഴിഞ്ഞപ്പോൾ അവർ അതിൽ ആഴപ്പെട്ടു. അവരെല്ലാം നല്ല വിശ്വാസമുള്ള ആളുകളായി മാറിക്കഴിഞ്ഞു എന്റെ സമയത്ത് തന്നെ ഏതാണ്ട് ആറോളം ദൈവവിളികൾ അവിടെ നിന്നുണ്ടായി. ഞാൻ മാമോദിസ മുക്കിയവർ വൈദികരായിട്ടുണ്ട്. ആത്മീയമായി അവരെ വളർത്തുന്നതിന് സാധിച്ചു. അതോടൊപ്പം തന്നെ എനിക്ക് മനസ്സിലാക്കാൻ സാധിച്ചത് അവിടെ പഠിക്കുന്ന കുട്ടികൾക്ക് ഒരിക്കലും വളർന്നുവരുവാൻ ഒരു അവസരം ഉണ്ടായിരുന്നില്ല, അവിടെ അടുത്ത് കോളേജ് ഒന്നുമില്ല. ഉള്ളത് കാട്ടാക്കട കോളേജ് ആണ്. അത് സി.എസ്.ഐ സഭയുടെ കോളേജ് ആണ് അവിടെ നിന്നും നമുക്ക് ഒരു അഡ്മിഷൻ പോലും കിട്ടുകയില്ല ഞാൻ കോളേജിൽ പഠിപ്പിച്ചു കൊണ്ട് ഇരുന്ന സമയമായതുകൊണ്ട് എനിക്ക് അവിടെ നിന്ന് പഠിക്കാൻ കഴിവുള്ള കുട്ടികളെ ഇവിടെ കൊണ്ടുവന്ന് പഠിപ്പിക്കുന്നതിനും അഡ്മിഷൻ വാങ്ങി കൊടുക്കുന്നതിനും സാധിച്ചു. കാട്ടാക്കട കോളേജിൽ ഞാൻ ഇപ്പോഴും ഓർക്കുന്ന കാര്യമുണ്ട്. സി.എസ്. ഐ സഭയിലെ

ഒരച്ചന്റെ മകനുവേണ്ടി മാർ ഇവാനിയോസ് കോളേജിൽ ഒരു അഡ്മിഷനു വേണ്ടി വന്നു. ഞാൻ വച്ച കണ്ടീഷൻ ഇതാണ്, ഞാൻ ഇവിടെ അഡ്മിഷൻ തരാം, എനിക്ക് അവിടെ ഒരു അഡ്മിഷൻ തരണം. അങ്ങനെ മിഷനിലെ ഒരു കുട്ടിയെ കോളേജിൽ ചേർക്കുകയും അച്ചന്റെ മകന് ഇവിടെ അഡ്മിഷൻ കൊടുക്കുകയും ചെയ്തു. അവൻ ഇന്ന് അമേരിക്കയിലെ ഒരു പൈലറ്റ് ആയി പ്രവർത്തിക്കുന്നു. മറ്റേയാൾ ഗവൺമെന്റ് സർവീസിലുമാണ്. ഇവിടെ പഠിപ്പിക്കാൻ കഴിയാത്തവരെ അവിടെ പഠിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അക്കൂട്ടത്തിൽ പ്രധാന അദ്ധ്യാപകരുൾപ്പെടെ ധാരാളം അദ്ധ്യാപകരുണ്ട്. അക്കൂട്ടത്തിൽ അനേകം ഗവൺമെന്റ് ജോലിക്കാരുമുണ്ട്. അവരെ പഠിപ്പിച്ചതു കൊണ്ട് ഉണ്ടായ ഒരു വലിയ നേട്ടം അതാണ്. എനിക്ക് വലിയ സംതൃപ്തി തോന്നിയ കാര്യം പഠിപ്പിക്കുന്നതാണ്. കഴിവുള്ളവരെ പഠിപ്പിക്കുന്നതിന് അവസരം ലഭിച്ചു, പഠിപ്പിച്ചു അവരെല്ലാം ഇന്ന് നല്ല നിലയിലും ആണ്. അതാണ് എന്റെ ഒരു മിഷൻ പ്രവർത്തനത്തിന്റെ ചുരുക്കം.

**4. മാർ ഇവാനിയോസ് കോളേജിന്റെ മുൻ പ്രിൻസിപ്പൽ, കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഇന്റർവ്യൂ ബോർഡ് അംഗം, കേരള യൂണിവേഴ്സിറ്റിയിലെ ഫ്രഞ്ച്, ലാറ്റിൻ ഭാഷകളുടെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, കേരള യൂണിവേഴ്സിറ്റിയിലെ അക്കാദമിക് കൗൺസിൽ അംഗം എന്നീ നിലകളിൽ പിതാവ് സേവനമനുഷ്ഠിച്ചിട്ടുണ്ടല്ലോ. ഈ വിദ്യാഭ്യാസശുശ്രൂഷകൾ അങ്ങേക്ക് സമ്മാനിച്ച അനുഭവ പാഠങ്ങൾ എന്തൊക്കെയാണ്?**

വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിച്ച ഒരോ അനുഭവങ്ങളും ഏറെ സന്തോഷത്തോടുകൂടി ഞാൻ ഓർക്കുന്നു. കേരള യൂണിവേഴ്സിറ്റിയിൽ ധാരാളം പ്രധാന ചുമതലകൾ വഹിക്കാൻ ദൈവകൃപയാൽ എനിക്ക് സാധിച്ചിട്ടുണ്ട്. മാർ ഇവാനിയോസ് കോളേജിൽ അധ്യാപകൻ, ഹോസ്റ്റൽ വാർഡൻ, കോളേജ് ബർസാർ, കോളേജ് പ്രിൻസിപ്പൽ എന്നീ നിലകളിൽ പ്രവർത്തിക്കുവാൻ എനിക്ക് സാധിച്ചു. ബഥനി കുന്നിൽ തലയെടുപ്പോടെ നിൽക്കുന്ന മാർ



ഇവാനിയോസ് കോളേജിന്റെ ചരിത്രവും ചുറ്റുപാടുകളും എനിക്ക് ഏറെ സുപരിചിതമായതുകൊണ്ടുതന്നെ കോളേജിൽ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ എനിക്ക് അനുഗ്രഹം ലഭിച്ചു. കലാലയ ജീവിതത്തിൽ രാഷ്ട്രീയ അതിപ്രസരം ഉണ്ടായിരുന്ന കാലഘട്ടത്തിലും അധ്യാപകരോട് ചേർന്ന് നിന്നുകൊണ്ട് ദൈവ നിയോഗത്താൽ കലാലയത്തെ മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ച നിമിഷങ്ങളെ എല്ലാം ഏറെ കൃതജ്ഞതയോടുകൂടി ഞാൻ ഓർക്കുന്നു. കോളേജിനെ അതിന്റെ ശൈശവ രൂപത്തിൽ നിന്നും ഉയർത്തി നിരവധി മാറ്റങ്ങൾ കൊണ്ടുവരുവാനും നൂതന സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തുവാനും ബലഹീനമായ എന്റെ കരങ്ങൾക്ക് ദൈവം ശക്തി പകർന്നു.

മാർ ഇവാനിയോസ് കോളേജിൽ നിരവധി ഡിപ്പാർട്ട്മെന്റുകൾ പണിയുവാനും വിപുലീകരിക്കുവാനും സാധിച്ചു. കോളേജിൽ ക്രിക്കറ്റ് ടീം, വനിതാ ബാസ്ക്കറ്റ്ബോൾ ടീം, എന്നിവയ്ക്ക് തുടക്കം കുറിച്ചു. ആ കാലയളവിൽ കോളേജ് കലോത്സവത്തിൽ വിദ്യാർത്ഥികൾ മികച്ച പ്രകടനങ്ങൾ കാഴ്ചവെക്കുകയും കോളേജിനെ മുൻപന്തിയിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്. ആ നല്ല ഓർമ്മകൾ എന്നും എന്റെ മനസ്സിൽ തങ്ങിനിൽക്കുന്നു.

www.malankaralibrary.com



**5. തിരുവനന്തപുരം മേജർ അതിഭദ്രാസന ത്തിൽ സഹായമെത്രാനായി ശുശ്രൂഷ ചെയ്ത അനുഭവങ്ങൾ, പ്രത്യേകിച്ച് പരിശുദ്ധ ബാവാ തിരുമേനിയോട് ചേർന്ന് പ്രവർത്തിച്ച നാളു കളെ ഒന്ന് ഓർത്തെടുക്കാമോ?**

1973 ലാണ് ഞാൻ ഒരു വൈദിക വിദ്യാർത്ഥിയായി തിരുവനന്തപുരത്ത് എത്തു ന്നത്. 1990 മുതൽ ഇന്നുവരെയും ഈ തിരുവനന്ത പുരത്തെ ഒരാളായിത്തന്നെയാണ് ഞാൻ ഇവിടെ ജീവിക്കുന്നത്.



അഭിവന്ദ്യനായ ബാവാ തിരുമേനിയോടൊപ്പ മുള്ള ജീവിതം ഒത്തിരി ഏറെ നല്ല അനുഭവ ങ്ങളും നല്ല പാഠങ്ങളും എനിക്ക് സമ്മാനിച്ചിട്ടുണ്ട്. അദ്ദേഹത്തിനൊപ്പം ഉണ്ടായിരുന്ന കാലയളവിൽ നിരവധി പാഠങ്ങൾ എനിക്ക് പഠിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.



നന്മയുള്ള മനുഷ്യനായി, ഒത്തിരിയേറെ വ്യത്യസ്തമായ ജീവിതാനുഭവങ്ങൾ ഉള്ള വ്യക്തിയായിട്ടാണ് എനിക്ക് എപ്പോഴും ബാവാ തിരുമേനിയെ അനുഭവപ്പെട്ടിട്ടുള്ളത്. ചില പ്രത്യേക സവിശേഷതകൾ ബാവാ തിരുമേനി യിൽ ഞാൻ കണ്ടിട്ടുണ്ട്;

എല്ലാവരെയും കരുതുന്ന ഒരു പിതാവ്. പലപ്പോഴും വഴക്ക് പറയേണ്ടി വരുമ്പോഴും ശാസിക്കേണ്ടി വരുമ്പോഴും 'പുകഞ്ഞ കൊള്ളി പുറത്ത്' എന്നൊക്കെ നമ്മൾ പറയാറുള്ളത് പോലെ, ഒരിക്കലും ബാവാ തിരുമേനി ആരെയും തള്ളിക്കളഞ്ഞതായിട്ട് എനിക്ക് കാണു വാനായിട്ടില്ല.

കൂടുതൽ വഴക്ക് പറയുമ്പോഴും അതിനേ ക്കാൾ ഉപരിയായി പിതാവ് അവരെ ചേർത്തു നിർത്തുന്നത് പിതാവിന്റെ മാത്രം ഒരു സവിശേ ഷതയാണ്.





ഒരു അപ്പന്റെ ഭാവം പലപ്പോഴും പിതാവിൽ ഞാൻ കണ്ടിട്ടുണ്ട്. അത് വഴക്ക് പറയുമ്പോഴും ഉള്ളിന്റെ ഉള്ളിൽ ഒരു പിതൃവാത്സല്യം, അപ്പൻ അല്ലെങ്കിൽ പിന്നെ ആരാണ് മക്കളെ ശാസിക്കുന്നത്?

വളരെ അനുഗ്രഹീതനായ ഒരു നല്ല അഡ്മിനിസ്ട്രേറ്ററാണ് ബാവാ തിരുമേനി.

പലപ്പോഴും എന്നെ അത്ഭുതപ്പെടുത്തിയിട്ടുള്ള ഒരു കാര്യം പല പ്രതിസന്ധികളിലും പല പ്രശ്നങ്ങളിലും പിതാവ് എടുക്കുന്ന തീരുമാനങ്ങൾ, അത് നമ്മൾ ആരും തന്നെ ചിന്തിക്കാത്ത തലത്തിലായിരിക്കും. അല്ലെങ്കിൽ നമ്മൾ ആരും പ്രതീക്ഷിക്കാത്ത ഒരു മാർഗ്ഗനിർദ്ദേശമായിരിക്കും അദ്ദേഹം പലപ്പോഴും മുന്നോട്ടുവയ്ക്കാറുള്ളത്.

അതൊക്കെയും എനിക്ക് പകർന്നു തന്നിട്ടുള്ള വലിയൊരു ചിന്ത എന്ന് പറയുന്നത് പിതാവിന്റെ ഏതൊരു പ്രവർത്തനവും, ഏതൊരു വാക്കും, ഏതൊരു നോട്ടവും പരിശുദ്ധാത്മാവിന്റെ നടത്തിപ്പാണ് എന്നുള്ളതാണ്.

ഒരുപക്ഷേ അഭിവന്ദ്യ പിതാവ് കാതോലിക്കാ ബാവയായതുകൊണ്ടുതന്നെ ഒത്തിരിയേറെ





നന്മകൾ നമ്മുടെ സഭയ്ക്ക് സമൂഹത്തിനും ഉണ്ടായിട്ടുണ്ട്. എന്റെ വ്യക്തിപരമായ ജീവിതാനുഭവത്തിൽ, ഞാൻ പിതാവിന്റെ ഒരു നിഴലായിട്ടാണ് എപ്പോഴും പ്രവർത്തിച്ചിട്ടുള്ളത്. യോജിച്ചു നിൽക്കേണ്ട കാര്യങ്ങളിൽ എല്ലാം ഞാൻ പിതാവിനോട് ചേർന്ന് നിന്നിട്ടുണ്ട്.

പിതാവിനോട് ഒന്ന് പറയുകയും അപ്പുറത്ത് മാറിനിന്ന് മറ്റൊന്ന് സംസാരിക്കുകയും ചെയ്യുന്ന ഒരു ശൈലി ഒരിക്കലും എന്റെ ജീവിതത്തിൽ ഉണ്ടായിട്ടില്ല.

'Qumra Episcopa' എന്നൊരു പദം നമുക്കൊക്കെ സുപരിചിതമാണ് അതായത് നിഴലായി പ്രവർത്തിക്കുക.

സത്യത്തിൽ അതുതന്നെയായിരുന്നു എന്റെ ജീവിതം

**6. മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ യുവജന കമ്മീഷൻ ചെയർമാനായി അങ്ങ് സ്തുത്യർഹമാം വിധം ശുശ്രൂഷ ചെയ്തു വരികയാണല്ലോ. അഭിവന്ദ്യ പിതാവേ, നമ്മുടെ യുവജനങ്ങളെ സഭാത്മക ജീവിതത്തിൽ ശക്തിപ്പെടുത്തുന്നതിനും അവരുടെ ആത്മീയ വളർച്ച പരിപോഷിപ്പിക്കുന്നതിനും എന്തൊക്കെ ദർശനങ്ങൾ ആണ് അങ്ങേക്കുള്ളത്? നമ്മുടെ യുവജനങ്ങൾ ഇന്ന് നേരിടുന്ന വെല്ലുവിളികളെ, ഒരു ബിഷപ്പ് അതിലുപരി യുവജന കമ്മീഷൻ ചെയർമാൻ എന്ന**

www.malankaralibrary.com



**നിലയിൽ അങ്ങ് എപ്രകാരം അവർക്ക് മാർഗ്ഗ നിർദ്ദേശവും പിന്തുണയും ആത്മീയ ദിശാ ബോധവും നൽകും?**

ഏറെ സങ്കീർണമായ ചോദ്യമാണിത്. ഈയൊരു കാലഘട്ടത്തിൽ മലങ്കര യുവജന തയെ നയിക്കുക എന്നത് ദൈവനിയോഗമായി ഞാൻ കണക്കാക്കുന്നു. ഇന്ന് യുവജനങ്ങൾ നേരിടുന്ന ഒട്ടനവധി പ്രശ്നങ്ങൾ അനുദിനം നാം കാണുന്നുണ്ട്. സഭ അതിനെയൊക്കെ അഭിസം ബോധന ചെയ്യാൻ നിരന്തരം ശ്രമിക്കുന്നുണ്ട്. എന്നാൽ അതിനൊക്കെ ഒരു പരിമിതിയുണ്ട്. സമൂഹവും ഭരണകർത്താക്കളുംയുവജനങ്ങളുടെ പ്രശ്നങ്ങളെ കൂടുതൽ ഗൗരവമായി കാണേ ണ്ടതുണ്ട്, അവയ്ക്ക് തക്ക പരിഹാരവും നിർദ്ദേശിക്കേണ്ടതുണ്ട്. മികച്ച ജോലിയും മറ്റ് ജീവിത സാഹചര്യങ്ങൾക്കും വേണ്ടി കുടിയേറി പോകുന്ന യുവത്വം ഇന്ന് ഏറെയാണ്. മാതാ പിതാക്കൾ കഠിനാധ്വാനം ചെയ്ത് എല്ലാ സുഖസൗകര്യങ്ങളും ഒരുക്കി ജീവിച്ച് വളർന്ന കുഞ്ഞുങ്ങൾ ഇന്ന്, നമ്മുടെ നാട്ടിലെ ചെറിയ പരിമിതികൾക്ക് മുൻപിൽ പരാജയപ്പെടുകയും, അതിവേഗം മറ്റു രാജ്യങ്ങളിലേക്ക് പറന്നകലു കയും ചെയ്യുന്നു. മറ്റൊരു രാജ്യത്ത് നമ്മുടെ സഭ വളരുന്നു, എന്നാൽ ഈ രാജ്യത്ത് ഊർജ്ജസ്വ ലമായി പ്രവർത്തിക്കാനുള്ള കുഞ്ഞുങ്ങളെ നമുക്ക് നഷ്ടമാകുന്നുണ്ട്.

സഭാത്മകമായ ഒരു മന്ദത കോവിഡിന് ശേഷം നമ്മുടെ യുവജനങ്ങളിൽ കാണാൻ സാധിക്കുന്നുണ്ട്. വിശ്വാസത്തിൽ നിന്നും സഭാ ത്മക ജീവിതത്തിൽ നിന്നും അവർ അതിവേഗം പുറകിലോട്ട് പോകുന്നു. വിശുദ്ധ കുർബാന യ്ക്കും വേദപാഠത്തിനും പോയില്ലെങ്കിലും യാതൊരു കുഴപ്പമില്ല എന്ന് വിചാരിക്കുന്ന ഒരു പുതിയ തലമുറ. വെല്ലുവിളികൾ ഏറെ നിറഞ്ഞ ഈ കാലഘട്ടത്തിൽ സഭയൊന്നാകെ യുവജന ങ്ങളെ താങ്ങുവാനും കൂദാശകളിലും വിശുദ്ധ കുർബാനയിലും ദൈവ വചനത്തിലും അടിയു റച്ചു അവരെ വളർത്തുവാനും പ്രത്യേകം ശ്രദ്ധി ക്കേണ്ടതുണ്ട്. ഈയൊരു വർഷക്കാലം വിചിന്ത നത്തിനായി സഭ യുവജനങ്ങൾക്ക് നൽകിയി



ട്ടുള്ളത് 'യുവജനങ്ങൾ: ദൈവവചനത്തിൽ വസിക്കുക' എന്നതാണ്. ദൈവവചനത്തിൽ വേരൂന്നി സഭയ്ക്കും സമൂഹത്തിനും ഉതകുന്ന മക്കളായി നമ്മുടെ യുവജനങ്ങളെ നമ്മൾ വളർത്തണം. അതിന് സഭ ഒന്നാകെ കൂട്ടായി പ്രവർത്തിക്കേണ്ടതുണ്ട്.

യുവതലമുറയെ സഭയുടെ മുൻപന്തിയിൽ കൊണ്ടുവരുവാനും അവരിലൂടെ നാളത്തെ സഭയെ പണിതുയർത്തുവാനും നാം അവരെ പ്രാപ്തരാക്കണം. നമ്മുടെ മാതാപിതാ ക്കളിൽ നിന്ന് നമുക്ക് പകർന്നു കിട്ടിയ വിശ്വാസം വരും തലമുറകളിലേക്കും പകർന്നു നൽകേണ്ട തായിട്ടുണ്ട്. അപ്രകാരം വിശ്വാസത്തിൽ അടി യുറച്ച്, പ്രതിസന്ധികളിലും പ്രയാസങ്ങളിലും നഷ്ടധൈര്യരാകാതെ ദൈവത്തിൽ കൂടുതൽ ആശ്രയിച്ച് മുന്നോട്ടു പോകുവാൻ തക്കവിധം യുവതലമുറയെ നമ്മൾ ബോധ്യപ്പെടുത്തേണ്ടത് അനിവാര്യമാണ്.

**7. പ്രതിസന്ധികളും ആകുലതകളും അങ്ങയുടെ ഇത്രയും നാളുകളായുള്ള പ്രവർത്തന മേഖല കളിൽ അഭിമുഖീകരിക്കേണ്ടി വന്നിരിക്കാം. പലപ്പോഴും വീണുപോയേക്കാം എന്ന് തോന്നിയ സന്ദർഭങ്ങളിൽ അങ്ങയെ കരംപിടിച്ചുയർത്തിയ ദൈവീക അനുഭവങ്ങൾ പങ്കു വയ്ക്കാമോ?**


മനുഷ്യനാകുമ്പോൾ വിജയങ്ങളും പരാജ യങ്ങളും ഉണ്ടാകാം. ഇവ രണ്ടും ദൈവത്തിൽ നിന്നും വരുന്നവയാണ്. നമ്മൾ അതിനെ എങ്ങനെ മനോധൈര്യത്തോടെ നേരിടുന്നു എന്നതാണ് പ്രധാനപ്പെട്ടത്. ജീവിതത്തിൽ പലപ്പോഴും പരാജയപ്പെട്ടിട്ടുണ്ട്, അപ്പോഴെല്ലാം സഹായിക്കുവാനും തെറ്റുകളും ശരികളും പറഞ്ഞുതരുന്നതിനും നല്ല കുറെ മനുഷ്യർ ഒപ്പം ഉണ്ടായിരുന്നു. അത് തന്നെയാണ് ജീവിതത്തിൽ മുന്നോട്ടു പോകാൻ സഹായിച്ചതും. ജീവിതം ഒരു നേരായ പാതയാണ്. നേരായ പാതയിലൂടെ അല്ല നാം പോകുന്നതെങ്കിൽ പല പ്രശ്നങ്ങളും, വീഴ്ച്ചകളും നമ്മുടെ ജീവിതത്തിൽ ഉണ്ടാകാം. ഒരു സ്ഥലത്തേക്ക് പോകുമ്പോൾ അവിടേക്ക് പോകാനുള്ള കുറുക്കു വഴികളിലൂടെയല്ല പോകേണ്ടത് പകരം നേരായ വഴി തിരഞ്ഞെ ടുക്കണം. ദൈവം എന്നെ വിളിച്ച പാതയിലൂ ടെയാണ് ഇതുവരെയും സഞ്ചരിച്ചത് .പരിശുദ്ധ കുർബാനയും, ജപമാലയും എപ്പോഴും എന്റെ ജീവിതത്തിൽ വലിയൊരു അനുഭവം തന്നെ യാണ്. ഇതുവരെയും മനപ്പൂർവ്വം ഞാൻ പരിശുദ്ധ കുർബാന മുടക്കം വരുത്തിയിട്ടില്ല പ്രത്യേകിച്ചും ഞായറാഴ്ചകളിൽ. വികാരി ജനറാലായിരിക്കുന്ന ഈ അവസരങ്ങളിൽ പോലും, ഞാൻ പോയിട്ടില്ലാത്ത ഒരു ഇടവകയിൽ അവിടുത്തെ വികാരിയച്ചനോട് പറഞ്ഞു കുർബാന ചൊല്ലും. ഞായറാഴ്ചകളിൽ ഒരു ഇട വകയിൽ അല്ലെങ്കിൽ ഒരു സമൂഹത്തിൽ കുർ ബാന ചൊല്ലാതിരിക്കുവാൻ എനിക്ക് സാധിക്കില്ല. എല്ലാ ഞായറാഴ്ചകളിലും വേദപുസ്തക വായനയ്ക്കുശേഷം അത് വ്യാഖ്യാനിക്കുകയും വേണം. "Breaking the bread and breaking the Word of God" ഇതുരണ്ടും ഒരുമിച്ചു പോകേണ്ടതാണ് ഞായറാഴ്ച കുർബാനകളിൽ.



മലങ്കര സഭയിൽ ആർക്കും ലഭിക്കാത്ത ഭാഗ്യം എനിക്ക് ഉണ്ടായി . ഫ്രാൻസിലെ ലൂർദ് പള്ളിയിൽ ഒരു മാസത്തോളം ശുശ്രൂഷ ചെയ്യുവാനുള്ള അവസരം എനിക്ക് ഉണ്ടായി. വിവിധ ഭാഷകളിലുള്ള ആൾക്കാർ വരുന്ന സ്ഥലമായിരുന്നു ലൂർദ്. അവിടെ എന്നും വൈകിട്ടുള്ള വൈദികരുടെ നേതൃത്വത്തിൽ ജപമാലപ്രദക്ഷിണം ഉണ്ടായിരുന്നു. പല ഭാഷകളിൽ ആയിരുന്നു ചൊല്ലിയിരുന്നത്. പല ദിവസങ്ങളിലും ജപമാലകളിൽ നേതൃത്വം നൽകുന്നതിന് എനിക്ക് സാധിച്ചു. മലയാളികൾ പങ്കെടുക്കുന്ന അവസരങ്ങളിൽ ഒരു ദിവ്യ രഹസ്യം മലയാളത്തിലും ഞാൻ ചെല്ലുമായി രുന്നു . ലൂർദ്ദിൽ നിന്ന് എനിക്ക് ലഭിച്ച ഈ അനുഭവങ്ങളാണ് ഇപ്പോഴും ജപമാല ചൊല്ലു ന്നതിനും പരിശുദ്ധ അമ്മയോടുള്ള ഭക്തിയിൽ ഏറ്റവും കൂടുതൽ വളർന്നുവരുന്നതിനും

www.malankaralibrary.com





കാരണമായത്. എന്റെ ജീവിതത്തിന്റെ പ്രതി സന്ധി ഘട്ടങ്ങളിലും എനിക്ക് സഹായം ആയത് ജപമാലയും അതുപോലെ ലൂർദ് മാതാവിനോട് ഉള്ള ഭക്തിയും വിശ്വാസവും ആണ്.

**8. 2021 ൽ അഭിവന്ദ്യ പിതാവിന്റെ തൂലികയിലൂടെ പിറന്ന' Facets of love' എന്ന പുസ്തകത്തിലൂടെ പിതാവ് ഇപ്രകാരം കുറിച്ചു വച്ചത് ഓർക്കുന്നു, 'സ്നേഹത്തിന് വ്യത്യസ്ത മുഖങ്ങളാണ്, അതിന് അതിരുകളോ അതിർവരമ്പുകളോ ഇല്ല.' അങ്ങയുടെ ജീവിതത്തിലൂടെ പ്രവർത്തനങ്ങളിലൂടെ അങ്ങ് എപ്രകാരമായിരിക്കും സ്നേഹത്തെ നിർവചിക്കുന്നത് ?**

'Facets of love' എന്ന എന്റെ പുസ്തകത്തിൽ സ്നേഹത്തിന് അതിർവരമ്പുകൾ ഇല്ല എന്ന യാഥാർത്ഥ്യം ചൂണ്ടിക്കാട്ടുന്നു .സ്നേഹം എന്നത് പരിമിതികൾ ഇല്ലാത്ത ഒന്നാണ്. ഹൃദയത്തിന്റെ ഒരു ഭാഗമാണ് സ്നേഹം. എല്ലാവരെയും സ്നേഹിക്കാൻ ഹൃദയമാണ് നമ്മളെ സ്വാധീനിക്കുന്നത്. ബൗദ്ധികമായ ചിന്തകളിൽ നിന്നും ഒഴിഞ്ഞുള്ള ഹൃദയത്തിന്റെ ഭാവമാണ് വളരേണ്ടത്. ഈ കാലഘട്ടത്തിലെ Artificial Intelligence ഹൃദയത്തിന്റെ ഭാവത്തെ നശിപ്പിക്കുന്നവയാണ്.

സമൂഹത്തിൽ നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബോധമില്ലാതെ തീർത്തും സ്നേഹത്തെ മറന്നു കൊണ്ടുള്ള ജീവിതയാത്രയാണ് നമുക്ക് ചുറ്റും നടന്നുകൊണ്ടിരിക്കുന്നത്. അതിനാണ് മാറ്റം വരേണ്ടത്.



www.malankaralibrary.com





റവ. ഫാ. ജോസഫ് പുളിമൂട്ടിൽ

# ദൈവനിയോഗത്തിന്റെ സുകൃത വഴികൾ

**അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പസ് മെത്രാപ്പോലീത്തായുടെ ജീവിതരേഖ**

മാവേലിക്കര ഭദ്രാസനത്തിന്റെ അമരക്കാരനായി ശുശ്രൂഷ ഏറ്റെടുക്കുന്ന അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പസ് മെത്രാപ്പോലീത്തായുടെ ജീവിത വഴികളിൽ എന്നും നിറഞ്ഞു നിന്നിരുന്നത് ദീപ്തമായ ഒരു ദൈവനിയോഗത്തിന്റെ മനോഹാരിതയാണ് എന്ന് അദ്ദേഹത്തിന്റെ പിന്നിട്ട ജീവിത വഴികളിലൂടെ കാലം നമ്മെ ഓർമ്മപ്പെടുത്തുന്നു. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സഹായമെത്രാനായി ശുശ്രൂഷ നിർവ്വഹിച്ച് മാവേലിക്കര ഭദ്രാസനത്തിന്റെ അമരക്കാരനായി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവയുടെ തൃക്കയ്യാൽ അദ്ദേഹം 2025 ജ്യൂൺ 29 ന് ശുശ്രൂഷ ആരംഭിക്കുമ്പോൾ കൊല്ലം ജില്ലയുടെ സാംസ്കാരികത സമ്പന്നതയുടെ ചരിത്ര വഴികളിൽ ഇനിയുള്ള പിതാവിന്റെ കർമ്മവീഥികൾ ഏറെ പ്രാധാന്യമർഹിക്കുന്നു.



www.malankaralibrary.com

### ജനനവും ബാല്യവും

മലയാള മാസങ്ങളിൽ ചിട്ടപ്പെടുത്തിയ കലണ്ടർ പിറന്ന നാടാണ് കൊല്ലം. അങ്ങനെ ആ നാടിന്റെ പേരിൽ ഒരു വർഷം ഉണ്ടായി- കൊല്ല വർഷം. ഏറെ സമ്പന്നമായ സാമൂഹിക സാംസ്കാരിക ചരിത്രത്തിൽ അഭിമാനം കൊള്ളുന്ന കൊല്ലം ജില്ലയിലെ പുത്തൂരിൽ മനക്കരക്കാവിൽ ഗീവർഗീസിന്റെയും കുഞ്ഞമ്മ ഗീവർഗീസിന്റെയും ആറു മക്കളിൽ ഇളയവനായി സഭാ ചരിത്രത്തിന്റെ പ്രയാണത്തിൽ ഭാവിയിലേക്ക് ദൈവം കാത്തുസൂക്ഷിച്ച നിയോഗവും പേറി 1955 നവംബർ 10 ന് അദ്ദേഹം ജനിച്ചു. ഭക്തിയിലും സഹജീവികളോടുള്ള കരുണയിലും വിളങ്ങി നിന്ന ബാല്യകാലം. അപ്പന്റെയും അമ്മയുടെയും കരങ്ങൾ പിടിച്ച് തൊട്ടടുത്തുള്ള പുത്തൂർ സെൻറ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകപ്പള്ളിയിലേക്ക് വി.കുർബാനയ്ക്കും പ്രാർത്ഥനാശുശ്രൂഷകൾക്കും നടന്നുനീങ്ങിയ ബാല്യകാലത്തിന്റെ യാത്രകൾ ദൈവവിളിയിലേക്കുള്ള നടന്നടുക്കലായിരുന്നു. വെണ്ടാർ എൻ.എസ്.എസ്.എൽ.പി. സ്കൂളിലും പുത്തൂർ ലിറ്റിൽ ഫ്ളവർ യു.പി. സ്കൂളിലും പുത്തൂർ ഗവൺമെൻറ് ഹൈസ്കൂളിലും വിദ്യാഭ്യാസം നേടി അറിവിന്റെ വഴികളിൽ പഠന മികവു കൊണ്ടും അറിവിനുവേണ്ടിയുള്ള ദാഹം കൊണ്ടും അധ്യാപക മനസ്സുകളിൽ ബാല്യകാലത്തിൽ തന്നെ ഇടം പിടിച്ചു.

### ദൈവ വിളിയും സെമിനാരി പരിശീലനവും

സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം മേജർ അതിഭദ്രാസനത്തിന്റെ സെൻറ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്നു, തികഞ്ഞ ഭക്തിയിലും പ്രാർത്ഥനയിലും ജീവിതം ചിട്ടപ്പെടുത്തി. അറിവുകൊണ്ടും കളിക്കളത്തിലെ കായിക മികവുകൊണ്ടും ഗായക സംഘത്തിലെ ശബ്ദ മാധുര്യം കൊണ്ടും സെമിനാരിയിൽ ചേർന്ന ആദ്യനാളുകളിൽ തന്നെ എല്ലാവരുടെയും ശ്രദ്ധയ്ക്ക് പാത്രമായ് മാറി. 1979-ൽ കോട്ടയം വടവാതൂർ സെൻറ് അപ്പസ്തോലിക സെമിനാരിയിൽ വൈദിക പരിശീലനത്തിന്റെ തുടർ പഠനത്തിലേക്ക് പ്രവേശിച്ചു. വൈദിക പരിശീലന കാലഘട്ടങ്ങളിലെല്ലാം അറിവിലും കലാകായിക മേഖലയിലും ശ്രദ്ധേയനായി. ശുഭാപ്തി വിശ്വാസവും ചിട്ടയായ ജീവിത ക്രമീകരണവും കഠിനാദ്ധ്വാനവും അറിവിലും കായികതയുടെ കളിക്കളത്തിലും അദ്ദേഹത്തെ അജയ്യനാക്കി. 1979 -83 കാലഘട്ടത്തിൽ ഫിലോസഫിയിലും തിയോളജിയിലും ഉന്നതമായ നിലയിൽ ബിരുദം നേടി. 1983 ഡിസംബർ 18 ന് ആർച്ച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും



വൈദിക പട്ടം സ്വീകരിച്ചു. പ്രകാശത്തിന്റെ ഉത്സവവുമായി എത്തുന്ന ക്രിസ്മസിന്റെ ഡിസംബർ മാസം അങ്ങനെ വലിയൊരു ദൈവ നിയോഗത്തിന്റെ പൂർത്തീകരണത്തിന് സാക്ഷ്യം വഹിച്ചു. അനേകരുടെ ജീവിത വഴികളിൽ നക്ഷത്ര വെളിച്ചമാകാൻ മാത്യൂസ് മനക്കരക്കാവിൽ എന്ന ശെമ്മാശൻ പൗരോഹിത്യത്തിന്റെ ദിവ്യ വെളിച്ചം സ്വീകരിച്ച് പുരോഹിതനായി.

### അറിവിന്റെ വഴികൾ

സമർപ്പണ മനോഭാവത്തിലൂടെ നേടിയെടുത്ത അറിവിന്റെ വെളിച്ചം വാക്കുകളെയും ചിന്താധാരകളെയും പ്രവർത്തിപഥങ്ങളെയും കൂടുതൽ ആഗ്നേയമാക്കി. ചെന്നൈയിലെ ലയോള കോളേജിൽ നിന്നും ചരിത്ര പഠനത്തിൽ



www.malankaralibrary.com

ബിരുദവും (1988) ഫ്രഞ്ച് സാഹിത്യത്തിൽ മാസ്റ്റർ ബിരുദവും (1990) മധുര കാമരാജ് യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദാനന്തര ഡിപ്ലോമയും (DLCF,1999) തിരുനൽവേലിയിലെ എം.എസ്. യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റും (2010) കരസ്ഥമാക്കി. അറിവിന്റെ വഴികളിലൂടെയുള്ള ഈ യാത്രയിൽ പുതിയ ദർശനങ്ങളും ബോധ്യങ്ങളും സ്വായത്തമാക്കി തന്റെ കർമ്മവീഥികളെ അദ്ദേഹം കൂടുതൽ പ്രോജ്ജ്വലമാക്കി.

### മാർ ഇവാനിയോസ് കോളേജിന്റെ അമരക്കാരൻ

തിരുവനന്തപുരം നഗരത്തിൽ അറിവിന്റെ മുഖശ്രീയായി വിളങ്ങി നിൽക്കുന്ന മാർ ഇവാനിയോസ് കോളേജിലെ അധ്യാപകനായും ബർസാറായും സെന്റ് തോമസ് ഹോസ്റ്റൽ വാർഡനായും സേവനം അനുഷ്ഠിച്ചു. തുടർന്ന് മാർ ഇവാനിയോസ് കോളേജിന്റെ പ്രിൻസിപ്പാൾ (2007 -11) ആയി ചുമതലയേറ്റെടുത്ത് കോളേജിന്റെ അമരക്കാരനായി മാറിയപ്പോൾ സമർപ്പണ മനോഭാവത്തോടെ ആർജ്ജിച്ചെടുത്ത അറിവിന്റെ വഴിയിലെ കിരീട ധാരണമായി അത് ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടു. മാർ ഇവാനിയോസ് കോളേജിന്റെ പ്രിൻസിപ്പാൾ ആയിരുന്ന കാലഘട്ടത്തിലുടനീളം മാർ ഇവാനിയോസ് കോളേജിനെ അറിവിന്റെയും കലയുടെയും മേഖലകളിൽ വിജയങ്ങളുടെയും നേട്ടങ്ങളുടെയും ഔന്നത്യത്തിലേക്ക് കൈപിടിച്ചു നടത്തി. 2010 -ൽ മികച്ച വിദ്യാഭ്യാസ പ്രവർത്തകനുള്ള റോട്ടറി ഇന്റർനാഷണൽ അവാർഡ് അദ്ദേഹത്തെ തേടിയെത്തിയത് അദ്ദേഹത്തിന്റെ അറിവിന്റെ കിരീടത്തിലെ മനോഹാരിത പകരുന്ന പൊൻതൂവലായി മാറി.

### ചരിത്രം സൃഷ്ടിച്ച കർമ്മ വീഥികൾ

മാർ ഇവാനിയോസ് കോളേജിന്റെ അധ്യാപകനായും ബർസാറായും പ്രിൻസിപ്പാൾ ആയും ശുശ്രൂഷ നിർവ്വഹിക്കുമ്പോൾത്തന്നെ യു.ജി.സി. നടപ്പിലാക്കിയ പതിനൊന്നാം പദ്ധതിയുടെ സൗത്ത് വെസ്റ്റേൺ റീജിയന്റെ കൺവീനറായും കേരള യൂണിവേഴ്സിറ്റിയുടെ ഫ്രഞ്ച്, ലാറ്റിൻ തുടങ്ങിയ ഭാഷാവിഭാഗങ്ങളുടെ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാനായും പ്രവർത്തിച്ചു. കൂടാതെ ആൾ ഇന്ത്യാ ഫ്രഞ്ച് അസോസിയേൻ, കേരള പബ്ലിക് സർവീസ് കമ്മിഷൻ ഇന്റർവ്യൂ ബോർഡ്, കേരള ഹയർ എഡ്യൂക്കേഷൻ എക്സിക്യൂട്ടീവ് കൗൺസിൽ, സ്റ്റേറ്റ് കരിക്കുലം കമ്മറ്റി (SCERT), ഇൻഡോ കനേഡിയൻ അസോസിയേഷൻ എന്നിങ്ങനെ വ്യത്യസ്തത മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച് തന്റേതായ ഭാഗഭാഗിത്വം നിർവ്വഹിച്ചു.

### കർമ്മനിരതനായ മിഷനറി

അക്ഷരങ്ങളുടയും അറിവുകളുടെയും ഔന്നത്യത്തിൽവിരാജിക്കുമ്പോഴുംആത്മാർപ്പണത്തോടെ നിർവ്വഹിച്ച അജപാലന ശുശ്രൂഷ അദ്ദേഹത്തിന്റെ കർമ്മവീഥിയിൽ അത്ഭുതങ്ങൾ സൃഷ്ടിച്ചു. 1983 മുതൽ 2013 വരെയുള്ള കാലയളവിൽ അവിഭക്ത തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ മുപ്പത്തി അഞ്ചോളം ഇടവക മിഷൻ കേന്ദ്രങ്ങളിൽ അദ്ദേഹം ശുശ്രൂഷ നിർവ്വഹിച്ചു. ദൈവത്തിന്റെ കരം പിടിച്ചുള്ള പൗരോഹിത്യ ജീവിത യാത്രയിൽ അദ്ദേഹം ദൈവജനത്തിന്റെ കരങ്ങൾ മുറുകെപിടിച്ചു. താൻ ശുശ്രൂഷ ചെയ്ത ഇടങ്ങളിലെ ദൈവമക്കളെ ജാതിമതഭേദമന്യ അറിവിലേക്കും സാമ്പത്തികമായ ഉയർച്ചയിലേക്കും കൈപിടിച്ചുയർത്തി. പൗരോഹിത്യ രജത ജൂബിലിയുടെ ഭാഗമായി തിരുവനന്തപുരത്തെ കല്ലടിച്ചവിളയിലെ ദൈവജനത്തിന് പുതിയ ഒരു ദൈവാലയം നിർമ്മിച്ചു നൽകി. മിഷൻ ഇടവകകളിലെയും പരിസര പ്രദേശങ്ങളിലെയും കുഞ്ഞുങ്ങൾക്ക് അറിവിന്റെ വെളിച്ചം പകർന്നു കൊടുക്കുവാൻ ശാസ്തവട്ടം ഇടവകയോട് ചേർന്ന് ലിറ്റിൽ ഫ്ളവർ സ്കൂൾ അദ്ദേഹം സ്ഥാപിച്ചു. അദ്ദേഹം ശുശ്രൂഷ ചെയ്ത ഇടവകകളുടെ മാത്രമല്ല ആ ദേശത്തിന്റെ മുഴുവൻ ഇടയനായ് തീർന്നു എന്നതാണ് അദ്ദേഹത്തിന്റെ പൗരോഹിത്യ ജീവിതത്തിന്റെ പുണ്യം.

### കർമ്മവീഥിയിൽ ഇനിയും മുന്നോട്ട്...

2022 ജൂലൈ 15- ന് തിരുവനന്തപുരം മേജർ

www.malankaralibrary.com





അതിഭദ്രാസനത്തിന്റെ സഹായമെത്രാനായി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ളിമിസ് കാതോലിക്കാബാവയുടെ തൃക്കയ്യാൽ അദ്ദേഹം അഭിഷേകം ചെയ്യപ്പെട്ടു. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും ചിന്തകളിലും പിതാവിന്റെ ശ്രദ്ധയും കരുതലും പതിഞ്ഞിരുന്നു. അതോടൊപ്പം യുവജന സിനഡൽ കമ്മീഷന്റെ ചെയർമാനായി അദ്ദേഹം സേവനം അനുഷ്ഠിച്ചു. നിസ്വാർത്ഥ സേവനവും സഭാസ്നേഹവും ദൈവമക്കളോടുള്ള വാത്സല്യവും അദ്ദേഹത്തിന്റെ കർമ്മവീഥിയെ കൂടുതൽ അഴകുള്ളതാക്കിത്തീർത്തു.

മൂന്ന് വർഷക്കാലം തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സഹായമെത്രാനായി ശുശ്രൂഷ നിർവ്വഹിച്ച് മാവേലിക്കര ഭദ്രാസനത്തിന്റെ അമരക്കാരനായി അദ്ദേഹം 2025 ജൂൺ 29 ന് ശുശ്രൂഷ ആരംഭിക്കുമ്പോൾ അദ്ദേഹത്തിന്റെ ഇടയയാത്രയിൽ പിറവികൊള്ളുവാൻ വിസ്മയങ്ങൾ ഇനിയും കാത്തിരിക്കുന്നു. 2021-ൽ അഭിവന്ദ്യ മാത്യൂസ് മാർ പൊളിക്കാർപ്പസ് പിതാവിന്റെ തൂലികയിലൂടെ പിറന്ന 'Facets of Love' എന്ന പുസ്തകത്തിലൂടെ പിതാവ് ഇപ്രകാരം കുറിച്ചു വച്ചു, 'സ്നേഹത്തിന് വ്യത്യസ്ത മുഖങ്ങളാണ്, അതിന് അതിരുകളോ അതിർവരമ്പുകളോ ഇല്ല.' അതെ, അതിരുകളും അതിർവരമ്പുകളും ഇല്ലാത്ത സ്നേഹത്തിന്റെയും കരുതലിന്റെയും ആർദ്രതയുടെയും പ്രകാശനാളമായി പിതാവിന്റെ ജീവിതം വിളങ്ങി നിൽക്കട്ടെ. ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ ജന്മനാട്ടിൽ ഭക്തിയുടെയും വിശുദ്ധിയുടെയും അറിവിന്റെയും പ്രവർത്തിപഥങ്ങളുടെയും നൂലിഴകൾ ഇഴചേർത്ത് നാടിന്റെ മുഴുവൻ വെളിച്ചമാകുവാനുള്ള ദൈവനിയോഗം മാത്യൂസ് മാർ പോളിക്കാർപ്പസ് പിതാവിന്റെ വിശ്വസ്ത കരങ്ങളിൽ സുരക്ഷിതമായിരിക്കും...



www.malankaralibrary.com



# സ്മിർണായിലെ വി. പോളികാർപ്പ്

**അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് മെത്രാപ്പോലീത്തായുടെ നാമഹേതുകൻ**



**റവ. ഫാ. ജോസഫ് വള്ളിയാട്ട്**
പ്രൊഫസർ, മലങ്കര മേജർ സെമിനാരി, തിരുവനന്തപുരം

ഇന്നത്തെ ടർക്കിപ്രദേശത്ത് ഏജിയൻ കടലിലേക്ക് തുറക്കുന്ന തുറമുഖനഗരങ്ങളിലൊന്നായിരുന്നു പുരാതന സ്മിർണ. ഇസ്മീർ എന്നാണ് ആ നഗരത്തിന്റെ ഇന്നത്തെ പേര്. അപ്പസ്തോലിക കാലം മുതൽ സജീവമായ ക്രിസ്തീയ സമൂഹമുള്ള നഗരമാണത്.

രണ്ടാം നൂറ്റാണ്ടിന്റെ മധ്യത്തിൽ സ്മിർണയിലെ റോമൻ സ്റ്റേഡിയത്തിൽ ഒരു പരസ്യ വിചാരണ നടന്നു. നഗരത്തിലെ വൃദ്ധനായ മെത്രാനെയാണ് വിചാരണയ്ക്ക് ഹാജരാക്കിയിരിക്കുന്നത് റോമൻ ഉദ്യോഗസ്ഥൻ മെത്രാനോട് പറഞ്ഞു: നിങ്ങൾക്ക് അധികമൊന്നും ചെയ്യാനില്ല. ചക്രവർത്തിയുടെ നാമത്തിൽ ആണയിടുക. ക്രിസ്തുവിനെ ഉപേക്ഷിക്കുക. വൃദ്ധനായ മെത്രാൻ തനിക്ക് ചുറ്റും വന്നുകൂടിയിരിക്കുന്ന ജനത്തെ പരക്കെ നോക്കി. എന്നിട്ട് ദൃഢ സ്വരത്തിൽ പറഞ്ഞു 'എണ്പത്തിയാറ് വർഷങ്ങൾ ഞാൻ അവനെ സേവിച്ചു. അവൻ എനിക്ക് ഒരു ദോഷവും വരുത്തിയിട്ടില്ല. എന്റെ രാജാവും രക്ഷകനുമായവനെ ഞാൻ എന്തിനു തള്ളിപ്പറയണം?' അവർ അദ്ദേഹത്തെ തീ കൊളുത്തി കൊല്ലാൻ ശ്രമിച്ചു. പക്ഷെ അഗ്നി അദ്ദേഹത്തിന്റെ ശരീരത്തെ നശിപ്പിച്ചില്ല. അഗ്നിക്കിടയിൽ വച്ചുതന്നെ അദ്ദേഹത്തെ അവർ കുത്തിവീഴ്ത്തി വലിയ രക്തപ്രവാഹമുണ്ടായി. തീയണഞ്ഞു അദ്ദേഹത്തിന്റെ ശോഭാമയമായ ശരീരത്തിൽ നിന്ന് ഒരു പ്രാവ് ചിറകടിച്ച് സ്വർഗത്തിലേക്ക് കയറുന്നത് ചുറ്റുമുള്ളവർ കണ്ടു.

സ്തേഫാനോസിന്റെ രക്തസാക്ഷിത്വ വിവരണത്തിനുശേഷം ക്രിസ്തീയ സഭയിൽ ആദ്യമായി എഴുതപ്പെട്ട രക്തസാക്ഷിത്വവിവരണമാണിത്. റോമാ സാമ്രാജ്യത്തിൽ ആദ്യ നാലുനൂറ്റാണ്ടുകളിൽ നടന്ന മതപീഢനങ്ങൾക്കിടയിൽ വിശ്വാസത്തിലുറച്ചു നിൽക്കാൻ പതിനായിരങ്ങൾക്ക് ഈ വിവരണം പ്രചോദനമായിട്ടുണ്ട്. സ്മിർണയിലെ മെത്രാനായ പോളിക്കാർപ്പാണ് ഈ രക്തസാക്ഷി.

രണ്ടാം നൂറ്റാണ്ടിലെ വിശുദ്ധരെക്കുറിച്ച് വലിയ തെളിച്ചമുള്ള ജീവിത ചിത്രങ്ങൾ നമുക്ക് ലഭിച്ചിട്ടില്ല. പക്ഷെ പോളിക്കാർപ്പിന്റെ കാര്യത്തിൽ നമുക്ക് ആ ഭാഗ്യമുണ്ട്. അക്കാലത്തെ ഏറ്റവും പ്രസിദ്ധനായ സഭാപിതാവ് ലിയോൺസിലെ വി. ഐറേനിയസ് പോളിക്കാർപ്പിനെക്കുറിച്ച് നമുക്ക് വിവരങ്ങൾ നൽകുന്നുണ്ട്. ആദിമ സഭയിലെ പ്രമുഖ രക്തസാക്ഷിയായ അന്ത്യോക്യായിലെ വി. ഇഗ്നാത്തിയോസ് പോളിക്കാർപ്പിനെഴുതിയ കത്തും അദ്ദേഹത്തിനു കീഴിലുള്ള സ്മിർണ്ണയിലെ സഭയ്ക്കെഴുതിയ കത്തും നമുക്ക് ലഭിച്ചിട്ടുണ്ട്, ഫിലിപ്പിയയിലെ സഭയ്ക്ക്

www.malankaralibrary.com



പോളിക്കാർപ്പ് എഴുതിയ കത്തും, അദ്ദേഹത്തിന്റെ മരണത്തിന് അധികകാലം കഴിയും മുന്പ് എഴുതപ്പെട്ട രക്തസാക്ഷിത്വ നടപടികളും ലഭിച്ചിട്ടുണ്ട്. രണ്ടാം നൂറ്റാണ്ടിൽ നിന്ന് ഇത്രയധികം ജീവചരിത്ര പരാമർശങ്ങളുള്ള മറ്റ് സഭാപിതാക്കന്മാരില്ല.

രക്തസാക്ഷിത്വവിവരണം നൽകുന്ന സൂചനകളനുസരിച്ച് പോളിക്കാർപ്പ് കൊല്ലപ്പെട്ടത് 156-ൽ ആയിരിക്കണം, ഫെബ്രുവരി 22-ന് ജീവിതകാലം 86 വർഷം എന്ന് അവിടെ സൂചനയുള്ളതിനാൽ അദ്ദേഹം ജനിച്ചത് എ.ഡി. 70-ൽ ആണെന്ന് അനുമാനിക്കാം. അപ്പസ്തോലനും ഏവൻഗേലിസ്തനുമായും ആയ വി. യോഹന്നാന്റെ ശിഷ്യനാണ് പോളിക്കാർപ്പ് എന്ന് വി. ഐറേനിയസ് സാക്ഷ്യപ്പെടുത്തുന്നു. സ്മിർണായിൽ ജനിച്ചു വളർന്ന ഐറേനിയസ് ചെറുപ്പകാലത്ത് പോളിക്കാർപ്പിന്റെ പ്രസംഗം കേട്ടിട്ടുണ്ട്. ക്രിസ്തീയവിശ്വാസത്തെ തെറ്റായി വ്യാഖ്യാനിച്ചിരുന്ന ചില പ്രസിദ്ധരായ പ്രഭാഷകർ അക്കാലത്തുണ്ടായിരുന്നു ജ്ഞാനവാദിയായിരുന്ന വലന്റീനസ് ഉൾപ്പടെ അത്തരം പ്രസംഗകരെക്കാൾ പ്രഗത്ഭനായിരുന്നു വചനം വ്യാഖ്യാനിക്കുന്നതിൽ പോളിക്കാർപ്പ് എന്ന് ഐറേനിയസ് അനുസ്മരിക്കുന്നു. വിശുദ്ധ യോഹന്നാൻ ശ്ലീഹായാണ് പോളിക്കാർപ്പിനെ ഉന്നത സഭാശുശ്രൂഷകൾ ഭരമേൽപിച്ചത് എന്ന സൂചനയും ഐറേനിയസ് നൽകുന്നു.

പോളിക്കാർപ്പ് മെത്രാനായിരുന്ന കാലത്ത് എ.ഡി 110-നു അടുത്താണ് ഇഗ്നാത്യോസ് റോമാക്കാരുടെ തടവുകാരനായി സ്മിർണ വഴി കടന്നുപോകുന്നത്. അന്ന് ഏഷ്യാമൈനറിലെ ശ്രദ്ധേയനായ സഭാനേതാവാണ് പോളിക്കാർപ്പ്,


അക്കാലത്ത് സ്മിർണയിൽ ഉൾപടെ വേരുന്നിത്തുടങ്ങിയിരുന്ന ചില അബദ്ധോപദേശങ്ങളെ എതിർക്കുന്നതിനാണ് ഇഗ്നാത്യോസ് ഏഷ്യ മൈനറിലെ സഭകളിൽ ഇടപെട്ടത്. ഒരു പക്ഷെ ചെറുപ്പമായിരുന്നതുകൊണ്ടാവാം എതിരാളികളെ കൈകാര്യം ചെയ്യുന്നതിൽ പോളിക്കാർപ്പ് വേണ്ടത്ര കാർക്കശ്യം കാണിക്കുന്നില്ല എന്നൊരു പരാതി ഇഗ്നാത്യോസ് ധ്വനിപ്പിക്കുന്നുണ്ട്. പക്ഷെ അദ്ദേഹത്തിന്റെ സത്യവിശ്വാസത്തെക്കുറിച്ച് അൽപം പോലും സംശയം ഇഗ്നാത്യോസിനുണ്ടായിരുന്നില്ല. അതുകൊണ്ട് നിങ്ങളുടെ മെത്രാൻ എവിടെയാണോ അവിടെയാണ് സഭ എന്ന് വളരെ ശക്തമായി സ്മിർണാക്കാരെ ഇഗ്നാത്യോസ് പഠിപ്പിക്കുന്നു.

ഇഗ്നാത്യോസിന്റെ യാത്രയുമായി ബന്ധപ്പെട്ട് പോളിക്കാർപ്പ് ഏറ്റെടുക്കുന്ന ദൗത്യങ്ങളാണ് ഒരു പക്ഷേ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലേക്ക് കൂടുതൽ വെളിച്ചം വീശുന്നത്. തടവുകാരനായി സ്മിർണയിലെത്തുന്ന ഇഗ്നാത്യോസിനെ ഏഷ്യമൈനറിലെ മറ്റു സഭകളുമായി ബന്ധപ്പെടാൻ പോളിക്കാർപ്പിന്റെ നേതൃത്വത്തിൽ സ്മിർണയിലെ സഭ സഹായിച്ചു. എഫേസോസിൽ നിന്നും മഗ്നീസിയായിൽ നിന്നും ട്രാലെസിൽ നിന്നും സഭാപ്രതിനിധികൾ സ്മിർണയിൽ വന്ന് ഇഗ്നാത്യോസിനെ സന്ദർശിച്ചു. അവർ അദ്ദേഹത്തിന് സഹായികളായി ഡിക്കന്മാരെ ക്രമീകരിച്ചുനൽകി. എന്നുമാത്രമല്ല, ഇഗ്നാത്യോസിന്റെ അറസ്റ്റുമായി ബന്ധപ്പെട്ട് അന്ത്യോക്യ സഭയിൽ ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു പ്രതിനിധിയെ പോളിക്കാർപ്പ് അയക്കുകയും ആ ദൗത്യം വിജയമാവുകയും ചെയ്തു. പ്രശ്നങ്ങൾ അവസാനിപ്പിച്ചതിന് പോളിക്കാർപ്പിനെ അഭിനന്ദിച്ചുകൊണ്ടാണ് ഇഗ്നാത്യോസ് ചരിത്രത്തിൽ നിന്ന് അപ്രത്യക്ഷനാകുന്നത്. ഇഗ്നാത്യോസ് സഭകൾക്കെഴുതിയ കത്തുകൾ മുഴുവൻ ശേഖരിച്ച് പിൽക്കാല സഭയ്ക്ക് ലഭ്യമാക്കിയതും പോളിക്കാർപ്പാണ് എന്ന് പോളിക്കാർപ്പ് തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

പാഷണ്ഡതക്കാരെ വേണ്ടത്ര കർക്കശമായി നേരിട്ടില്ല എന്ന സൂചന ഒരുപക്ഷെ പോളിക്കാർപ്പ് സമാധാനപ്രിയനായിരുന്നു എന്ന സാധ്യതയും മുന്നോട്ട് വയ്ക്കുന്നുണ്ട്. തന്റെ ജീവിതാന്ത്യത്തിൽ റോമിൽ അനസീറ്റസ് മാർപ്പാപ്പായെ സന്ദർശിച്ച് റോമൻ സഭയുമായുള്ള ഭിന്നത രമ്യമായി പരിഹരിക്കുന്നുണ്ട്. ഈസ്റ്റർ ആചരണം രണ്ട് രീതിയിലായിരുന്നു റോമിലും ഏഷ്യാമൈനറിലും വി. യോഹന്നന്റെ അപ്പസ്തോലിക പാരമ്പര്യമുള്ള ഏഷ്യാമൈനർ സഭകൾ നീസാൻ പതിനാലിന് ഈസ്റ്റർ ആചരിച്ചിരുന്നു. റോമൻ സഭ ഇതിനെ എതിർത്തു പോളിക്കാർപ്പിനെപ്പോലെ ഒരു ഉന്നത നേതാവ് മുന്നിൽ നിന്നതുകൊണ്ടാവാം റോമൻ രീതി ഏഷ്യാ



www.malankaralibrary.com




മൈനറിൽ നടപ്പാക്കാൻ അനസീറ്റസ് പാപ്പാ നിർബന്ധിച്ചില്ല ഈസ്റ്റർ ആചരണം ഏകീകരിച്ചത് പിൽക്കാലത്ത് മാത്രമാണ്.

പോളിക്കാർപ്പിന്റേതായി നമുക്ക് ലഭിച്ചിട്ടുള്ളത് ഫിലിപ്പിയയിലെ സഭയ്ക്കുള്ള ഒരു കത്താണ്. ഒരുപക്ഷെ അത് രണ്ട് കത്തുകളുടെ സംയുക്തരൂപമായിരിക്കാനും ഇടയുണ്ട്. സഭയിലും കുടുംബത്തിലും നീതിയുക്തമായ ബന്ധങ്ങളും പരസ്പര ഐക്യവും ഉണ്ടായിരിക്കണം എന്ന് പ്രബോധിപ്പിക്കുന്ന ഒരു ലേഖനമാണ് ഇതിലെ പ്രധാന ഭാഗം. ഇഗ്നാത്യോസിന്റെ യാത്രയെയും ലേഖനങ്ങളെയും പരാമർശിക്കുന്ന ഒരു അധ്യായം അനുബന്ധം പോലെ കാണാം.

ഈ ലേഖനത്തിൽ ഇഗ്നാത്യോസ് സഭകളെ പഠിപ്പിക്കാൻ ശ്രമിച്ച സത്യവിശ്വാസം, പ്രത്യേകിച്ച് യേശുക്രിസ്തുവാണ് ദൈവത്തിനും മനുഷ്യർക്കുമിടയിലെ ഏക മധ്യസ്ഥൻ എന്ന വിശ്വാസം, ഊട്ടിയുറപ്പിക്കാൻ ശ്രമിക്കുന്ന പോളിക്കാർപ്പിനെ നമുക്ക് കാണാം. വിശുദ്ധ ഗ്രന്ഥത്തിലുള്ള അദ്ദേഹത്തിന്റെ ആഴമായ അറിവ് തുടർച്ചയായ ഉദ്ധരണികളിലൂടെ ഈ രചനയിൽ പ്രകാശിക്കുന്നു. പഴയനിയമത്തോടൊപ്പം പുതിയ നിയമ ലേഖനങ്ങളിൽ നല്ലൊരുപങ്കും പോളിക്കാർപ്പ് ഉദ്ധരിക്കുന്നുണ്ട്. മത്തായിയുടെ സുവിശേഷവും അദ്ദേഹത്തിനു പരിചിതമാണ്. (ശ്രദ്ധിക്കുക. എ.ഡി. 130 ആണ് കാലം. അന്നു പുതിയനിയമ ഗ്രന്ഥങ്ങൾ നമ്മുടെ കാലത്തേതുപോലെ എല്ലാ സഭകളിലും പരിചിതമല്ല).

ചുരുക്കത്തിൽ അപ്പസ്തോലിക പാരമ്പര്യങ്ങൾ സഭയിൽ ഉറപ്പിക്കുന്നതിൽ ഗണ്യമായ പങ്കുവഹിച്ച ഒരാളായിട്ടാണ് വി. പോളിക്കാർപ്പിനെ കാണാനാകുന്നത്, പലവിധമായ ആശയങ്ങൾ, ജ്ഞാനവാദവും ഡൊസേറ്റിക് ചിന്താഗതിയും ഒക്കെ, സത്യവിശ്വാസത്തെ അസ്ഥിരപ്പെടുത്താൻ ശ്രമിച്ചിരുന്ന കാലത്ത് വി ഇഗ്നാത്യോസിനോടൊപ്പം സത്യവിശ്വാസത്തിനായി ഉറച്ചു നിന്ന്, അതിനായി ജീവൻ സമർപ്പിച്ച മുന്നണിപ്പോരാളിയായിരുന്നു വി. പോളിക്കാർപ്പ്

ഈ രണ്ടു വിശുദ്ധരുടെയും ഓർമ്മ ഒരുമിച്ച് നമ്മുടെ ഓർമ്മയിലേക്ക് വീണ്ടും കൊണ്ടുവരികയാണ് മാവേലിക്കര ഭദ്രാസനം ഇപ്പോൾ. വിശ്വാസത്തിന്റെ വെളിച്ചവും, പാരമ്പര്യത്തിന്റെ സ്ഥൈര്യവും രക്തസാക്ഷിത്വത്തോളമെത്തുന്ന സാക്ഷ്യത്തിന്റെ വീര്യവും ഒക്കെ പുതിയ കാലത്തിന്റെ അഭിഷിക്തരിലൂടെ സഭ വീണ്ടും ഉൾക്കൊള്ളുന്നു. നീതിമാന്മാരുടെ ഓർമ്മ വാഴ്വിനായിത്തീരട്ടെ.

www.malankaralibrary.com



# വിവേകിയായ വികാരി ജനറാൾ



**റൈറ്റ് റവ. ഡോ. വർക്കി ആറ്റുപുറത്ത് കോറെപ്പിസ്കോപ്പ**
വികാർ ജനറാൾ, തിരുവനന്തപുരം മേജർ അതിഭദ്രാസനം

തിരുവനന്തപുരം മേജർ അതിരൂപതയുടെ വൈവിധ്യവും വിശാലവുമായ ശുശ്രൂഷ മേഖലകളിൽ മേജർ അതിരൂപതാധ്യക്ഷനായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്ക ബാവയ്ക്ക് വികാരി ജനറാൾ എന്ന നിലയിലും സഹായമെത്രാൻ എന്ന നിലയിലും നിർലോഭമായ സഹായവും പിന്തുണയും നൽകിയ വ്യക്തിയായിരുന്നു അഭിവന്ദ്യ പോളികാർപ്പസ് മെത്രാപ്പോലീത്ത. 2013 മുതൽ വികാരി ജനറാൾ എന്ന പദവിയിലും 2022 മുതൽ മേജർ അതിരൂപതയുടെ സഹായ മെത്രാനും മുഖ്യവികാരി ജനറാളും എന്ന നിലയിലും മേജർ അതിരൂപതയുടെ എല്ലാ ശുശ്രൂഷാ മേഖലകളിലും സജീവമായ സാന്നിധ്യവും ഇടപെടലുകളും നടത്തിയിരുന്നു. എല്ലാ കാര്യങ്ങളിലും ബാവാതിരുമേനിക്ക് വിധേയപ്പെട്ടും തിരുമേനിയോട് ആലോചന നടത്തിയും ചെയ്തിരുന്നതിനാൽ ശുശ്രൂഷ വേദികളിലെല്ലാം സമാനസമീപനവും ഏകാഭിപ്രായവും കാത്തുസൂക്ഷിക്കാൻ അഭിവന്ദ്യ പോളികാർപ്പസ്



www.malankaralibrary.com

പിതാവിന് സാധിച്ചു. അധികാരികൾക്ക് വിധേയപ്പെടുന്നതും അവരെ അനുസരിക്കുന്നതും തന്റെ വ്യക്തിത്വത്തിന് ഒരു കുറവായി പിതാവ് ഒരിക്കലും കണ്ടിരുന്നില്ല.

### വൈദികരോടും സന്യസ്തരോടുമുള്ള സമീപനം

വികാരി ജനറാൾ ആയിരുന്ന കാലയളവിൽ അഭിവന്ദ്യ പോളിക്കാർപ്പസ് പിതാവ് വളരെ സൗഹൃദ ഭാവത്തിലാണ് എല്ലാ വൈദികരോടും ഇടപെട്ടിരുന്നത്. പൗരോഹിത്യ കൂട്ടായ്മയെ ഏറെ ഇഷ്ടപ്പെട്ടിരുന്ന പിതാവ് എപ്പോഴും വൈദികരോട് ഹൃദ്യമായ ബന്ധത്തിൽ കഴിയാൻ ശ്രദ്ധിച്ചിരുന്നു. വൈദികരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് ആവശ്യമായ ശുശ്രൂഷകളും സഹായങ്ങളും ചെയ്തു കൊടുക്കുന്നതിനും പിതാവ് പ്രത്യേക ജാഗ്രത പുലർത്തിയിരുന്നു. വൈദികരുടെ വ്യക്തിപരവും ഔദ്യോഗികവുമായ ജീവിതത്തിൽ അവരുടെ വേദനകളിൽ സമാശ്വസിപ്പിക്കുന്നതിനും സന്തോഷത്തിൽ ഉൾച്ചേരുന്നതിനും പിതാവ് എടുത്തിരുന്ന താല്പര്യം ശ്രദ്ധേയമാണ്.

ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനോടും പിതാവിന് ഏറെ ആദരവും ബഹുമാനവും ഉണ്ടായിരുന്നു. അവരുടെ രോഗാവസ്ഥയിലും മൃതസംസ്കാര ശുശ്രൂഷയിലും ഓർമ്മ കുർബാനകളിലും സന്യാസ ഭവനങ്ങളിലെ മറ്റ് ആവശ്യങ്ങളിലും പിതാവിന്റെ സാന്നിധ്യം ഉറപ്പായിരുന്നു.

### പ്രത്യേകമായി നൽകപ്പെട്ട ശുശ്രൂഷാ വേദികൾ

വികാരി ജനറാളും സഹായമെത്രാനുമെന്ന നിലയിൽ അതിരൂപതയിലെ എല്ലാ കാര്യങ്ങളിലും തന്റെ സാന്നിധ്യവും ഇടപെടലുകളും നടത്തേണ്ടിയിരുന്നപ്പോൾ പോലും പിതാവിന് പ്രത്യേകമായ ചില ശുശ്രൂഷ വേദികൾ കൂടി നൽകപ്പെട്ടിരുന്നു. തിരുവനന്തപുരം മേജർ അതിരൂപതയിലെ എം എസ് സി കോളേജുകളുടെ സെക്രട്ടറി എന്ന നിലയിൽ വളരെ ഭാരിച്ചതും സങ്കീർണവുമായ ഉത്തരവാദിത്വങ്ങൾ പിതാവിന് പ്രത്യേകമായി നൽകിയിരുന്നു. അതോടൊപ്പം അൺ എയ്ഡഡ് സ്കൂളുകളുടെ കോഡിനേറ്റർ എന്ന ചുമതലയും ഏൽപ്പിക്കപ്പെട്ടിരുന്നു. ഏറ്റെടുത്തതും ഏൽപ്പിക്കപ്പെട്ടതുമായ എല്ലാ ഉത്തരവാദിത്വങ്ങളും നൂറു ശതമാനം വിശ്വസ്തതയോടെ നിറവേറ്റിയിരുന്നു. വൈദികരുടെയും ഇടവകകളുടെയും ഉന്നമനത്തിനും അവരുടെ കൂട്ടായ്മ വളർത്തുന്നതിനും സവിശേഷമായി നൽകപ്പെട്ട ഉത്തരവാദിത്വങ്ങളും വളരെ ശ്രദ്ധേയമായി നിറവേറ്റി. അവരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിൽ സത്വരവും സമയബന്ധിതവുമായ ഇടപെടലുകൾ നടത്തിയിരുന്നു. അവയ്ക്ക് നീതിയുക്തവും നിയമാനുസൃതവുമായ പരിഹാരം കണ്ടെത്താൻ ശ്രദ്ധിച്ചിരുന്നു. ഇടവകകളിലും പ്രേഷിത കാര്യാലയ പ്രവർത്തനങ്ങളിലും ഏതെങ്കിലും പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടാൽ അഭിവന്ദ്യ ബാവ തിരുമേനിയുമായി ആലോചിച്ച് പരിഹാരം കണ്ടെത്താൻ കാലവിളമ്പം വരുത്തിയിരുന്നില്ല.

### ആത്മീയ കാര്യങ്ങളിൽ കാത്തുസൂക്ഷിച്ചിരുന്ന ജാഗ്രത

മേജർ അതിരൂപതയിലെ ആത്മീയ ശുശ്രൂഷകളെല്ലാം മുടക്കം കൂടാതെ നടക്കുന്നുണ്ട് എന്ന് പിതാവ് ഉറപ്പുവരുത്തിയിരുന്നു. ഏതെങ്കിലും ദൈവാലയത്തിൽ വൈദികരുടെ ലഭ്യത ഇല്ലാതെ വന്നാൽ പകരം ക്രമീകരണം ചെയ്യുന്നതിൽ പ്രത്യേക താൽപര്യം പ്രകടിപ്പിച്ചിരുന്നു. അപ്രതീക്ഷിതമായി ഉണ്ടാകുന്ന ഏതെങ്കിലും സാഹചര്യത്തിൽ വൈദികർക്ക് ഞായറാഴ്ച കുർബാനകളും മറ്റെന്തെങ്കിലും ശുശ്രൂഷകളും നടത്താൻ സാധിക്കാതെ വരുമ്പോൾ പകരം ക്രമീകരണം ചെയ്യുന്നതിന് പിതാവ് പ്രത്യേക താൽപര്യം എടുത്തിരുന്നു. ചിലപ്പോൾ ചില സ്ഥലങ്ങളിൽ ആവശ്യമായ ക്രമീകരണം ചെയ്യുന്നതിന് പല വൈദികരെയും വിളിക്കുകയും ബന്ധപ്പെടുകയും ചെയ്യേണ്ടി വന്നിട്ടുണ്ട്. ദൈവാലയത്തിലെ ആരാധനകളും ശുശ്രൂഷകളും മുടക്കം കൂടാതെ നടക്കുന്നതിനും വേണ്ട ഇടപെടലുകൾ ഏത് വിധേനയും നടത്തിയിരുന്നു. പിതാവ് വികാരി ജനറാൾ ആയിരുന്ന കാലത്ത് വൈദികരുടെ

www.malankaralibrary.com





അഭാവം കാരണം ഏതെങ്കിലും ദൈവാലയത്തിൽ ഞായറാഴ്ച കുർബാന മുടങ്ങിയതായി അറിവില്ല. വൈദികരെ ആരെയും ലഭിക്കുന്നില്ലെങ്കിൽ പിതാവ് തന്നെ നേരിട്ട് പോയി ആവശ്യമായ ശുശ്രൂഷകൾ നിറവേറ്റിയിരുന്നു.

### പ്രഥമ ഗണന മിഷനുകൾക്ക്

മാർ പോളികാർപ്പസ് മെത്രാപ്പോലീത്തയുടെ നാല് പതിറ്റാണ്ടുകളിൽ അധികമുള്ള പൗരോഹിത്യജീവിതത്തിൽ ഏറിയ കാലയളവും ശുശ്രൂഷ ചെയ്തിരുന്നത് മിഷൻ ദൈവാലയങ്ങളിലും മിഷൻ കേന്ദ്രങ്ങളിലും ആയിരുന്നു. ആയതിനാൽ അഭിവന്ദ്യ പിതാവ് തന്റെ പൗരോഹിത്യ ജീവിതത്തിലുടനീളം പ്രത്യേകിച്ച് വികാരി ജനറാൾ ആയിരുന്ന കാലയളവിൽ പാവപ്പെട്ട മിഷൻ ദൈവാലയങ്ങളോട് സവിശേഷ ശ്രദ്ധയും പരിഗണനയും പ്രകടമാക്കിയിരുന്നു. ഹാശാആഴ്ചകളിലും ക്രിസ്തുമസിനും പിതാവ് ശുശ്രൂഷകൾക്കായി തെരഞ്ഞെടുത്തിരുന്നത് പലപ്പോഴും കൊച്ചുദൈവാലയങ്ങളും മിഷൻ ഇടവകകളും ആയിരുന്നു.

ഞായറാഴ്ചകളിലെ വി. കുർബാനകൾക്കും പിതാവ് കൂടുതലായി പോകാൻ ആഗ്രഹിച്ചിരുന്നത് മിഷൻ കേന്ദ്രങ്ങളിൽ ആയിരുന്നു. ഒരു ചെറിയ ഇടവകയ്ക്ക് ഒരു പിതാവിന്റെയോ വികാരി ജനറാളിന്റെയോ ശുശ്രൂഷ ലഭിക്കുക എന്നത് അവർക്ക് വളരെ പ്രചോദനാത്മകവും പ്രോത്സാഹനജനകവും ആണ്. ആയതിനാൽ പാവപ്പെട്ട മിഷനു കളിലുള്ളവരൊക്കെ വളരെ അഭിമാനത്തോടെയാണ് പിതാവിശുശ്രൂഷകളെ കുറിച്ച് വിവരിക്കുന്നത്.

മാത്രമല്ല, മിഷനുകളുടെയും മിഷൻ ഇടവകയിൽ ഉള്ളവരുടെയും സമഗ്ര പുരോഗതിക്ക് ആവശ്യമായ മാർഗ്ഗനിർദേശങ്ങളും സാമ്പത്തിക സഹായവും നൽകിയിരുന്നു. ധാരാളം കുഞ്ഞുങ്ങൾക്ക് അഡ്മിഷനും ജോലിയും പിതാവ് ക്രമപ്പെടുത്തി കൊടുത്തിരുന്നു.

### ആയാസരഹിത മനോഭാവം

ഒന്നിനെക്കുറിച്ചും ആകുലതകളും മാനസിക പിരിമുറുക്കങ്ങളും ഇല്ലാതിരുന്ന 'ടെൻഷൻ ഫ്രീ' ജീവിതമായിരുന്നു പിതാവിന്റേത്. ഏത് പ്രതിസന്ധികളിലും സംഘർഷ സാഹചര്യങ്ങളിലും പിതാവ് ശാന്തനും സ്വസ്ഥനുമായിരുന്നു. ഒന്നും പിതാവിനെ അലോസരപ്പെടുത്തുകയോ അസ്വസ്ഥതപ്പെടുത്തുകയോ ചെയ്തിട്ടില്ല. വികാരി ജനറാൾ എന്ന നിലയിലും സഹായ മെത്രാൻ എന്ന ഉത്തരവാദിത്വത്തിലും പല പൊതുപരിപാടികൾക്കും നേതൃത്വം നൽകേണ്ടി വരുമ്പോഴും സംഘാടനത്തിന്റെ സമ്മർദ്ദങ്ങൾ ഒന്നും പിതാവിന് ഉണ്ടായിരുന്നില്ല.


മാർ ഈവാനിയോസ് കോളേജ് പ്രിൻസിപ്പൽ, സെന്റ് തോമസ് ഹോസ്റ്റൽ വാർഡൻ തുടങ്ങിയ വലിയ ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിർവഹിച്ചതിന്റെ ആത്മവിശ്വാസവും ആഴത്തിലുള്ള ദൈവവിശ്വാസവും എല്ലാത്തിന്റെയും മുമ്പിൽ ബാവാ തിരുമേനിയുണ്ട് എന്ന ബോധ്യവും ആയിരിക്കാം ഒന്നും പിതാവിനെ അസ്വസ്ഥതപ്പെടുത്താതിരുന്നതിന് കാരണങ്ങൾ.

2013 മുതൽ വികാരി ജനറാളായും മുഖ്യവികാരി ജനറാളായും 2022 മുതൽ സഹായ മെത്രാനായും സ്തുത്യർഹവും മാതൃകാപരവുമായ ശുശ്രൂഷ നിർവഹിച്ച അഭിവന്ദ്യ പോളികാർപ്പസ് പിതാവ് മാവേലിക്കര ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായി ചുമതല ഏൽക്കുമ്പോൾ അത് നിർവഹിക്കാനുള്ള പ്രാപ്തിയും അനുഭവസമ്പത്തും പിതാവ് ഇതിനോടകം പ്രാപ്തമാക്കിയിട്ടുണ്ട്. ദൈവനിയോഗമായി ലഭിച്ച ഈ പുതിയ ഉത്തരവാദിത്വം അതിന്റെ പൂർണ്ണതയിൽ നിർവഹിക്കാൻ അഭിവന്ദ്യ പോളികാർപ്പസ് മെത്രാപ്പോലിത്തായ്ക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

www.malankaralibrary.com



# സ്ഥാനാരോഹണ വേളയിൽ ഒരു സതീർത്ഥ്യന്റെ ഓർമക്കുറിപ്പ്



**റൈറ്റ് റവ. ഡോ. എൽദോ പുത്തൻകണ്ടത്തിൽ കോറെപ്പിസ്കോപ്പ**
വികാർ ജനറാൾ, പുത്തൂർ ഭദ്രാസനം

അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് മെത്രാപ്പോലീത്ത മാവേലിക്കര ഭദ്രാസനത്തിന്റെ ദ്വിതീയ ഇടയനായി സ്ഥാനാരോഹണം ചെയ്യപ്പെടുന്ന ഈ മഹൽ സുദിനത്തിൽ അദ്ദേഹത്തിന്റെ മേജർ സെമിനാരി വിദ്യാഭ്യാസകാലത്തെ അനുസ്മരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ വ്യക്തിപ്രാഭവത്തെ അനുവാചികമായി പങ്കുവെക്കുന്നതിൽ ഒരു സഹപാഠി എന്ന നിലയിൽ എനിക്ക് സന്തോഷവും അതിലേറെ അഭിമാനവും ഉണ്ട്.

1976 ജൂണിൽ ആരംഭിച്ച ഞങ്ങളുടെ തത്വശാസ്ത്ര പഠനകാലത്തേക്ക് എന്റെ ഓർമ്മകൾ പോവുകയാണ്. തിരുവല്ല മൈനർ സെമിനാരിയിലെ തന്റെ പഠനം കഴിഞ്ഞ് വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ തത്വശാസ്ത്ര പഠനത്തിനായി എത്തിയ ഞാൻ മലങ്കരക്കാരനായി ആകെ എത്ര പേരുണ്ടെന്ന് അവരിൽ തിരുവനന്തപുരം അതിരൂപതയിൽ നിന്നും എത്രപേർ വന്നിട്ടുണ്ടെന്നും അന്വേഷിച്ചറിഞ്ഞു. ഞങ്ങളുടെ ബാച്ചിൽ തിരുവനന്തപുരംകാർ മൂന്നുപേർ ബ്രദർ തോമസ് വട്ടപ്പറമ്പിൽ, ബ്രദർ മാത്യു മനക്കരക്കാവിൽ, ബ്രദർ ജോസഫ് ജോൺ. മൂന്നുപേരും ഞങ്ങൾ തിരുവല്ല രൂപതയിൽ നിന്നുള്ളവരും ആയി വളരെ അടുത്തു പെരുമാറാൻ തുടങ്ങി. പ്രാർത്ഥനയും ഭക്ഷണവും കളിയും പഠനവും ഒക്കെ ഞങ്ങൾ ആസ്വദിച്ചു ജീവിച്ചു. സന്തോഷകരമായ തത്വശാസ്ത്ര പഠനകാലം പരീക്ഷ അടുക്കുമ്പോൾ ഞങ്ങൾ ഒരുമിച്ചിരുന്ന് പഠിച്ചൊരുങ്ങും. കളിക്കളത്തിൽ പ്രത്യേകിച്ചും ബാസ്ക്കറ്റ് ബോൾ കോർട്ടിൽ പിണങ്ങിയും ഇണങ്ങിയും കളിക്കും. 6 അടിയിൽ അധികം ഉയരമുള്ള ബ്രദർ മനക്കര (അങ്ങനെയാണ് ഞങ്ങൾ വിളിക്കുക) യുടെ കയ്യിൽ നിന്നും അഞ്ചടി 5 ഇഞ്ച് ഉയരമുള്ള ഞാൻ ബോൾ തട്ടിയെടുക്കാൻ ശ്രമിക്കുന്നത് ഇന്നും ഓർമ്മിക്കുന്നു. കളിക്കിടെ ബ്രദർ വട്ടപ്പറമ്പുമായി

www.malankaralibrary.com



അടിയുണ്ടാക്കിയാൽ പിടിച്ചുമാറ്റാൻ ബ്രദർ മനക്കര ഉണ്ടാകും. അതൊക്കെ ഒരു രസം. സെമിനാരിയിലെ ആഘോഷങ്ങളോടനുബന്ധി ച്ചുള്ള നാടകങ്ങളിൽ ഞങ്ങൾ നിറസാന്നി ധ്യങ്ങൾ ആയിരുന്നു. ഉയരമുള്ള മനക്കര ബൈബിൾ നാടകങ്ങളിൽ വേഷമിട്ട പാറാവു കാരനായിരുന്നു. മിക്കപ്പോഴും ഭടനും പാറാവു കാരനും അധികം ഡയലോഗ് വേണ്ടല്ലോ. ബ്രദർ മനക്കര അതിനും സന്നദ്ധനായിരുന്നു.

ബ്രദർ മനക്കരയെക്കുറിച്ച് പറയുമ്പോൾ അദ്ദേഹത്തിന്റെ സ്വഭാവ സവിശേഷതകൾ എടുത്തു പറയാൻ ആഗ്രഹിക്കുന്നു. സൗമ്യനും ശാന്തശീലനും എളിമയുള്ളവനും സ്നേഹ ബന്ധം കാത്തുസൂക്ഷിക്കുന്നവനുമായ ഒരു നല്ല സ്നേഹിതൻ. സെമിനാരി പഠനകാലത്ത് അദ്ദേഹത്തിന്റെ ഭവനത്തിൽ പോയി താമസി ക്കാൻ ക്ഷണം കിട്ടിയതും പോയി താമസിച്ചതും ഒക്കെ സന്തോഷത്തോടെ ഓർക്കുന്നു. നർമ്മം ആസ്വദിക്കാനുള്ള മനക്കര ബ്രദറിന്റെ കഴിവ് അത്താഴശേഷം ഞങ്ങളെ ഒരുമിച്ച് കൂട്ടിയിരുന്നു.

തത്വശാസ്ത്ര പഠനം പൂർത്തിയാക്കിയ ഞങ്ങൾ വീണ്ടും ഹ്രസ്വമായി അകന്നു. തിരുവന ന്തപുരം ബ്രദേഴ്സിന് റീജൻസി നിർബ ന്ധമായിരുന്നു. ഒരു വർഷത്തെ റീജൻസി കഴിഞ്ഞു വന്ന ഞങ്ങൾ രണ്ടു ബാച്ച് ആയി. രണ്ടു ബാച്ച് എങ്കിലും തിരിച്ചു വന്ന ശേഷവും ഞങ്ങൾ ഒരു ബാച്ചുകാരെ പോലെ ജീവിച്ചു. ഇന്നും ആ ബന്ധം കാത്തുസൂക്ഷിക്കുന്നു. വൈദികരായ ശേഷം ഞങ്ങൾ പലപ്പോഴും കണ്ടുമുട്ടാറുണ്ട്. ഉപരിപഠനം കഴിഞ്ഞ് ഞങ്ങൾ രണ്ടുപേരും തിരുവനന്തപുരത്ത് ഒരേ ക്യാമ്പ സിൽ അധ്യാപകരായി എത്തി. ദീർഘകാലം മാർ ഈവാനിയോസ് കോളേജിൽ മനക്കരക്കാവിൽ അച്ചൻ വാർഡൻ, അധ്യാപകൻ, പ്രിൻസിപ്പാൾ എന്നീ തസ്തികകളിൽ ശുശ്രൂഷിച്ചപ്പോൾ 1993 മുതൽ നാലാഞ്ചിറ മലങ്കര സെമിനാരിയിൽ എല്ലാവർഷവും ബൈബിൾ അധ്യാപകനായി ഞാൻ എത്തുമായിരുന്നു. അപ്പോഴൊക്കെ ബഹുമാനപ്പെട്ട മനക്കരക്കാവിലച്ചന്റെയും ബഹുമാനപ്പെട്ട തോമസ് വട്ടപ്പറമ്പിൽ അച്ച ന്റെയും ആതിഥ്യം സ്വീകരിച്ച് സായാഹ്നങ്ങൾ ചെലവഴിച്ചതും ഇപ്പോൾ അയവിറക്കുന്നു. കോളേജിൽ നിന്നും വിരമിച്ച അദ്ദേഹം തിരുവനന്തപുരം അതിരൂപതയിൽ വികാരി ജനറാളായപ്പോഴും കോർ എപ്പിസ്കോപ്പാ സ്ഥാനത്തേക്ക്ഉയർത്തപ്പെട്ടപ്പോഴും ബത്തേരി പുത്തൂർ രൂപതകളിലെ വികാരി ജനറൽ ആയി രുന്നുകൊണ്ട് കൂടുതൽ സ്നേഹിക്കുന്നതിനും സഹകരിക്കുന്നതിനും സാധിച്ചിരുന്നു.

ബഹുമാനപ്പെട്ട മനക്കരക്കാവിലച്ചൻ തിരുവ നന്തപുരം അതിരൂപതയുടെ സഹായ മെത്രാ നായ ശേഷവും ഞങ്ങളുടെ ബന്ധം സുദൃഢ മായിരുന്നു. കാതോലിക്കേറ്റ് സെന്ററിൽ ചെല്ലുമ്പോൾ ഒരു നിമിത്തം എന്നപോലെ അദ്ദേഹത്തിന്റെ കാതോലിക്കേറ്റിലെ മുറി തന്നെ അന്തിയുറങ്ങാൻ എനിക്ക് ലഭിക്കാറുണ്ട്. അതറി യുമ്പോൾ അദ്ദേഹം അതിൽ സന്തോഷിക്കു ന്നതായി തോന്നാറുണ്ട്. ഇപ്പോൾ പ്രതീക്ഷി ച്ചിരുന്നത് പോലെ ഇതാ അദ്ദേഹം തന്റെ മാതൃരൂപതയായ മാവേലിക്കര രൂപതയുടെ ദ്വിതീയ ഇടയനായി ഉയർത്തപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ഈ സ്ഥാനലബ്ദ്ധതയിൽ സന്തോ ഷിക്കുന്ന, അഭിമാനിക്കുന്ന ഈ സതീർ ത്ഥ്യൻ എന്റെ പ്രിയ സുഹൃത്തിന് ആയിരമായിരം മംഗളങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു. ലഭ്യമായ ഈ ഹ്രസ്വകാല ശുശ്രൂഷ അനുഗ്രഹ പ്രദമായി നടത്തുവാൻ സർവ്വശക്തൻ അദ്ദേഹ ത്തെ അനുഗ്രഹിക്കട്ടെ.

www.malankaralibrary.com

# കർത്തവ്യങ്ങളിൽ ജാഗ്രത പുലർത്തിയ ഗുരുവായ അജപാലകൻ




**റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ**
പ്രൊഫസർ, മാർ ഈവാനിയോസ് കോളേജ്,
തിരുവനന്തപുരം

മഹത്തായ ആദർശങ്ങളിൽ അധിഷ്ഠിതമായി വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നിർവഹിക്കുന്ന മാർ ഈവാനിയോസ് കോളേജിന്റെ പ്രിൻസിപ്പാൾ ആയി 2007ൽ ഡോ. മാത്യു മനക്കരക്കാവിൽ അച്ചൻ നിയമിതനായി. ആ വർഷമാണ് ബർസാർ എന്ന നിയോഗം ഏറ്റെടുത്ത് ഞാനും കോളേജിൽ എത്തുന്നത്. അനേക വർഷത്തെ പ്രവർത്തന മേഖലയായത് കൊണ്ട് മാത്യു അച്ചൻ അവിടെ എല്ലാവർക്കും സുപരിചിതനും പ്രിയപ്പെട്ട വ്യക്തിയുമായിരുന്നു. അന്നുമുതൽ ആരംഭിച്ച ഞങ്ങൾക്കിടയിലെ അടുപ്പം ഇന്നും ഏറെ ഊഷ്മളമായി തുടരുന്നു. എപ്പോൾ കണ്ടാലും 'ബർസാറച്ചാ' എന്ന് സ്നേഹപൂർവ്വം വിളിക്കുന്നത് ഏറെ ഹൃദ്യമായിരുന്നു. കോളേജ് അന്തരീക്ഷത്തിലെ പ്രവർത്തന രീതികളും ശീലങ്ങളും പരിചിതമല്ലായിരുന്ന എനിക്ക് എല്ലാ കാര്യങ്ങളും പറഞ്ഞു തന്ന എന്റെ ബോധ്യങ്ങൾക്കും നിലപാടുകൾക്കും അനുസരിച്ച് കോളേജിലെ നന്മയ്ക്ക് വേണ്ടി അക്ഷീണം പരിശ്രമിക്കുന്ന പ്രിൻസിപ്പാളച്ചനെ ആണ് ഞാൻ പരിചയപ്പെട്ടതും അടുത്തറിഞ്ഞതും. കൂടെ നിർത്തി നൽകിയ പരിശീലനവും പാഠങ്ങളും ഇന്നത്തെ എന്റെ കരുതലും സ്നേഹവും നൽകിയ പുരോഹിതൻ.

www.malankaralibrary.com






കോളേജുമായി ബന്ധപ്പെട്ട ഉത്തരവാദിത്വങ്ങളുടെ തിരക്കുകൾക്ക് ഇടയിലും തന്റെ പൗരോഹിത്യത്തിനടുത്ത കടമകൾ എന്നും വിശ്വസ്തതയോടെ നിർവ്വഹിച്ചിരുന്നു. ഒരു നല്ല അജപാലകനെ പോലെ ഇടവക ശുശ്രൂഷകൾ കൃത്യതയോടെ അനുഷ്ഠിച്ചു. മിഷൻ മേഖലകളിലെ ഇടവകകളെ പ്രത്യേകം സ്നേഹിച്ച പിതാവ് അവിടെയുള്ള കുടുംബങ്ങളുടെ സമഗ്രമായ വളർച്ചയ്ക്കും കുട്ടികളുടെ വിദ്യാഭ്യാസത്തിനും ആവശ്യമായതെല്ലാം ചെയ്തിരുന്നു. കോളേജിലെ ജോലികൾ കഴിഞ്ഞ് ഇടവക ശുശ്രൂഷകളിൽ അവിടെയുള്ള ആളുകളുടെ കൂടെ ചെലവഴിക്കുവാൻ സമയം കണ്ടെത്തുമായിരുന്നു. അങ്ങനെ ആടുകളെ അറിയുന്ന ഇടയനെപോലെ ജീവിക്കാൻ മാത്യു മനക്കരകാവിൽ അച്ചന് സാധിച്ചു. തന്റെ പൗരോഹിത്യ ജൂബിലിയുടെ ഭാഗമായി കല്ലടിച്ചവിള പ്രദേശത്തെ നമ്മുടെ വിശ്വാസികൾക്കായി ഒരു പുതിയ ദൈവാലയം നിർമ്മിച്ചു നൽകിയത് ദൈവജനത്തോടുള്ള അച്ചന്റെ സ്നേഹവും ദൈവിക ശുശ്രൂഷയിലെ സമർപ്പണത്തിന്റെ ഉദാത്ത മാതൃകയുമാണ്. ഇടവക അംഗങ്ങളുടെ വിദ്യാഭ്യാസപരവും സാമൂഹ്യപരവുമായ ഉന്നമനത്തിന് ആവശ്യമായതെല്ലാം ചെയ്ത് അവരെ ഉയർത്തിയ അച്ചൻ പൗരോഹിത്യം പൊതു സമൂഹത്തിൽ കൂടുതൽ മികവുറ്റതാക്കി.

### കാലോചിതമായ പരിഷ്കാരങ്ങൾക്കൊപ്പം നടന്ന ഗുരുനാഥൻ

ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുകൾ ഉള്ള നല്ലൊരു അധ്യാപകനായിരുന്നു മാത്യു അച്ചൻ. കോളേജിന്റെ പ്രിൻസിപ്പാൾ ആയിരിക്കുമ്പോൾ അദ്ദേഹം നേടിയ ഫ്രഞ്ച് സാഹിത്യത്തിലെ ഡോക്ടറേറ്റ് ബിരുദം അതിനു ഉത്തമ തെളിവാണ്. ഗവേഷണ പാടവം അദ്ദേഹത്തിനുണ്ടായിരുന്നതിന്റെ ഫലമായിരുന്നു ഈ നേട്ടം. ഹോസ്റ്റൽ വാർഡൻ, കോളേജ് ബർസാർ, ഫ്രഞ്ച് ഭാഷ അധ്യാപകൻ എന്നീ നിലകളിൽ നിസ്തുലവും വ്യത്യസ്തവുമായ ശുശ്രൂഷ നിർവഹിച്ച തന്റെകർമ്മമണ്ഡലങ്ങളിൽ എല്ലാം മികവോടെ ജീവിക്കാൻ സാധിച്ചു. അനേകം വിദ്യാർഥികളുടെ കൂടെ നടന്ന നല്ലൊരു അധ്യാപകൻ ആയതുകൊണ്ട് ഇന്നും അനേകം പേർ പിതാവിനെ നന്ദിയോടെ ഓർക്കുന്നു. പിതാവുമായുള്ള വ്യക്തിബന്ധം സജീവമായി തുടരുന്നു. നാലുവർഷം (2007– 2011) പ്രിൻസിപ്പൽ




www.malankaralibrary.com




ആയിരുന്ന കാലം പിതാവിന്റെ ഭരണപരമായ മികവ് പ്രകടമായ അവസരമായിരുന്നു. മാറ്റങ്ങൾ വിദ്യാഭ്യാസം മേഖലയിലെ പ്രവർത്തനങ്ങളുടെ മൂല്യം വർധിപ്പിക്കും എന്ന് തിരിച്ചറിഞ്ഞ് അവയ്ക്ക് അനുസൃതമായി പരിഷ്കാരങ്ങൾ നടത്താൻ അദ്ദേഹം തയ്യാറായി. അത്തരം പദ്ധതികൾക്ക് രൂപം നൽകി യാഥാർത്ഥ്യമാക്കി. വ്യക്തിപരമായ നേട്ടങ്ങൾക്ക് ഉപരി കോളേജിന്റെ നന്മയും വളർച്ചയും ലക്ഷ്യമാക്കി നിലകൊണ്ട പിതാവ് നിലപാടുകളിൽ പുലർത്തിയ കാർക്കശ്യം വെല്ലുവിളികൾ ഉയർത്തി എങ്കിലും അവയെല്ലാം അതിജീവിച്ച് കോളേജിനെ സംരക്ഷിച്ചു. സ്വതസിദ്ധമായ ശൈലിയിൽ പ്രശ്നപരിഹാരം കാണാനുള്ള കഴിവ് ശ്രദ്ധേയമാണ്. രാഷ്ട്രീയ പാർട്ടികളുടെ ഭീഷണിയോ പ്രീണനത്തിനോ വഴങ്ങാതെ കർശനമായ അച്ചടക്ക നടപടികൾ എടുത്തിരുന്നു. അങ്ങനെ വിദ്യാർഥികളെ തെറ്റുകൾ തിരുത്തി നല്ലവരാകാൻ സഹായിച്ചു. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ തലസ്ഥാനത്തെ ആദ്യ പഠന കേന്ദ്രം ആരംഭിച്ചത് ഇക്കാലത്താണ്. ഇന്ന് അത് കേരളത്തിലെ ഏറ്റവും കൂടുതൽ പഠിതാക്കൾ ഉള്ള പഠന കേന്ദ്രമായ വളർന്നു. വിദ്യാർത്ഥികളുടെ കായികമായ കഴിവുകൾ വളർത്താൻ കായിക മേഖലയെ സവിശേഷം പ്രോത്സാഹിപ്പിച്ചു. അതിന്റെ ഭാഗമായി കോളേജിൽ വനിതാ ബാസ്ക്കറ്റ്ബോൾ ടീമിനെ പരിശീലിപ്പിക്കാൻ ആരംഭിച്ചു. പിതാവ് ഏറെ ഇഷ്ടപ്പെടുന്നതാണ് ബാസ്കറ്റ് ബോൾ. എല്ലാറ്റിലുമുപരി തന്റെ ആരോഗ്യം സംരക്ഷിക്കുന്നതിന് പിതാവ് തുടരുന്ന ചിട്ടയായ വ്യായാമം എത്ര തിരക്കായാലും മുടക്കിയിരുന്നില്ല.

ആഴമായ വ്യക്തി ബന്ധം നിലനിർത്താനുള്ള പിതാവിന്റെ കഴിവ് എപ്പോഴും വിസ്മയമാണ്. ബൃഹത്തായ സൗഹൃദ വലയത്തിലാണ് പിതാവ് ജീവിക്കുന്നത്. ഔദ്യോഗിക ഉത്തരവാദിത്വങ്ങൾ നന്നായി നിർവഹിച്ചു കോളേജിൽ നിന്നും 2011 ൽ വിരമിച്ചെങ്കിലും വിദ്യാഭ്യാസ മേഖലയിലും കോളേജിന്റെ പൂർവ്വ വിദ്യാർത്ഥി സംഘടനയായ അമിക്കോസിലും പിതാവ് സജീവ സാന്നിധ്യമാണ്. ദൈവനിയോഗിതമായി ഉത്തരവാദിത്വം ഏറ്റെടുത്ത് പുത്തൻ കർമ്മ മണ്ഡലത്തിലേക്ക് പോകുമ്പോൾ വ്യത്യസ്തതകൾ ഏറെയുള്ള ശ്രേഷ്ഠാചാര്യ പദവിക്ക് അടുത്ത ശുശ്രൂഷ മാവേലിക്കര ഭദ്രാസനത്തിൽ നിർവഹിക്കാൻ പിതാവിന് ആകട്ടെ എന്ന് ആശംസിക്കുന്നു. ദൈവം ആഗ്രഹിക്കുന്നത് പോലെ പ്രേഷിത മേഖലകളെ എല്ലാം സംയോജിപ്പിച്ച് സുവിശേഷ വെളിച്ചം പകർന്ന് അവിടെയുള്ള ദൈവജനത്തിന് അനുഗ്രഹമായി മാറട്ടെ എന്നും പ്രാർത്ഥിക്കുന്നു.

www.malankaralibrary.com



# പാവങ്ങളുടെ ഹൃദയമറിഞ്ഞ മിഷനറി



**റവ. ഡോ. അഞ്ജലി തെരേസ് ഡി.എം.**
നോട്ടറി, തിരുവനന്തപുരം മേജർ അതിഭദ്രാസന ട്രൈബ്യൂണൽ

ദൈവപരിപാലന മനുഷ്യനെ എന്നും വിസ്മയഭരിതനാക്കുന്നു. കരുണാമയനായ കർത്താവിന്റെ അത്ഭുതകരമായ ഇടപെടലുകൾ, ഓരോന്നായി, ഓരോ വിസ്മയ കാഴ്ചകളായി നമ്മുടെ മുമ്പിൽ അവതരിപ്പിക്കപ്പെടുമ്പോൾ ആ ദൈവപരിപാലനയ്ക്ക് മുമ്പിൽ നന്ദിയോടെ കൈകൾ കൂപ്പുന്നു. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സഹായ മെത്രാൻ എന്ന പദവിയിൽ നിന്നും മാവേലിക്കര ഭദ്രാസനത്തിന്റെ മെത്രാപ്പോലിത്തായായി ഉയർത്തപ്പെട്ട അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് തിരുമേനിക്ക് പ്രാർത്ഥനാശംസകൾ!

### ആമുഖം

ഏതൊരു കർമ്മയോഗിയുടെയും ആഗമനത്തിന്റെ ഉറവിടം നാം അറിയണം. കാലം മറക്കാത്ത രീതിയിൽ ചരിത്രത്തിലേക്ക് പടർന്നു കയറാൻ, ഓർമ്മയിൽ മറയാതെ നിലനിൽക്കാൻ അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് തിരുമേനിയെ പ്രാപ്തനാക്കിയത് ദൈവീകമായ ഉറവിടത്തിന്റെ നിറവ് തന്നെയായിരുന്നു. അഭിവന്ദ്യ പിതാവിനെപ്പറ്റി ഓർക്കുമ്പോൾ ആദ്യം മനസ്സിലേക്ക് കടന്നുവരുന്നത് 'പാവങ്ങളുടെ മെത്രാൻ' എന്ന വിശേഷണമാണ്. കേരളത്തിന്റെ സാമൂഹിക, സാംസ്ക്കാരിക, വിദ്യാഭ്യാസ മണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച പണ്ഡിതനും കേരളത്തിൽ മാത്രമല്ല ഇന്ത്യയിലെ പേരുകേട്ട പ്രശസ്തമായ മാർ ഈവാനിയോസ് കോളേജ് പ്രിൻസിപ്പലും പ്രൊഫസറും ഒക്കെ ആയി രുന്ന അഭിവന്ദ്യ പിതാവിന്റെ ഏറ്റവും വലിയ സന്തോഷം എന്നത് കല്ലടിച്ചവിള (15 വർഷം), ശാസ്തവട്ടം. (12 വർഷം) അയിരൂപ്പാറ, പൗഡികോണം, കല്ലയം, അരശുമൂട്, പ്ലാവറ തുടങ്ങിയ മിഷൻ പ്രദേശങ്ങളിൽ പാവപ്പെട്ട മനുഷ്യരോടുകൂടി ആയിരുന്നപ്പോഴായിരുന്നു. ദർശനത്തിന്റെ തെളിമ കൊണ്ടും ഉള്ളിലെ മിഷൻ തീക്ഷ്ണതയാകുന്ന കനലിന്റെ ചൂട് കൊണ്ടും ക്രിസ്തുവിനെ അവതരിപ്പിച്ച അനന്യമായ ഒരു ജീവിത സാക്ഷ്യം ആണ് അഭിവന്ദ്യ പിതാവ് തന്റെ മിഷൻ പ്രവർത്തനത്തിലൂടെ കഴക്കൂട്ടം വൈദീക ജില്ലാപോലെയുള്ള പ്രദേശത്തിന് പ്രദാനം ചെയ്തത്.

www.malankaralibrary.com



അഭിവന്ദ്യ പിതാവ് ശുശ്രൂഷ ചെയ്ത പ്രദേശങ്ങളിലെ ദൈവജനത്തെ യഥാർത്ഥ ഭക്തിയിലേക്കും ഈശ്വരാനുഭൂതിയിലേക്കും സുദൃഢമായ വ്യക്ത്യാന്തര ബന്ധങ്ങളിലേക്കും നയിച്ചു. പാവങ്ങളോടും പരിത്യക്തരോടും പാർശ്വവത്ക്കരിക്കപ്പെട്ടവരോടും ആർദ്രതയും അനുകമ്പയും കാണിച്ചു. ഉള്ളം നിറയെ സുവിശേഷത്തിന്റെ തീയോടെ, ചങ്ക് നിറയെ ക്രിസ്തുവിനെ നിറച്ച് തന്റെ മക്കളിൽ ക്രിസ്തീയ വിശ്വാസത്തെ ഉറപ്പിക്കാൻ ധീരതയോടെ പ്രവർത്തിച്ചു. പ്രതിസന്ധികളുടെയും പ്രതിബന്ധങ്ങളുടെയും ഇല്ലായ്മയുടേയും അഗ്നിപരീക്ഷണങ്ങളുടെയും കനൽ അനുഭവങ്ങളുടെയും നടുവിൽ, ദൈവഹിതത്തിന് വിധേയപ്പെട്ട് ദൈവപരിപാലന ദർശിച്ച് മുന്നേറി പേരിനേക്കാളുപരിയായി പ്രവർത്തികൊണ്ട് മനുഷ്യമനസ്സിൽ ഇടം നേടിയിട്ടുള്ള വിശുദ്ധ ജീവിതമാണ് അഭിവന്ദ്യ പോളികാർപ്പസ് തിരുമേനിയുടേത്. ഈയവസരത്തിൽ അഭിവന്ദ്യ പിതാവിന്റെ മിഷനറി ജീവിതത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടം...

### എളിമയുടെയും അലിവിന്റെയും മാതൃകയായ മിഷനറി

ജനക്കൂട്ടത്തെ കണ്ട ഈശോയുടെ മനോഭാവത്തെക്കുറിച്ച് വി. മർക്കോസ് സുവിശേഷകൻ ഇപ്രകാരം പറയുന്നു: 'അവരോട് അവന് അനുകമ്പ തോന്നി. കാരണം, അവർ ഇടയനില്ലാത്ത ആട്ടിൻപറ്റം പോലെയായിരുന്നു' (മർക്കോ 6:34) അരക്ഷിതാവസ്ഥയിലായിരിക്കുന്നവരോടും ആരോരുമില്ലാത്തവരോടും ഈശോ കാണിക്കുന്ന അലിവും കാരുണ്യവും ദയയുമാണ് പിതാവിന്റെ മിഷൻ പ്രവർത്തനത്തിന് ബലം പകർന്നത്. വളരെ ശാന്തവും ലളിതവുമായി ജീവിതത്തിന് ദൈവത്തിന്റെ മുമ്പിൽ സ്വീകാര്യതയുണ്ട്. ദൈവം ഒരു വ്യക്തിയെ ദൈവവചന ശുശ്രൂഷക്കായും വിശുദ്ധ ജീവിതത്തിനായും ഒരുക്കുന്നത് എങ്ങനെയെന്ന് അഭിവന്ദ്യ പിതാവിന്റെ ജീവിതം വ്യക്തമാക്കുന്നു. അധ്വാനത്തിന്റെയും ദൈവാശ്രയബോധത്തിന്റെയും വിജയമാണ് ഈ ജീവിതം. സാധാരണ കാര്യങ്ങൾ അസാധാരണമായ നിയോഗങ്ങളുടെ അരൂപിയിൽ നിർവഹിക്കുകയും എല്ലാവരുടെയും മുമ്പിൽ എളിമയോടെ ആയിരിക്കുവാൻ കഴിയുകയും കർത്താവിന്റെ സന്നിധിയിൽ പൂർണമായ ആശ്രയബോധത്തോടുകൂടി ശിശുതുല്യമായ ഒരു തുറവി കാത്തുസൂക്ഷിക്കാൻ സാധിക്കുകയും ചെയ്യുന്നിടത്താണ് വിശുദ്ധിയെന്ന് നമ്മെ പഠിപ്പിച്ച വ്യക്തിയാണ് നമ്മുടെ തിരുമേനി.

മുൻ ഇന്ത്യൻ പ്രസിഡന്റ് ആയിരുന്ന ഡോ. എ പി ജെ അബ്ദുൾ കലാം ഒരിക്കൽ പറഞ്ഞു. 1 am not handsome; but I can give hand to someone who needs help. അഭിവന്ദ്യ പിതാവിനെ സംബന്ധിച്ച് ഇത് വളരെ ശരിയാണ്. നമ്മുടെ പിതാവ് handsome-വുമാണ്, അനേകർക്ക് കരുണയുടെ കരം നീട്ടിയ വ്യക്തിയുമാണ്. അനേകരുടെ ജീവിതത്തിന് വെളിച്ചമേകുന്ന ദൂതനാണദ്ദേഹം.

### ദൈവത്തിനും മനുഷ്യനും ഇടയിൽ പാലം പണിത മിഷനറി

സ്നേഹം, ഹൃദയത്തിൽ കോരിച്ചൊരിയപ്പെടുന്ന ദാനമാണ്. സ്നേഹം ഹൃദയത്തിൽ കൊണ്ടുനടക്കുന്നവർക്കേ ശുശ്രൂഷ ചെയ്യാനും ശുശ്രൂഷ ചെയ്യുന്നവരിൽ ദൈവത്തിന്റെ മുഖം ദർശിക്കാനും സാധിക്കൂ. 'ദൈവത്തെ സ്നേഹിക്കുക. അയൽക്കാരനെ സ്നേഹിക്കുക' എന്ന പ്രമാണം ജീവിതത്തിലൂടെ കാണിച്ചുതന്ന പിതാവ് ദൈവത്തോടു ഒരുവന്റെ സ്നേഹം തെളിമയുള്ളതാണെങ്കിൽ അതേ സ്നേഹത്താൽ സഹോദരങ്ങളെ സ്നേഹിക്കാൻ ആ വ്യക്തിക്ക്

www.malankaralibrary.com



കഴിയുമെന്ന് ജീവിതംകൊണ്ട് കാണിച്ചുതന്ന മനുഷ്യസ്നേഹിയാണ്. നാം ദൈവത്തെ എത്രയധികം സ്നേഹിക്കുന്നുവോ അത്രയധികമായി നാം സഹോദരങ്ങളിലേക്ക് ഇറങ്ങിച്ചെല്ലും. ദൈവപുത്രനെ ഉദരത്തിൽ വഹിച്ച വിശുദ്ധ കന്യാകാമറിയം തിടുക്കത്തിൽ പോയത് എലിസബത്തിനു ശുശ്രൂഷ ചെയ്യാനാണ്. ഹൃദയത്തിൽ സ്നേഹത്തിന്റെ നീർച്ചാലുകൾ ഒഴുക്കി ദൈവത്തോടും മനുഷ്യരോടും ചേർന്ന് നിൽക്കുന്ന വ്യക്തിത്വമാണ് അഭിവന്ദ്യ പിതാവിന്റേത്. ദൈവത്തിനുവേണ്ടി മനുഷ്യരെ നേടുന്ന ദൗത്യം ഏറ്റെടുത്ത വലിയ മിഷനറി. അറിവോ കഴിവോ സ്വാധീനമോ അല്ല ദൈവകൃപയാണ് ഒരുവനെ ദൈവിക മനുഷ്യനാക്കി മാറ്റുന്നത് എന്ന് അഭിവന്ദ്യ പിതാവിന്റെ ജീവിതം സാക്ഷിക്കുന്നു.

താൻ കണ്ടുമുട്ടിയവരിൽ, മുറിവേറ്റവരിൽ, അശരണരിൽ നല്ല സമരിയക്കാരനെ പോലെ, കാണാതായ ആടിനെ തേടിയിറങ്ങിയ നല്ല ഇടയനെപ്പോലെ, തന്റെ മക്കളുടെ സന്തോഷങ്ങളും സങ്കടങ്ങളും പങ്കുവെച്ചുകൊണ്ട് അവർക്ക് സമീപസ്ഥനായി. സ്നേഹം കൊണ്ട് ദൈവപിതാവിന്റെ മുഖവും സഭാ മാതാവിന്റെ പരിലാളനയും കാണിച്ചുകൊടുത്ത പിതാവാണദ്ദേഹം.

### കരുണയുടെ, കരുതലിന്റെ മിഷനറി

വിളംബരം ഇല്ലാത്ത വിനയത്തിന്റെ പേരല്ലേ കരുണ. ഉള്ളു പിടയുന്ന നോവിലും ചങ്കുകുത്തിതുറന്ന വേദനയിലും യേശു ആഗ്രഹിച്ചത് ഒന്ന് മാത്രം... 'ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്' എന്ന്.

കാരുണ്യമാകാൻ യേശുവിനോളം മറ്റാർക്കും കഴിഞ്ഞിട്ടില്ല എന്നതാണ് യേശുവിന്റെ കരുണയുടെ വിജയം, കരുണയെന്നാൽ അപരനെ അവന്റെ വേദനകളിലും അവന്റെ ഇല്ലായ്മയിലും വല്ലായ്മയിലും നെഞ്ചോടു ചേർത്തുനിർത്തുകയാണ് എന്ന് യേശു കാണിച്ചു തന്നു. ഈ യേശുവിന്റെ കരുണാദ്ര ഹൃദയവും ഭാവവും ജീവിതത്തിൽ ഏറ്റുവാങ്ങി പാവങ്ങളോടും അനാഥരോടും സ്നേഹം മാത്രം നൽകി, കരുണ കാണിച്ചു. കാരുണ്യത്തിന്റെ നിറകുടമായിരുന്ന അഭിവന്ദ്യ പിതാവ് അപരന്റെ പോരായ്മയും സങ്കടങ്ങളും തന്റെതാണെന്ന് തിരിച്ചറിയുകയും അത് പരിഹരിക്കാൻ തന്നാൽ കഴിയുന്ന വ്യക്തിപരമായ സഹായങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന വലിയൊരു മിഷനറിയാണ്. വിശന്ന് വലഞ്ഞവരുടെ വിശപ്പകറ്റി, വസ്ത്രം ഇല്ലാത്തവർക്ക് വസ്ത്രം നല്കി, രോഗികൾക്ക് ആശ്വാസത്തിന്റെ ലേപനമേകി. എല്ലാറ്റിലുമുപരി സ്നേഹം വാരി വിളമ്പുന്ന ഒരു ശുശ്രൂഷകനായി.

പാവപ്പെട്ടവരെ പ്രത്യേകിച്ച് താൻ ശുശ്രൂഷ ചെയ്ത മിഷൻ പള്ളികളിലെ മക്കളെ കാണുമ്പോൾ പിതാവിന്റെ മുഖത്ത് വിരിയുന്ന ഒരു ചെറുപുഞ്ചിരി ഉണ്ട്, അതായ് ഹൃദയത്തിൽ എല്ലാവരെയും ഉൾക്കൊള്ളുന്ന കരുണാർദ്ര ഹൃദയം. ഈ ലോകത്ത് മാറ്റം വരണമെങ്കിൽ നാം ഒരു കാര്യം ചെയ്താൽ മതി തിരിച്ച് ഉപകാരം ചെയ്യാൻ കഴിവില്ലാത്തവരെയും യാതൊരു പ്രതിഫലവും നൽകില്ലെന്ന് ഉറപ്പുള്ളവരെയും സ്നേഹിക്കുക. ഇതാണ് അഭിവന്ദ്യ പിതാവ് ചെയ്തത്.

### ആടുകളുടെ മണമുള്ള മിഷനറി

പ്രേഷിതപ്രവർത്തനം ത്യാഗം ആവശ്യപ്പെടുന്ന ഒരു കാര്യമാണ് സമർപ്പണബോധവും തീക്ഷ്ണതയും ഇതിന് ആവശ്യമാണ്. ഈശോ തനിക്ക് നൽകിയ ഒരു വിശേഷണം നല്ല ഇടയൻ എന്നായിരുന്നല്ലോ (യോഹ. 10: 11). തന്റെ ആടുകളോട് അവിടുത്തേക്കുള്ള മാതൃസഹജമായ കരുതലാണ് ക്രിസ്തീയ അജപാലന ശുശ്രൂഷയുടെ അടിസ്ഥാനം. ഒരു അമ്മയെപ്പോലെ ആടുകളെ ചേർത്തു പിടിക്കുകയും ത്യാഗങ്ങളേറ്റെടുത്ത് അവയെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുകയാണ് ക്രിസ്തീയ അജപാലകർ ചെയ്യേണ്ടത്. കരുതലുള്ള നേതാവിന് അർഹമായ സ്ഥാനപ്പേരാണ് ഇടയനെന്നത്.

ക്രൈസ്തവ നേതൃത്വം ഒരു വരമാണ്; വീണുകിട്ടിയ ഒരു സൗഭാഗ്യമാണ്. നേതൃത്വം എന്നല്ല ഇതിനർത്ഥം. സഭാ ശുശ്രൂഷയ്ക്കുള്ള ആത്മാവിന്റെ ബലപ്പെടുത്തൽ എന്ന നിലക്കാണ്



നേതൃത്വം ഒരു ദൈവികവരമാകുന്നത്. ഇസ്രായേലിന്റെ ലക്ഷണമൊത്ത നേതാവായിരുന്നു മോശ. മേച്ചിൽ സ്ഥലത്തേക്ക് ഏറ്റവും ആദ്യം കുഞ്ഞാടുകളെയും അതിനുശേഷം മൂപ്പനുസരിച്ച് മറ്റാടുകളേയും മോശ തുറന്നു വിടുമായിരുന്നത്രേ. തളിരിലകൾ കുഞ്ഞാടുകൾക്ക് കിട്ടണം എന്ന കരുതലോടെ ആയിരുന്നു മോശയുടെ അജപാലനം.

തന്റെ കുഞ്ഞാടുകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ, അവരുടെ ജീവിതനിലവാരമുയർത്താൻ വേണ്ടി വളരെ കരുതലോടും ജാഗ്രതയോടും കൂടിയായിരുന്നു അഭിവന്ദ്യ പിതാവിന്റെ അജപാലന ദൗത്യം. ആടുകളുടെ മണമറിയുന്ന ഇടയൻ, ശരിയായ വാതിലിലൂടെ നയിക്കുന്ന ഇടയൻ. എല്ലാവരോടും സ്നേഹം എല്ലാവർക്കുംസ്നേഹം അതാണ് അഭിവന്ദ്യ പോളിക്കാർപ്പസ് തിരുമേനിയുടെ മുഖമുദ്ര.

### നിഷ്കപടനായ നല്ല മിഷനറി

'വിളക്ക് കൈവശമുള്ളവന് വിശ്വം മുഴുവൻ വെളിച്ചമത്രേ' എന്നല്ലെ പറയുക ആരുടെയും സ്വാർത്ഥതാത്പര്യങ്ങൾക്ക് വശപ്പെടാതെയും എന്നാൽ വ്യക്തിബന്ധങ്ങൾ കാത്തു സൂക്ഷിക്കുകയും കൃത്യമായ സാഹോദര്യത്തിന്റെയും സൗഹൃദത്തിന്റെയും സന്ദേശം പകരുകയും ചെയ്യുന്ന വ്യക്തിത്വം. സത്യമെന്ന് ഉറപ്പുള്ള ഏതുകാര്യങ്ങൾക്കുവേണ്ടിയും, എന്തു ത്യാഗവും സഹിച്ച് എതിർപ്പുകളെയും പ്രതിസന്ധികളെയും ആത്മീയ ശക്തിയാൽ അതിജീവിച്ച് സർവ്വശക്തനായവൻ എന്നെ കൈ പിടിച്ച് നടത്തുന്നു എന്ന ബോദ്ധ്യത്തോടെ തന്നെ ഏൽപിച്ച ഉത്തരവാദിത്വങ്ങളിലെല്ലാം നൂറ് ശതമാനം വ്യത്യസ്ത പുലർത്തുന്ന വളരെ ക്രിയാത്മകമായും ആത്മാർത്ഥമായും തന്റെ ശുശ്രൂഷകൾ നിർവഹിക്കുന്ന വിശ്വസ്തനും വിവേകിയുമായ നിഷ്കപടനുമായ നല്ല മിഷനറി.

www.malankaralibrary.com



വിശക്കുന്നവന് നമ്മുടെ ആഹാരത്തിന്റെ പങ്ക് വിഭജിച്ചു നൽകുമ്പോഴാണ് ജീവന്റെ അപ്പം വിഭജിച്ചു പങ്കിടുന്നതിന്റെ മഹത്വം ആഘോഷി ക്കപ്പെടുന്നത് എന്ന് പിതാവിന്റെ ജീവിതം സാക്ഷിക്കുന്നു. അഭിവന്ദ്യ പിതാവിന്റെ 25-ാം പൗരോഹിത്യ ജൂബിലിയുടെ സമ്മാനമായി കല്ലടിച്ചിവിളയിൽ ഒരു ദൈവാലയം നിർമ്മിച്ചു. നിർധനരായ കുഞ്ഞുങ്ങൾക്കായി നേഴ്സറി സ്കൂൾ ആരംഭിച്ചു. പാവപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകി. അഗതികളായ പെൺകുട്ടികളുടെ വിവാഹത്തിന് സാമ്പത്തിക സഹായം നൽകി, അർഹമായ എല്ലാവരെയും നല്ല രീതിയിൽ പഠിപ്പിച്ച് ജോലി വാങ്ങി ക്കൊടുത്തു. പാർപ്പിടമില്ലാത്തവർക്ക് സ്വന്തം ചിലവിൽ ഭവനം നിർമ്മിച്ചു നൽകി.

ക്രൈസ്തവ കൂട്ടായ്മയുടെ ചൈതന്യം ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെപാവങ്ങൾക്ക് പകർന്ന് കൊടുക്കുവാൻ എല്ലാവിധ പ്രോത്സാഹ നങ്ങളും പിന്തുണയും ഈ പ്രദേശങ്ങളിൽ പിതാവ് നൽകി. അർപ്പണബോധവും ഉദ്ദേശ്യ ശുദ്ധിയും ആത്മാർത്ഥതയും നിറഞ്ഞ അഭിവന്ദ്യ പിതാവിന്റെ നേതൃത്വം സഭയ്ക്കും സമൂഹ ത്തിനും നന്മയുടെ പാതയിൽ മുന്നോട്ടുപോകു വാൻ കരുത്തു നല്കി

## ഉപസംഹാരം

ഏശയ്യാ പ്രവാചകനിലൂടെ കർത്താവു പറയുന്നു: 'ഉണർന്നു പ്രശോഭിക്കുക; നിന്റെ പ്രകാശം വന്നുചേർന്നിരിക്കുന്നു. കർത്താവിന്റെ മഹത്ത്വം നിന്റെമേൽ ഉദിച്ചിരിക്കുന്നു' (ഏശ 50:1). അതെ, അഭിവന്ദ്യ പിതാവിന്റെ പുതിയ ദൗത്യം കൂടുതൽ ഉണർന്നു പ്രശോഭിക്കാനുള്ളതാണ്.

തത്വശാസ്ത്ര ചിന്തകയായിരുന്ന വിശുദ്ധ ഈഡിത്ത് സ്റ്റെയിൻ പ്രകാരം പറഞ്ഞിട്ടുണ്ട്. 'പ്രാർത്ഥനയിലൂടെ നിങ്ങൾക്ക് ദൈവത്തോട് സംസാരിക്കാം, പ്രായശ്ചിത്തത്തിലൂടെ നിങ്ങൾക്ക് ദൈവത്തെ സ്പർശിക്കാം, ദാനധർമ്മങ്ങളിലൂടെ നിങ്ങൾക്ക് ദൈവമായി മാറാം. ഇത് മൂന്നും എപ്പോഴും സാധ്യമായാൽ ജന്മം ധന്യമാകും, ജീവിതം സ്വർഗമാകും.'

അഭിവന്ദ്യ പിതാവിന്റെ മുന്നോട്ടുള്ള പ്രയാണ ത്തിൽ ശക്തിയും മാർഗദർശനവും ലഭിക്കുന്ന തിനും ആയുരാരോഗ്യങ്ങൾ ഉണ്ടാകുന്നതി നുമായി പ്രാർത്ഥിക്കുന്നു. നന്മയുടെ പ്രകാശഗോ പുരമായി നിലകൊള്ളുന്ന പിതാവിന്റെ ആത്മീയ ചൈതന്യത്തിന്റെ ബഹിർസ്ഫുരണങ്ങൾ തുടർന്നും ദീർഘകാലം സഭയ്ക്ക് ലഭിക്കുന്നതിന് സർവശക്തനായ ദൈവം അഭിവന്ദ്യ തിരുമേ നിയെ അനുഗ്രഹിക്കട്ടെ.

സ്നേഹത്തീയിൽ ക്രിസ്തുവിനുവേണ്ടി ഹോമിക്കുന്ന ഇഷ്ടങ്ങളും ഏറ്റെടുക്കുന്ന നോവുകളും ഒരു തിരഞ്ഞെടുപ്പിന്റെ ശിഷ്ടഭാഗ്യ ങ്ങളായി കരുതുന്ന ഇടയന് പുതിയ ദൗത്യത്തിന് എല്ലാ ദൈവാനുഗ്രഹങ്ങളും ഉണ്ടാകട്ടെ. പിതാവിന്റെ അധരങ്ങളിലൂടെ യേശുനാഥൻ സംസാരിക്കട്ടെ. അഭിവന്ദ്യ പിതാവിന്റെ കരങ്ങ ളിലൂടെ അവിടുന്ന് പ്രവർത്തിക്കട്ടെ.



www.malankaralibrary.com





**The late Dr. Abraham Joseph**
Former Professor, Mar Ivanios College,
Thiruvananthapuram

# Cheerful Commitment To Duty and Service

Rev. Dr Mathew Manakarakavil belongs to that class of people to whom Mar Ivanios College is both a place of work and worship. He stood tall among his contemporaries both physically and spiritually. He had the inner strength to bid his time and rise to the occasion when the call of duty came. Deep faith and loyalty to the Church marked him out as a priest. As principal, his day began with a prayer. He went down on his knees in front of Mother Mary's portrait kept in his office. There was a lighted candle signifying the divine help he sought to lead the campus. He was able to impart a Catholic vision of education within the spirit of the Indian Constitution.

The experience he had acquired as a teacher in the college and warden of the hostel helped him in assessing his colleagues and be the efficient captain of Team Ivanios. His stint as Bursar groomed him in managing the finances of the institution by prioritizing the needs and demands which came before him. As the representative of the management in the admission committee for many years he ensured that the college admitted deserving candidates.

www.malankaralibrary.com

Though not an astute diplomat he was able to stay clear of cliques and pressure groups that traumatize administrators. I have observed with admiration how he chose persons for various tasks by gauging their merits rather than the persons or groups that prop them up. His dealings were straight forward and frank so that he was never accused of double dealing or springing nasty surprises on the unwary.

A college is benefitted by the head of the institution's familiarity with the terrain and texture of the campus. As an old student of the college he had a deep grasp of the material and intellectual resources of the hallowed precincts of this temple of learning. Warm interactions with the public especially the alumni of the college strengthened his tenure as principal. AMICOS had a golden spell during his time because he tapped the potential of our old students. This is not by just seeking contributions but by welcoming ideas, contacts, nostalgia and presence.

Rev. Father was open to new ideas and irrespective of the position or standing of the person who mooted the idea he gave ear and mind to their dreams. The celebrated whale skeleton project of the Zoology Department is a fine example. The Science Religion project and the International Library award from Cambridge could not have come to Mar Ivanios College without his visionary leadership. His guidance kept the pursuit of excellence in all the departments alive. More gender sensitive physical amenities for the students and the restructuring of the college office imbued the campus with a sparkle.“Rev. Father's international exposure, thanks to knowledge of French and his several visits to Europe was reflected in his attempts at sprucing up the college Talks by eminent foreigners and Indian Diaspora became a feature of the institution during his period. ICT got a boost in his time to both science and arts streams. The modernization of the college library started under his guidance. A string of VIPs and celebrities visited the campus during his tenure. These include former President Dr APJ Abdul Kalam, Magsaysay award winner Kiran Bedi IPS, Rahul Gandhi...

Arts and sports activities were not only encouraged but also financially supported. Our winning spree in youth festivals and sports and games meets was enviable during his time. One of the wearisome engagements of a principal is with the student politicians. Not only are they volatile but they are also often manipulated by external forces. By being firm but reasonable Rev. Fr. Mathew was able to rein them in and tether them to the campus goals.

In our leap to realms of the glittering galaxies of achievements the pockets of darkness in our classes






are often ignored. Mathew Achen launched the Campus Empowerment Fund to support students who came from financially weak sections but showed resilience and academic brilliance. Class teachers were asked to nominate students to receive special grants to pursue their studies. After office hours, Rev. Fr Mathew channelized his energy to a small community of the faithful a few kilometres from the city centre. I recall the day a new church was opened for them under his initiative. They were profoundly grateful to him. Communal harmony was evident from the participation of people from the area. They were expressing gratitude for his involvement in setting up a school in the area.

The busy life as teacher, principal and parish priest denied father the much needed time and space for personal academic endeavours. He had chosen an interesting topic for his research leading to PhD. In spite of the many hurdles, he completed the study comparing the works of Simone de Beauvoir and Kamala Das. It was a bold topic for a Catholic priest but with steadiness of purpose, academic insight and equanimity he submitted the thesis. Rev. Dr . Mathew thus manifested his academic dedication too. An avid reader, Fr. Mathew was fond of buying books on a wide range of topics for the college

It is sad that Father got only four years as principal but the period moulded the college for the transition to autonomy. After retirement the first assignment he got was to run a primary school in the outskirts of the city. I thought it was rather unfair. I met him one evening in the dim lit vicarage next to the school. He was not bitter but saw it as a challenge a priest should undertake. Before long the Church in its wisdom elevated him to the post of Vicar General. As a member of HB Moran Mor Baselios Cardinal Cleemis's team of spiritual leaders at Thirusannidhi, Monsignor Mathew Mathew can do much for the community and Mar Ivanios College. The Corepiscopo rank gave him a pink belt but nothing else has changed. The same old cheerful commitment to duty and service!

May the Almighty bless us abundantly with the services of this priest, teacher and good human being!


www.malankaralibrary.com

# അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് പിതാവ് കരുണയുടെ ശ്രേഷ്ഠ ഇടയൻ



**ഡോ. ജിജിമോൻ കെ. തോമസ്**
മുൻ പ്രിൻസിപ്പൽ, മാർ ഈവാനിയോസ് കോളേജ്, തിരുവനന്തപുരം

നാലു പതിറ്റാണ്ടുകളായി മാർ ഇവാനിയോസ് വിദ്യാനഗറിനെ അടുത്ത് അറിഞ്ഞിട്ടുള്ള, വിദ്യാനഗറിനെ ഹൃദയത്തിൽ ചേർത്ത് നിർത്തിയിട്ടുള്ള, ആഗോള മലങ്കര കത്തോലിക്ക സഭയിലെ ശ്രേഷ്ഠ ഇടയനായി ഉയർത്തപ്പെട്ട അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് പിതാവിനെ എന്റെ ഓർമകളുടെ അധ്യായങ്ങളിൽ നിന്നും ഏതാനും ചില ചിന്തകൾ വിനയപൂർവം പങ്കുവെച്ചു കൊള്ളട്ടെ

മാർ ഇവാനിയോസ് കോളേജിലെ ഒരു പ്രീഡിഗ്രി വിദ്യാർത്ഥിയായി വിദ്യാഭ്യാസം ആരംഭിച്ച അഭിവന്ദ്യ പിതാവ് സെമിനാരിയിലെ ഫിലോസഫിയിലും തിയോളജിയിലും ഉള്ള ബിരുദ പഠനം കൂടാതെ ചെന്നൈ ലയോള കോളേജിൽ നിന്നും ഗോൾഡ് മെഡലോടുകൂടി ചരിത്രത്തിൽ ബിരുദം നേടുകയും തന്റെ ഐഛികവിഷയമായ ഫ്രഞ്ച് ഭാഷയിൽ ബിരുദാനന്തര ബിരുദ പഠനം പൂർത്തിയാക്കുകയും

www.malankaralibrary.com

തുടർന്ന് മധുര കാമരാജ് യൂണിവേഴ്സിറ്റിയിൽ നിന്നും. എം. ഫിലും പിന്നീട് പാരിസിലെ കാത്തലിക് യൂണിവേഴ്സിറ്റിയിൽ നിന്നും ഫ്രഞ്ച് ഭാഷയിൽ ഡിപ്ലോമയും കരസ്ഥമാക്കി. അതിനു ശേഷം 2010 ൽ തിരുനെൽവേലി എം. എസ്. യൂണിവേഴ്സിറ്റിയിൽനിന്നും ഫ്രഞ്ച് സാഹിത്യത്തിൽ ഡോക്ടറേറ്റ് ബിരുദവും കൂടി നേടിയപ്പോൾ അഭിവന്ദ്യ പിതാവിലൂടെ മലങ്കര കത്തോലിക്കാ സഭക്ക് ഏറെ അഭിമാനം തോന്നിയനിമിഷങ്ങളായിരുന്നു.

1990 ൽ മാർ ഇവാനിയോസ് കോളേജിൽ ഒരു ലെക്ച്ചറർ ആയി ഔദ്യഗിക ജീവിതം ആരംഭിച്ച മാത്യു മനക്കരക്കാവിലച്ചൻ കോളേജുമായി ഏറെ ഇഴുകി ചേർന്ന് പ്രവർത്തിച്ചിരുന്നു. തന്റെ ഹൃദയത്തിൽ മാർ ഇവാനിയോസ് കോളേജിനെ ഏറ്റെടുക്കുകയും ക്യാമ്പസ്സിലെ ഓരോ വ്യക്തികളിലും തന്റെ സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും കയ്യൊപ്പു ചാർത്തുകയും ചെയ്തു.

നീണ്ട 17 വർഷം മാർ ഇവാനിയോസ് കോളേജിന്റെ സെൻറ് തോമസ് ഹോസ്റ്റൽ വാർഡൻ ആയിരുന്നത് അദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതത്തിലെ വലിയ നാഴിക കല്ലായി എടുത്തുപറയാം. ഹോസ്റ്റൽ അന്തേവാസികൾക്ക് രക്ഷിതാക്കൾ ആയി പ്രവർത്തിച്ചിരുന്ന നീണ്ട കാലയളവ്, 2007 മുതൽ 2011 വരെ മാർ ഇവാനിയോസ് കോളേജിന്റെ പ്രിൻസിപ്പൽ എന്ന വലിയ ഉത്തരവാദിത്തം നിറവേറ്റുമ്പോൾ, മാർ ഇവാനിയോസ് തിരുമേനി ഈ കോളേജ് സ്ഥാപിച്ചതിന്റെ ഉദ്ദേശവും ആ മഹായിടയന്റെ കോളേജിനെ കുറിച്ചുള്ള വീക്ഷണവും ഏറ്റവും കൃത്യതയോടെ നിറവേറ്റുവാനും അത് പ്രാവർത്തികമാക്കുവാനും അഭിവന്ദ്യ പോളികാർപ്പസ് പിതാവിന് കഴിഞ്ഞു എന്നുള്ള വസ്തുത എടുത്തു പറയേണ്ട കാര്യമാണ് കോളേജിന്റെ മുൻകാല പ്രിൻസിപ്പൽമാരായിരുന്ന, ഗീവർഗീസ് പണിക്കർ അച്ചന്റേയും ജോർജ് മലഞ്ചരുവിൽ അച്ചന്റെയും തോമസ് കൊട്ടാരത്തിൽ



www.malankaralibrary.com



അച്ചന്റെയും, കെ. എം. വർഗീസ് സാറിന്റെയും ആന്റണി ഈപ്പൻ സാറിന്റെയും ഡാനിയേൽ കുഴിത്തടത്തിൽ അച്ചന്റെയും അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവിന്റെയും ഭരണ മികവിന്റെ പാഠങ്ങൾ ഹൃദിസ്ഥമാക്കി ബാറ്റൺ കയ്യിലേന്തിയ അഭിവന്ദ്യ പോളി കാർപ്പസ് പിതാവ് ഈ കലാലയത്തെ ഈ കാലയളവുകൊണ്ട് ഒരു മികവിന്റെ കേന്ദ്രമാക്കി മാറ്റി എന്നുള്ളത് വസ്തുതയാണ്.

മാർ ഇവാനിയോസ് കോളേജിലെ അധ്യാപന പരിചയവും, ഹോസ്റ്റൽ വാർഡനും കോളേജ് പ്രിൻസിപ്പലും എന്ന നിലയിലും വിശിഷ്ട സേവനവും കാഴ്ച വെച്ച അഭിവന്ദ്യ പിതാവിനെ തേടി സഭാതലത്തിലുള്ള ചുമതലകളും പദവികളും കൂടാതെ അന്തർ ദേശീയ തലത്തിലും ദേശീയ തലത്തിലും സംസ്ഥാന തലത്തിലും യുണിവേഴ്സിറ്റി തലത്തിലും മറ്റനേകം പദവികൾ എത്തിയിരുന്നു. ഇൻഡോ-കനേഡിയൻ അസോസിയേഷൻ അംഗത്വം ദേശീയ ഫ്രഞ്ച് അസോസിയേഷൻ അംഗത്വം തിരുവനന്തപുരം അലയൻസ് ഡി ഫ്രാൻസയിസ് അംഗത്വം യു. ജി. സി. സൗത്ത് വെസ്റ്റ് റീജിയൻ കൺവീനർ, സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ റീ അക്രഡിറ്റേഷൻ പ്രോഗ്രാമിലെ അംഗത്വം കേരള സർവകലാശാലയുടെ അക്കാഡമിക് കൗൺസിൽ മെമ്പർ, ഫ്രഞ്ച് ലാറ്റിൻ പഠന ബോർഡിന്റെ ചെയർമാൻ സർവകലാശാല അക്കാഡമിക് സ്റ്റാഫ് കോളേജിന്റെ അഡ്വൈസറി കൗൺസിൽ മെമ്പർ, എന്നിവയെല്ലാം അതിൽ ചിലതു മാത്രമാണ്.

വിശിഷ്ടമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയായ അഭിവന്ദ്യ പിതാവിനെ തന്റെ ആയിരക്കണക്കിന് വിദ്യാർത്ഥികൾ ഇന്നും ആരാധനയോടെ ഓർക്കുന്നു എന്ന സത്യം പൊതു ചടങ്ങുകളിൽ അദ്ദേഹം സംബന്ധിക്കുമ്പോൾ ആർത്തിരമ്പി വരുന്ന പൂർവ്വ വിദ്യാർത്ഥികളെ കാണുമ്പോൾ മനസ്സിലാക്കാവുന്നതാണ്. ഇൻസ്പയറിങ് ടീച്ചർ എന്നത് അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത് അതിശയോക്തിയല്ല. കാർക്കശ്യക്കാരനായ ഒരു ഭരണാധിപൻ, വിദ്യാർത്ഥികളുടെ അച്ചടക്കത്തിന് യാതൊരു വിട്ടുവീഴ്ചയും ചെയ്യാത്ത നിലപാടിൽ ഉറച്ചു നിൽക്കുന്ന വ്യക്തിത്വം, അധ്യാപകരെയും അനധ്യാപകരെയും ചേർത്ത് നിർത്തുന്ന എന്നാൽ അക്കാദമിക മേൽനോട്ടം കർശനമായി പാലിക്കപെടുവാൻ ഒരു വിട്ടു വീഴ്ചക്കും തയ്യാറാകാത്ത വ്യത്യസ്തനായ ഒരു പ്രിൻസിപ്പൽ എന്നതൊക്കെ തന്നെയാണ് അഭിവന്ദ്യ പിതാവിനെ വിശേഷിപ്പിക്കുവാനുള്ളത്.

വിദ്യാർത്ഥിനീ വിദ്യാർത്ഥികളുടെ പെരുമാറ്റ വൈവിധ്യങ്ങളും ക്യാമ്പസ് രാഷ്ട്രീയം തികച്ചും ഭൗതീകമായ ബന്ധങ്ങളാൽ വാക് പോരുകളിലും ചിലപ്പോഴെങ്കിലും അക്രമ വാസനയിലേക്കു പോകുന്ന സന്ദർഭങ്ങളിലും സോഷ്യൽ മീഡിയായുടെ ശക്തമായ കടന്നു വരവിലും വിദ്യാർത്ഥികളിൽ ഉണ്ടായിരുന്ന മാനസിക പിരിമുറുക്കങ്ങളും വളരെ തന്മയത്വത്തോടെ നേരിടുകയും പ്രശ്ന പരിഹാരത്തിന് തന്റേതായ സൂത്രവാക്യങ്ങൾ ആവിഷ്കരിക്കുകയുംചെയ്യാൻ പിതാവിന് കഴിഞ്ഞു എന്നതും ഈ അവസരത്തിൽ ഓർമിച്ചെടുക്കാൻ കഴിയും.

ക്യാമ്പസ് മുഴുവനായും തന്റെ ഹൃദയത്തിൽ ചേർത്തുവെച്ചിരുന്നു എന്ന് നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. തന്റെ കുട്ടികളെ എങ്ങനെ സ്നേഹിച്ചു ചേർത്ത് നിർത്തിയിരുന്നുവോ അതുപോലെ തന്നെ ക്യാമ്പസ് പ്രകൃതി പരിസ്ഥിതി മെച്ചമാക്കുന്നതിൽ അതീവ ശ്രദ്ധാലുവും ഉത്സാഹിയും ആയിരുന്നു പിതാവ്. അദ്ദേഹം തന്നെ മേൽനോട്ടം വഹിച്ച് മുൻകൈയെടുത്തു നട്ടു പിടിപ്പിച്ച അനേകം വൃക്ഷങ്ങൾ ഇന്നും ക്യാമ്പസ്സിൽ പടർന്നു പന്തലിച്ചു നില്കുന്നത് നമുക്ക് കാണുവാൻ സാധിക്കും.

ഓരോ ദിവസത്തിന്റെയും ഭൂരിഭാഗം സമയവും ക്യാമ്പസ്സിൽ തന്നെ ചെലവഴിച്ചിരുന്നത് വഴി ഇവിടുത്തെ ഓരോ വ്യക്തികൾക്കും വൃക്ഷങ്ങൾക്കും മണൽ തരികൾക്കു പോലും അഭിവന്ദ്യ പിതാവ് വളരെ സുപരിചിതനാണ്.

ലൂർദ് മാതാവിന്റെ ശക്തനായ ഒരു ഭക്തനായ അഭിവന്ദ്യ പിതാവ്, മാതാവ് തനിക്കു നൽകിയ വ്യക്തിപരമായ അനുഗ്രഹങ്ങളെപ്പറ്റി പല അവസരങ്ങളിലും വിവരിച്ചിട്ടുണ്ട്. തന്റെ ജീവിതത്തിലെ ഉയർച്ചകൾക്കൊക്കെ മാതാവിന്റെ



www.malankaralibrary.com

അനുഗ്രഹം കൂടെയുണ്ട് എന്ന് പിതാവ് പല അവസരങ്ങളിലും വ്യക്തമാക്കിയിട്ടുണ്ട്.

അഭിവന്ദ്യ പിതാവ് പ്രിൻസിപ്പലായിരുന്ന കാലഘട്ടത്തിൽ സാമ്പത്തികമായി പിന്നിൽ നിൽക്കുന്ന വിദ്യാർത്ഥികളെ തേടിപിടിച്ചു അവർക്കു പഠനത്തിനും അക്കാദമികമായ പഠ്യേതര വിഷയങ്ങൾക്കും സംബന്ധമായ ചിലവുകൾ തന്റെ ശമ്പളത്തിൽ നിന്ന് തന്നെ അർഹരായവർക്ക് കൊടുക്കുന്ന പതിവ് അദ്ദേഹത്തിന് ഉണ്ടായിരുന്നു. കൂടാതെ സാമ്പത്തികമായി കഷ്ടപ്പെട്ടിരുന്ന കോൺട്രാക്ട് സ്റ്റാഫിന് ആവശ്യമനുസരിച്ചു സാമ്പത്തിക സഹായം ചെയ്തിരുന്നതായും ഓർത്തെടുക്കുവാൻ കഴിയുന്നു. അനവധി അധ്യാപകർക്കും, അനധ്യാപകർക്കും, വിദ്യാർത്ഥികൾക്കും ഉപകാരപ്രദമായ ക്ഷേമ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യങ്ങളുടെ വികസനപ്രവർത്തനങ്ങളും ഈ കാലത്തു പിതാവിന്റെ നേതൃത്വത്തിൽ നടത്തിയിരുന്നു. വിദ്യാനഗറിനുള്ളിൽ കോളേജിന്റേതു മാത്രമായി ഒരു ഗേറ്റ് പണികഴിപ്പിച്ചത് ഈ കാലയളവിലാണ്. വിദ്യാനഗറിലെ സ്ഥാപനങ്ങളുമായി വേർതിരിച്ചു ഗേറ്റ് നിർമിക്കുക വഴി വിദ്യാർത്ഥികളുടെ സുരക്ഷയും അച്ചടക്കവും വർധിപ്പിക്കുവാൻ കഴിഞ്ഞു.

ഈ കാലയളവിലാണ് കോളേജിലെ പ്രധാന ലൈബ്രറി ആധുനികവത്കരിച്ചത്. അഭിവന്ദ്യ പിതാവിന്റെ കൃത്യമായ പ്ലാനിങ്ങും പദ്ധതികളും ലൈബ്രറിയിയുടെ വികസനത്തിന് കാരണമായി, അനവധി പുസ്തകങ്ങൾ വാങ്ങിക്കുകയും കൂടുതൽ തലത്തിലേക്ക് ഡിജിറ്റൽ ലൈബ്രറി സംവിധാനങ്ങൾ മാറ്റപ്പെടുകയും ചെയ്യപ്പെട്ടു.

ഉന്നത ഗവേഷണ സ്ഥാപനങ്ങളിൽ മാത്രം ഉള്ള മൃഗങ്ങളിലുള്ള ചില ഗവേഷണങ്ങളുമായി ബന്ധപ്പെട്ടു മാർ ഇവാനിയോസ് കോളേജ് സുവോളജി വിഭാഗത്തിൽ നിയമാനുസൃതമായ ഒരു അനിമൽ ഹൗസ് സ്ഥാപിക്കുവാൻ പിതാവിന്റെ മാർഗ്ഗനിർദ്ദേശം സാധ്യമായി. കേന്ദ്രഗവണ്മെന്റിന്റെ അംഗീകാരത്തോടെയുള്ള ഈ സംരംഭം, അഫിലിയേറ്റഡ് കോളേജുകളെ സംബന്ധിച്ചടത്തോളം വലിയ നേട്ടം തന്നെയായിരുന്നു.

വിഴിഞ്ഞം കടൽത്തീരത്ത് വന്നടിഞ്ഞ ഒരു വലിയ നീലത്തിമിംഗലത്തിന്റെ അസ്ഥികൂടം പഠന ഗവേഷണ ആവശ്യങ്ങൾക്കായി സാങ്കേതിക, ഗവേഷക വിദഗ്ദരുടെയും അധ്യാപകരുടെയും സഹായത്തോടെ അതിനെ പ്രോസസ്സ് ചെയ്ത്, കേന്ദ്ര വനം വന്യജീവി മന്ത്രാലയത്തിന്റെ അംഗീകാരത്തോടെ സുവോളജി മ്യൂസിയത്തിൽ സ്ഥാപിച്ചത് അഭിവന്ദ്യ പിതാവിന്റെ അക്കാലത്തെ മറ്റൊരു മികച്ച പ്രവർത്തനമാണ്. ഈ സംരംഭം പിൽക്കാലത്ത് അനേകം വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെട്ടിരുന്നതായി കാണാം. തുടർന്ന് സുവോളജി മ്യൂസിയം നവീകരിക്കുകയും, സുവോളജി, ഫിസിക്സ്, ബോട്ടണി വിഭാഗങ്ങളിൽ മൾട്ടി മീഡിയ ലെക്ചർ ഹാളുകൾ പുതുതായി തുടങ്ങുകയും ചെയ്തു. ബോട്ടണിയിലും ബിയോടെക്നോളജി വിഭാഗത്തിലും നവീകരിച്ച ലബോറട്ടറികൾ സജ്ജമാക്കുകയും ഗവേഷണ നിലവാരത്തിലുള്ള ചില ഇൻസ്ട്രുമെന്റസ് സ്ഥാപിക്കുകയും കുടതെ പഠനവിഭാഗങ്ങളിലും ആവശ്യമായ കമ്പ്യൂട്ടർ പ്രിൻറർ ഇതര ഐ ടി സംബന്ധമായ സംവിധാനങ്ങൾ സജ്ജമാക്കുകയും മുൻ പ്രിൻസിപ്പലായിരുന്ന ഡാനിയേൽ കുഴിത്തടത്തിലച്ചൻ നവീകരിച്ചു സ്ഥാപിച്ച എയർ കണ്ടിഷൻഡ് മാർ ഗ്രീഗോറിയോസ് ഹാളിൽ അഭിവന്ദ്യ പോളികാർപ്പോസ് പിതാവ് 56 ഇഞ്ച് LED ടെലിവിഷൻ സ്ഥാപിക്കുകയും എയർടെൽ കണക്ഷനിലൂടെ ചാനൽ ടി വി ദൃശ്യം സാധ്യമാക്കുകയും ചെയ്തു. ഇത് കൂടാതെ എല്ലാ ഡിപ്പാർട്മെന്റുകളിലുമായി 14 ടെലിവിഷൻ സെറ്റുകൾ സ്ഥാപിച്ചു. അതിലൂടെ വിദ്യാർത്ഥികൾക്ക് നൂൺ ബ്രേക്കിന് ടി വി ദൃശ്യങ്ങൾ ആസ്വദിക്കുവാൻ ഇടയാക്കി. മറ്റൊരു പ്രധാനപ്പെട്ട നവീകരണ പ്രവർത്തനം മാർ ഇവാനിയോസ് കോളേജ് ഓഫീസ് സമുച്ചയമാണ്. ഇന്ന് നിലവിൽ ആയിരിക്കുന്ന ഓരോ സെക്ഷനുകൾക്കും വ്യത്യസ്ത കൗണ്ടറുകൾ ഉൾപ്പെടെ സൂപ്രണ്ട്, കാഷ്യർ മുതലായ ഉദ്യോഗസ്ഥർക്ക് വ്യത്യസ്ത ക്യാബിനുകൾ മുതലായ മാറ്റങ്ങൾ പിതാവിന്റെ സംഭാവനയാണ്. കൂടാതെ കുട്ടികൾക്ക് പ്രത്യേക സ്കൂട്ടർ ഷെഡ്, പെൺ

www.malankaralibrary.com



കുട്ടികളുടെ റസ്റ്റ് റൂം നവീകരണം, പെൺ കുട്ടികൾക്ക് തയ്യൽ പരിശീലനത്തിനുള്ള സ്ഥിരം സംവിധാനം എന്നിവ പിതാവിന്റെ പ്രവർത്ത നങ്ങളിൽ ചിലതു മാത്രമാണ്.

അക്കാഡമിക മികവ് മാർ ഇവാനിയോസ് കോളേജിലെ അധ്യാപകരിലും വിദ്യാർത്ഥി കളിലും നിർബന്ധമാണ് എന്ന നിലപാടുകാരനാ യിരുന്നു അഭിവന്ദ്യ പിതാവ്. അതിനു സഹായ കമായ ഏതു പ്രവർത്തനത്തിലും ചുക്കാൻ പിടിക്കാൻ പിതാവ് മുൻപന്തിയിൽ തന്നെ ഉണ്ടായിരുന്നു. ഫിസിക്സ് ഡിപ്പാർട്മെന്റിലെ പ്രൊഫ വി എസ് ജയകുമാർ സാറിന്റെ നേതൃത്വത്തിൽ ആദ്യമായി കേന്ദ്ര സർക്കാരിന്റെ DST-FIST (2008) സാമ്പത്തിക സഹായം ലഭിക്കുന്നതിൽ വേണ്ട അപേക്ഷ തയ്യാറാക്കി അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവ് പ്രിൻസിപ്പലായിരുന്നപ്പോളാണ് സമർപ്പി ച്ചത്. പ്രസ്തുത ഗ്രാന്റ് ലഭ്യമായതും അവയെ ല്ലാം സമയബന്ധിതമായി ചിലവഴിച്ചു റിപ്പോർട്ടു സമർപ്പിച്ചതും അഭിവന്ദ്യ പോളികാർപ്പസ് പിതാവിന്റെ കാലത്തായിരുന്നു. ISRO യുടെ ചന്ദ്രയാൻ -1 ദൗത്യം വിജയകരമായപ്പോൾ ആ ദൗത്യത്തിലെ ISRO ചെയർമാൻ ഉൾപ്പെടെയുള്ള 30 ഓളം ശാസ്ത്രജ്ഞന്മാരെ ഒരുമിച്ചു അത്യ ഭിവന്ദ്യ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവായുടെ നേതൃത്വത്തിൽ മാർ ഇവാനിയോസ് കോളേജ് അങ്കണത്തിൽ ക്ഷണിച്ചു വരുത്തി ആദരിച്ചതും വിദ്യാർത്ഥികളുമായി സംവാദിക്കു വാൻ അവസരമൊരുക്കിയതും പോളികാർപ്പസ് പിതാവാണ്. അക്കാലത്താണ് ഭാരത രത്ന എ പി ജെ അബ്ദുൾകലാം കോളേജ് സന്ദർശിക്കു കയും വിദ്യാർത്ഥികളുമായി സംവദിക്കുകയും ചെയ്തത്. 2007 ൽ പ്രശസ്തമായ ISRO സ്ഥാപനമായ ഐ ഐ എസ് ടി തിരുവനന്ത പുരത്തു സ്ഥാപിക്കുവാനായി തീരുമാനിച്ചപ്പോൾ ആ സ്ഥാപനത്തിലെ ഫിസിക്സ് കെമിസ്ട്രി കുട്ടികൾക്ക് ലബോറട്ടറി സൗകര്യത്തിനായി ISRO യുടെ നിലവാരത്തിലുള്ള സൗകര്യങ്ങളുള്ള കോളേജ് അന്വേഷിച്ചിരുന്ന അവസരത്തിൽ പ്രസ്തുത സൗകര്യങ്ങൾ മാർ ഇവാനിയോസ് കോളേജിൽ നിലനിൽക്കുന്നു എന്നുകണ്ട അധികൃതർ കോളേജു മാനേജ്മെന്റിനെ സമീ പിച്ചിരുന്നു. അത്യഭിവന്ദ്യ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവായുടെ നേതൃത്വ ത്തിൽ അഭിവന്ദ്യ പോളികാർപ്പസ് പിതാവ് ISRO ചെയർമാനുമായി നടത്തിയ ചർച്ചയിൽ ഐ ഐ എസ് ടി യിലെ കുട്ടികൾക്ക് വേണ്ടി സൗകര്യം ഒരുക്കികൊടുക്കുവാൻ അക്ഷീണം പരിശ്രമിച്ച അഭിവന്ദ്യ പിതാവ് ഫിസിക്സ് കെമിസ്ട്രി ലബോറട്ടറികൾ ഉന്നത നിലവാരത്തിലേക്ക് ഉയർത്തി.

നിരവധി അന്തർദേശിയ അക്കാദമിക സമ്മേള നങ്ങൾ, UGC, DST, ISRO, KSCSTE, SUCTIMST, TWAS മുതലായ ഏജൻസികളുടെ സാമ്പത്തിക സഹായത്തോടുകൂടിയുള്ള അധ്യാപകരുടെ ഗവേഷണ പ്രവർത്തനങ്ങൾ IIITMK (NPTEL) യുമായി ധാരണാപത്രം, മദ്ധ്യകാലഘട്ട കേരള ത്തിലെ ഗണിത ശാസ്ത്രത്തിന്റെ വളർച്ച എന്ന വിഷയത്തിൽ India-UK സഹകരണ ഗവേ ഷണം, ഇന്ത്യൻ സയൻസ് അക്കാഡമിയുമായി സഹകരിച്ചു നടത്തിയ റിഫ്രഷർ കോഴ്സുകൾ 40 ഓളം രാജ്യങ്ങളിൽ നിന്നും 100 ൽ പരം വിദേശ ശാസ്ത്രജ്ഞന്മാർ പങ്കെടുത്ത ഫിസിക്സ് വിഭാഗത്തിന്റെ അന്തർ ദേശിയരാമൻ സ്പെക്ട്രോ സ്കോപ്പി കോൺഫറൻസ് ICOPVS (2008) ഫിസിക്സ് ഡിപ്പാർട്മെന്റും നാഷണൽ സിങ്കപ്പൂർ യൂണിവേഴ്സിറ്റി ഫർമസി വിഭാഗവുമായി നടപ്പാക്കിയ സഹകരണ ഗവേഷണ പദ്ധതിയും മുൻ പ്രിൻസിപ്പലായിരുന്ന ഡാനിയേൽ കുഴിത്ത ടത്തിൽ അച്ചൻ തുടങ്ങിവെച്ച McGill University, Canada എ. എം. മത്തായിയുമായി സഹകരിച്ച ഗണിത ശാസ്ത്ര സെന്റർ വിപുലീകരിച്ചു ഗവേഷ ണത്തെ പ്രോത്സാഹിപ്പിച്ചതും പദ്മശ്രീ പത്മനാ ഭൻ വിദ്യാർത്ഥികളുമായി അസ്ട്രോണോമി അസ്ട്രോഫിസിക്സ് മേഖലയിൽ നടത്തിയ സംവാദങ്ങൾക്കുമൊക്കെ നേതൃത്വം കൊടുത്ത സന്ദർഭങ്ങൾ പിതാവിന്റെ ഗവേഷണ കാര്യങ്ങളി ലുള്ള തീക്ഷണമായ താല്പര്യം വ്യക്തമാക്കു ന്നതാണ്. മാത്തമാറ്റിക്സ് വിഭാഗത്തെ യുണി വേഴ്സിറ്റിയുടെ അംഗീകൃത ഗവേഷണ സെന്റർ ആക്കിയതും ഇക്കാലത്താണ് ഈ വിധമായ



www.malankaralibrary.com

നിരവധി പ്രവർത്തനങ്ങൾ പിൽക്കാലത്തു കോളേജിന്റെ ഗവേഷണ വിഷയത്തിലുള്ള മൂല്യം ദേശീയതലത്തിൽ ഉയരുവാൻ ഇടയാക്കിയതായി കാണാം. ഇവയുടെ ഫലമായി നിരവധി അന്തർദേശീയ ഗവേഷണ പ്രബന്ധങ്ങളും, ഗവേഷണ പ്രൊജെക്ടുകളും പേറ്റന്റുകളും ഒക്കെ അധ്യാപകർക്ക് നേടിയെടുക്കുവാൻ കഴിഞ്ഞു.

സ്കൂൾ കുട്ടികളിൽ ശാസ്ത്രവിഷയങ്ങൾക്കു താല്പര്യം ജനിപ്പിക്കുവാൻ സയൻസ് ഫെസിലിറ്റേഷൻ സെന്റർ എന്ന ഒരു നൂതന പദ്ധതി ആവിഷ്കരിച്ചത് അക്കാലത്താണ്. ഫിസിക്സ് വിഭാഗത്തിൽ പ്രൊഫസറായിരുന്ന ഡോ കെ എസ് മാത്യു സാറിന്റെ നേതൃത്വത്തിൽ ഈ സെന്റർ സ്ഥാപിതമായത് പിതാവിന്റെ ദീർഘവീക്ഷണത്തിന്റെ ഫലമാണ്. ഇന്നും വിജയകരമായി ഈ സംവിധാനം നടക്കുന്നുവന്നു മാത്രമല്ല അനവധി വിദ്യാർത്ഥികൾ സയൻസ് ഐഛീക വിഷയമായി എടുത്തു IISER IIT മുതലായ മുൻനിര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉന്നത പഠനം നടത്തികൊണ്ടിരിക്കുന്നു.

അഡ്മിഷൻ സംവിധാനം കേന്ദ്രീകൃത രീതിയിൽ കമ്പ്യൂട്ടർ സെന്ററിലേക്ക് പൂർണമായും മാറ്റുകയും, IGNOU സ്റ്റഡി സെന്റർ വിപുലീകരിക്കുകയും യുജിസി ഇൻസ്ട്രമെന്റ് മെയിന്റനൻസ് ഫെസിലിറ്റി കോളേജിൽ തുടങ്ങുകയും, കേരള ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ SARD പ്രൊജക്റ്റ് കോളേജിൽ ആരംഭിക്കുകയും, യുജിസി യുടെ XI ആം പദ്ധതി കോളേജിൽ പ്രാവർത്തികമാക്കുകയും CPE സ്കീമിൽ എല്ലാ സയൻസ് ലബോറട്ടറികളും നവീകരിക്കുകയും ഈ കാലത്തു ചെയ്യുവാൻ സാധിച്ചു.

അഭിവന്ദ്യ പിതാവ് പ്രിൻസിപ്പലായിരുന്ന കാലത്താണ് CBCSS സംവിധാനം ബിരുദ തലത്തിൽ നടപ്പിലാക്കുന്നതിന് മുന്നോടിയായി യൂണിവേഴ്സിറ്റി തലത്തിലുള്ള നടത്തപ്പെട്ടത് കോളേജിൽ ബിരുദ ബിരുദാനന്തര തലത്തിൽ ഓപ്പൺ ഹൗസ് സംവിധാനം, തിരുവനന്തപുരം Goethe Zentrum വുമായി ജർമൻ ഭാഷ പഠനത്തിനായുള്ള സഹകരണം, എല്ലാ ഡിപ്പാർട്മെന്റുകളിലും ഇ-ലൈബ്രറി സൗകര്യം ലഭ്യമാക്കുവാനുള്ള ഇൻട്രാ നെറ്റ് കണക്റ്റിവിറ്റി മുതലായ അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങൾ നടത്തുന്നതിന് പിതാവ് ഊന്നൽ നൽകിയിരുന്നു.

വിദ്യാർത്ഥികളുടെ കലാ കായിക പ്രവർത്തനങ്ങളിലും പിതാവ് അതീവ ശ്രദ്ധാലുവായിരുന്നു. ആ മേഖലകളിൽ താല്പര്യമുള്ള കുട്ടികൾക്കായി നിരവധി ക്ഷേമപ്രവർത്തനങ്ങൾ നിരന്തരം ആവിഷ്കരിച്ചിരുന്നു. പെൺകുട്ടികൾക്ക് വേണ്ടിയുള്ള ബാസ്കറ്റ്ബോൾ ടീം തുടങ്ങുകയും കോളേജിന്റെ അത്‌ലറ്റിക് ടീം വിപുലീകരിക്കുകയും ഇന്റർ കോളേജിയേറ്റ് തലത്തിലും യൂണിവേഴ്സിറ്റി തലത്തിലും വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുകയും ചെയ്തിരുന്നു കോളേജ് തലം മുതൽ ഒരു ബാസ്കറ്റ് ബോൾ കളിക്കാരനായ പിതാവ് കോളേജ് ബാസ്കറ്റ്ബോൾ ടീമിന് വേണ്ട എല്ലാ മാർഗനിർദേശങ്ങളും കൊടുത്തു. വിദ്യാർത്ഥികളുടെ കലാ കായിക പ്രവർത്തനങ്ങളിലും പിതാവ് അതീവ ശ്രദ്ധാലുവുമായിരുന്നു. മേഖലകളിൽ താല്പര്യമുള്ള കുട്ടികൾക്കായി നിരവധി ക്ഷേമപ്രവർത്തനങ്ങൾ പ്രായോഗികമാക്കിയിരുന്നു. മുൻപ്രിൻസിപ്പൽമാരുടെ പാതകൾ പിന്തുടർന്ന് ടീമിനെ പ്രശസ്തിയുടെ പടവുകളിലേക്കുയർത്തി. കൂടാതെ പിതാവ് പ്രിൻസിപ്പലായിരുന്ന കാലഘട്ടത്തിൽ മിക്കവാറും എല്ലാ വർഷവും തന്നെ കേരള യൂണിവേഴ്സിറ്റി യൂത്ത് ഫെസ്റ്റിവൽ കിരീടം മാർ ഇവാനിയോസ് കോളേജിന് നേടുവാനായി. മുൻവർഷങ്ങളിലെ പോലെ കലാ മത്സരങ്ങൾ ഏകോപിപ്പിച്ചു ക്യാമ്പസ്സിൽ തന്നെ പരിശീലനം നടത്തിയിരുന്നു. കൂടാതെ അന്തർ സർവകലാശാല കലാ കായിക മത്സരങ്ങളിൽ വിദ്യാർത്ഥികളെ അയക്കുവാനും വിജയം കൈവരിക്കുവാനും സാധിച്ചിരുന്നു.

മേല്പറഞ്ഞതൊക്കെ അഭിവന്ദ്യ പിതാവിന്റെ ശ്രമഫലമായി 2007 -2011 കാലഘട്ടത്തിൽ വിജയകരമായി നടപ്പിലാക്കിയ പദ്ധതികളിൽ ചിലതു മാത്രമാണ്. ഇനിയും അനവധി കാര്യങ്ങൾ ഓർമയിലുണ്ടെങ്കിലും എല്ലാം വിശദമാക്കുവാൻ ഈ മാഗസിനിൽ സ്ഥലപരിമിതിയുണ്ട്. ഞാൻ 1993 ൽ ഈ കോളേജിൽ

www.malankaralibrary.com



ഫിസിക്സ് വിഭാഗത്തിൽ ഒരു അധ്യാപകനായി ജോലി ആരംഭിച്ച സമയം മുതൽ അഭിവന്ദ്യ പിതാവുമായി അടുത്ത ബന്ധം കാത്തുസൂക്ഷിച്ചിരുന്നു. ആന്റണി ഈപ്പൻ സാർ പ്രിൻസിപ്പലായിരുന്ന കാലത്തും തുടർന്ന് ഡാനിയേൽ കുഴിത്തടത്തിൽ അച്ചൻ പ്രിൻസിപ്പലായിരുന്ന സമയത്തും, അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവ് പ്രിൻസിപ്പലായിരുന്ന സമയത്തും, കോളേജിന്റെ പലവിധ പ്രവർത്തനങ്ങളിൽ ഞാൻ പ്രിൻസിപ്പൾമാരെ സഹായിച്ചിരുന്നു. ഡാനിയേൽ അച്ചൻ പ്രിൻസിപ്പൽ ആയിരുന്ന സമയത്തു കോളേജിന്റെ ബർസാർ എന്ന നിലയിൽ അഭിവന്ദ്യ പോളികാർപ്പോസ് പിതാവ് ശ്രേഷ്ഠമായ പ്രവർത്തനം കാഴ്ച്ചവെച്ചതായി ഓർത്തെടുക്കുവാൻ കഴിയും. ആ സമയത്തും പിതാവിനോട് ചേർന്ന് ചില പ്രത്യേക ക്ഷേമ പ്രവർത്തങ്ങളിലും പദ്ധതികളിലും പങ്കാളിയാകുവാനും എനിക്ക് സാധിച്ചു. ഹോസ്റ്റൽ വാർഡൻ എന്ന നിലയിൽ കുട്ടികളുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന പോളികാർപ്പസ് പിതാവ് കോളേജിലും കുട്ടികളുടെ അച്ചടക്ക പ്രവർത്തനങ്ങളിൽ അതാതു കാലഘട്ടത്തിലെ പ്രിൻസിപ്പൾമാരോട് ചേർന്ന് നിന്ന് അക്ഷീണം പ്രവർത്തിച്ചിരുന്നതായി ഓർക്കുന്നു. ഡാനിയേൽ അച്ചന് ശേഷം, അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവ് കോളേജിന്റെ സാരഥ്യം ഏറ്റെടുക്കുമ്പോളും മുൻനിരയിൽ പോളികാർപ്പസ് പിതാവ് ഉണ്ടായിരുന്നു. പിതാവിന്റെ ഗവേഷണ സമയത്തിനിടയിലും കോളേജിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ സമയം കണ്ടെത്തിയിരുന്നു എന്നത് പ്രത്യേകം ഓർമിക്കണ്ട കാര്യമാണ്.

2007 ൽ പോളികാർപ്പസ് പിതാവ് കോളേജിന്റെ പ്രിൻസിപ്പൽ ആയി ചുമതലയേറ്റപ്പോൾ പിതാവിനോട് ചേർന്ന് കോളേജിലെ വ്യത്യസ്തത പ്രവർത്തങ്ങളിൽ സഹായിക്കുവാനായി എന്നെയും ചുമതലപ്പെടുത്തിയിരുന്നു. പിതാവിന്റെ കൂടെ അനേകം യാത്രകൾ ചെയ്യുവാനുള്ള അവസരവും എനിക്ക് ലഭിക്കുകയുണ്ടായി. ഡൽഹിയിലെ യുജിസി സമിതിയിൽ, ബാംഗ്ലൂരിലെ യൂജിസിയുടെ മീറ്റിംഗിൽ ഹൈദരാബാദിലെ CPE കോളേജുകളുടെ പുരോഗതി വിലയിരുത്തുന്ന മീറ്റിംഗ് തുടങ്ങി കേരളത്തിലെ ചില കോളേജുകളിൽ സന്ദർശനം. അങ്ങനെ പിതാവിനോടൊപ്പം ഒരുമിച്ചു യാത്ര ചെയ്തു പ്രൊജക്റ്റ് അവതരണം നടത്തുവാനും ഡോക്യുമെന്റുകൾ തയ്യാറാക്കുവാനും എനിക്ക് സാധിച്ചിരുന്നു. പിൽക്കാലത്തു ഞാൻ മാർ ഇവാനിയോസ് കോളേജിന്റെ പ്രിൻസിപ്പലായി ചുമതലയേറ്റപ്പോൾ അഭിവന്ദ്യ പിതാവിന്റെ കൂടെ ചേർന്ന് നിന്ന് പ്രവർത്തിച്ച പരിശീലനം വളരെ ഉപകാരപ്രദമായി എന്നത് എടുത്തു പറയണ്ട കാര്യമാണ്.

പൂർവ വിദ്യാർത്ഥി സമൂഹത്തിന്റെ കൂട്ടായ്മയായ AMICOS ന്റെ പ്രവർത്തനങ്ങൾ പിതാവ് അതീവ താല്പര്യ ത്തോടെയും ശ്രദ്ധാപൂർവ്വവും കൈകാര്യം ചെയ്യുകയും AMICOS വഴി കോളേജിൽ ധാരാളം പ്രവർത്തനങ്ങൾ നടത്തിയിരുന്നതായും കാണാം. പിൽക്കാലത്തു 2021 ൽ AMICOS മെഗാ റീയൂണിയൻ സംഘടിപ്പിച്ചപ്പോൾ അഭിവന്ദ്യ പിതാവിനെ ആദരിക്കുകയുണ്ടായി. 4000 ൽ പരം പൂർവ്വ വിദ്യാർത്ഥികൾ പലസമയങ്ങളിലായി ആ ചടങ്ങുകളിൽ സംബന്ധിച്ചിരുന്നു. അവിടൊയൊക്കെ പൂർണമായും പിതാവിന്റെ സജീവ സാന്നിധ്യം കാണാമായിരുന്നു. കോളേജിലെ പൂർവ്വവിദ്യാർഥികളുമായി പ്രത്യേകിച്ച് സിനിമ, രാഷ്ട്രീയ, സാംസ്കാരിക മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച അതികായകന്മാരുൾപ്പെടെഎല്ലാവിഭാഗക്കാരോടും പ്രത്യേകം അടുപ്പം കാത്ത് സൂക്ഷിക്കുവാൻ പിതാവിന് സാധിച്ചിരുന്നു. മുൻ വിദ്യാർഥികളിലാരുടെയെങ്കിലും ഭവനങ്ങളിൽ പ്രത്യേക സന്ദർഭങ്ങളിൽ സമയം കണ്ടെത്തി പിതാവ് സന്ദർശിച്ചിരുന്നു എന്നത് എടുത്തുപറയേണ്ടകാര്യമാണ്. പല അവസരങ്ങളിലും പിതാവിനോടൊത്തു അവിടെയൊക്കെ പോകുവാൻ എനിക്കും സാധിച്ചിരുന്നു. ഈ വിധ വ്യക്തി ബന്ധങ്ങൾ ഇന്നും പിതാവ് മടികൂടാതെ സൂക്ഷിച്ചു പോകുന്നു. മാർ ഇവാനിയോസിലെ അധ്യാപകർക്കും. അനധ്യാപകർക്കും വിദ്യാർത്ഥികൾക്കും പൂർവ വിദ്യാർത്ഥികൾക്കും പട്ടം തിരുസന്നിധിയിലേക്കുള്ള ഒരു പാലമായിരുന്നു അഭിവന്ദ്യ പിതാവ്. എന്താ

വശ്യത്തിലും ആദ്യം ഇവർ ബന്ധപ്പെടുന്നത് അഭിവന്ദ്യ പോളികാർപ്പസ് പിതാവിനെയാണ്.

പിതാവിന്റെ ഭരണ നിർവഹണത്തിനുള്ള നൈപുണ്യമായിരിക്കാം റിട്ടയർമെന്റിന് ശേഷം കോളേജുമായി ബന്ധപ്പെട്ട പലവിധ ചുമതലകളും ഏൽപ്പിച്ചിരുന്നത്. മലങ്കര സുറിയാനി കത്തോലിക്ക കോളേജുകളുടെ സെക്രട്ടറി പദവിയിൽ ഏറെനാൾ സേവനമനുഷ്ഠിച്ചിരുന്നു. തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാൻ എന്ന നിലയിൽ സേവനമനുഷ്ഠിച്ച കാലഘട്ടത്തിൽ എല്ലാ ജനവിഭാഗങ്ങളെയും ചേർത്ത് നിർത്തി നീതിപൂർവം സഭാ പ്രവർത്തനങ്ങൾ നടത്തിയിരുന്നത് ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

വിദ്യാഭ്യാസ മേഖല കൂടാതെ തിരുവനന്തപുരം ജില്ലയിലെ വിവിധ പള്ളികളിലെ വികാരിയായി സേവനമനുഷ്ഠിച്ച പിതാവ് ധാരാളം മിഷൻ പ്രവർത്തനങ്ങളിലും ജീവകാരുണ്യ പ്രവർത്തങ്ങളിലും തുടർച്ചയായ സാധു സംരക്ഷണ പ്രവർത്തനങ്ങളിലും ഇന്നും സജീവമായി ഏർപ്പെടുന്നു.

നീണ്ട 42 വർഷം തലസ്ഥാനനഗരിയിൽ വിരാചിച്ചിരുന്ന അഭിവന്ദ്യ പിതാവ് ഒരു ദൈവീക നിയോഗത്തിന്റെ ഭാഗമായി മലങ്കര കത്തോലിക്ക സഭയുടെ ഏറ്റവും കൂടുതൽ പള്ളികളും ഇടവകകളും ഉള്ള മാവേലിക്കര രൂപതയുടെ മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെടുമ്പോൾ തീർച്ചയായും ദൈവത്തിന്റെ കൂടുതൽ ഇടപെടൽ പിതാവിൽ ഉണ്ടായിരിക്കുന്നു എന്ന് നമുക്ക് മനസിലാക്കാം. തിരുവനന്തപുരം മേജർ അതിരൂപതക്കും തിരുവനന്തപുരം നഗരവാസികൾക്കും എന്നും അങ്ങയുടെ അസാന്നിധ്യം വിഷമമുണ്ടാക്കും. അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ അക്ഷീണമായ പ്രവർത്തനങ്ങളിലൂടെ ആത്മീയമായും ഭൗതീകമായും വളർന്നു പന്തലിച്ച മാവേലിക്കര രൂപതയെ, ആധുനിക കാലഘട്ടത്തിൽ അതിനെ നയിക്കുവാൻ നിയോഗിക്കപ്പെട്ട അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് പിതാവിന് ഈ സന്ദർഭത്തിൽ പ്രാർത്ഥനകളും യാത്രാശംസകളും നേരുക എന്നത് പിതാവിനെ സ്നേഹിക്കുന്ന ഏവരുടെയും കടമയാണ് എന്ന് ഞാൻ വിശ്വസിക്കുന്നു.



www.malankaralibrary.com

# ദൈവം കൈയൊപ്പിട്ട നിസ്വാർത്ഥ ജീവിതം



**ഡോ. ഷേർളി സ്റ്റുവർട്ട്**
പ്രിൻസിപ്പൽ, സർവോദയ വിദ്യാലയ, തിരുവനന്തപുരം

സങ്കുചിതമായ ചിന്തകൾ ഇരുൾ മൂടിയിരുന്ന ഒരു കാലഘട്ടത്തിൽ പ്രകാശത്തിന്റെ തിരിനാളമായി മാർ ഈവാനിയോസ് കോളേജിന്റെ സാരഥ്യം ഏറ്റെടുത്ത സൂര്യതേജസ് എന്ന് വിശേഷിപ്പിക്കാവുന്ന ആബൂൻ മാത്യൂസ് മാർ പോളികാർപ്പസ് മെത്രാപ്പോലീത്ത മലങ്കര സഭയുടെ മാവേലിക്കര രൂപതാധ്യക്ഷനായി ചുമതല ഏൽക്കുമ്പോൾ ഇത് മാർ ഈവാനിയോസ് കുടുംബത്തിനും മലങ്കര സഭയ്ക്കും തിരുവനന്തപുരത്തിനും അഭിമാന നിമിഷം.

ഉത്തമ മനുഷ്യത്വത്തിന്റെ നിറസാന്നിധ്യമായി സാമൂഹിക ജനസേവന വിദ്യാഭ്യാസരംഗങ്ങളിൽ സേവനതല്പരതയുടെ കൈയൊപ്പ് ചാർത്തി നാനാജാതി മതസ്ഥരുടെ സ്നേഹാദരങ്ങൾ ആർജിച്ച പുരോഹിതശ്രേഷ്ഠൻ നമ്മുടെ സ്വന്തം മനക്കരക്കാവിലച്ചൻ.

ഞാൻ ആദ്യമായി മനക്കരക്കാവിലച്ചനെ കാണുന്നത് 1990-ൽ ഫ്രഞ്ച് അദ്ധ്യാപകനായി നിയമിക്കപ്പെട്ടപ്പോഴാണ്. കാര്യപ്രാപ്തിയും, ദൃഢചിത്തതയുമുള്ള സ്നേഹമുള്ള ഒരു പുരോഹിതൻ. വിദ്യാർത്ഥികൾക്ക് ഉത്തമസുഹൃത്തും വഴികാട്ടിയും. സൗഹൃദങ്ങൾ തീവ്രമായ അടുപ്പത്തോടെ കാത്തുസൂക്ഷിക്കാൻ ശ്രമിച്ച ഇപ്പോഴും ശ്രമിക്കുന്ന പ്രിയ തോഴൻ. 2000-ത്തിൽ അദ്ദേഹത്തിന് അഭിവന്ദ്യ കാതോലിക്കാ തിരുമനസ്സ് ബർസാർ സ്ഥാനം നൽകി. 2007 വരെ ബർസാറായി കലാലയത്തിന്റെ സർവതോന്മുഖമായ വളർച്ചയ്ക്ക് ചുക്കാൻ പിടിച്ചു. 2007-ൽ റവ. ഡോ. സാമുവേൽ കാട്ടുകല്ലിൽ പിതാവ് വിരമിച്ചപ്പോൾ റവ. ഡോ. മാത്യു മനക്കരക്കാവിൽ പ്രിൻസിപ്പലായി നിയമിതനായി.

ജനമനസ്സുകളെ അറിയാനുള്ള അസാധാരണ ശേഷി, നിരീക്ഷണ പാടവം, ചരിത്രബോധം, വിശകലന നൈപുണ്യം, പ്രസ്താവനകളിലെ ആർജവം സർവോപരി സത്യസന്ധത, തലമുറകളുടെ തന്ത്രങ്ങൾ തിരിച്ചറിയാനുള്ള ദീർഘവീക്ഷണം, നിറപുഞ്ചിരിയോടെയുള്ള സമീപനം എന്നിവ അദ്ദേഹത്തിന്റെ തനതു മുദ്രകൾ ആയിരുന്നു. കോളേജിന്റെ അച്ചടക്കത്തെ ബാധിക്കുന്ന ഒരു കാര്യങ്ങളിലും വിട്ടുവീഴ്ചയില്ലാതിരുന്ന അദ്ദേഹം ചിലപ്പോഴെങ്കിലും ളോഹ തെറുത്തു കർശനമായി വിദ്യാർത്ഥികളെ



നേരിടുന്നത് നേരിൽ കണ്ടിട്ടുണ്ട്. പക്ഷേ ആരെയും വേദനിപ്പിക്കാൻ അച്ചന് കഴിയുമായിരുന്നില്ല. സ്നേഹത്തോടെ തലോടാൻ അടുത്ത നിമിഷം ഉണ്ടാകും. അതിസങ്കീർണമായ പ്രശ്നങ്ങളെ ഇത്രയും ലളിതമായി നിർധാരണം ചെയ്യാൻ അച്ചനുള്ള കഴിവ് അനിതരസാധാരണമായിരുന്നു. അതുതന്നെയാവണം അച്ചനെ വിദ്യാർത്ഥികൾക്ക് അത്രമേൽ പ്രിയപ്പെട്ടവനാക്കിയതും. 17 ദീർഘവർഷങ്ങൾ അച്ചൻ ഹോസ്റ്റൽ വാർഡനായിരുന്നു. പ്രശ്നക്കാരായ അനവധി കുട്ടികൾക്ക് സ്നേഹശാസനകളിലൂടെ വഴികാട്ടിയായിരുന്നു അച്ചൻ. പ്രതിസന്ധികളുടെ വഴികളിൽ നടക്കുന്ന കുട്ടികൾക്ക് നേരിന്റെ വഴി കാട്ടിക്കൊടുത്തു ഗുരുപൂർണതയുടെ ധാവള്യമായി അച്ചൻ നിലകൊണ്ടു എന്നത് വിദ്യാർത്ഥിമനസ്സുകൾക്ക് സ്നേഹത്തിന്റെ മുദ്രയുള്ള വാക്കുകളുടെ വഴിയായി ഇന്നും ദീപ്തമായി നിൽക്കുന്നു. ഉന്നത സ്ഥാനങ്ങൾ വഹിക്കുന്ന പലരും തിരുവനന്തപുരത്തു വന്നാൽ മനക്കരക്കാവിൽ പിതാവിനെ സന്ദർശിക്കാതെ പോകാറില്ല. അത് തന്നെയല്ലേ ഒരു അദ്ധ്യാപകന് ലഭിക്കുന്ന ഏറ്റവും വലിയ സമ്മാനവും.

മാർ ഈവാനിയോസ് കോളേജിന്റെ ചരിത്രത്തിലെ സചേതനമായ ഒരു കാലയളവായിരുന്നു 2007 മുതൽ 2011 വരെയുള്ള വർഷങ്ങൾ. സ്നേഹത്തോടും സഹിഷ്ണുതയോടും ആഴവും പരപ്പുമുള്ള വിജ്ഞാനത്തോടും തുറന്ന മനസ്സോടെയുള്ള ക്രൈസ്തവ ചൈതന്യത്തോടും കോളേജിനെ നയിക്കുമ്പോൾ പ്രകാശം പരത്തുന്ന നേട്ടങ്ങളുടെയും അഭിമാനത്തിന്റെയും അനേകം നിമിഷങ്ങൾ കലാലയത്തിനു സമ്മാനിച്ച പൂർണചന്ദ്രനായി നിലകൊള്ളുകയായിരുന്നു. പ്രിൻസിപ്പലായിരുന്നപ്പോഴും ബർസാറായിരുന്നപ്പോഴും അച്ചൻ കലാലയത്തിനായി ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധേയമാണ്. മാർ ഈവാനിയോസ് വിദ്യാനഗർ എന്ന് പറയുമ്പോൾ തന്നെ ഏവരുടെയും മനസ്സിലേക്ക് കടന്നുവരുന്ന പ്രവേശനകവാടം പണികഴിപ്പിക്കാൻ നേതൃത്വം നൽകിയതും, കോളേജിലെ ലൈബ്രറി പരിഷ്കരണവും എടുത്ത് പറയേണ്ടുന്ന വസ്തുതകളാണ്. ലേഡീസ് ടോയ്‌ലറ്റ് സമുച്ചയം ആധുനിക രീതിയിൽ പുനർനിർമ്മിച്ചതും കേന്ദ്രഗവണ്മെന്റിന്റെ കീഴിലുള്ള ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റി കലാലയത്തിൽ ആരംഭിച്ചതും അച്ചന്റെ കാലത്താണ്. നിർധനരായ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനും വിദ്യാഭ്യാസ



www.malankaralibrary.com






സഹായം കുട്ടികൾക്ക് നൽകുന്നതിനും അച്ചൻ പ്രത്യേക ഫണ്ട് രൂപീകരിച്ചിരുന്നു. കോളേജിന്റെ അഭിമാനമാണ് സുവോളജി ലാബ്. അവിടുത്തെ ഏറ്റവും വലിയ ആകർഷണം തിമിംഗലത്തിന്റെ അസ്ഥികൂടമാണ്. ശംഖുമുഖത്ത് കരയിലടിഞ്ഞ തിമിംഗലത്തെ വിവിധ പ്രക്രിയകളിലൂടെയാണ് ഇന്നത്തെ നിലയിൽ കലാലയത്തിൽ എത്തിച്ചത്. അതിനായി എല്ലാവിധ പ്രേരണയും സഹായവും ചെയ്തുനൽകിയത് പിതാവാണ്. അമിക്കോസ് എന്ന പൂർവവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനങ്ങൾ ഏറ്റവും മികവുറ്റ രീതിയിൽ നടത്തപ്പെട്ടത് അച്ചന്റെ കാലത്തായിരുന്നുവെന്നത് നിസ്സംശയം പറയാം. അക്കാദമിക മികവിനൊടൊപ്പം കലാകായിക മത്സരങ്ങളിലും കോളേജിന് അഭൂതപൂർണമായ നേട്ടങ്ങൾ കൊയ്യാൻ അച്ചന്റെ നേതൃത്വത്തിന് സാധിച്ചിട്ടുണ്ട്. സർവകലാശാല യുവജനോത്സവങ്ങൾക്കു വലിയ പിന്തുണ നൽകി 'അമ്പിളി അരവിന്ദൻ ട്രോഫി' വിട്ടുകൊടുക്കാതെ പൊരുതാനുള്ള കരുത്ത് അധ്യാപകരായ ഞങ്ങൾക്കും വിദ്യാർത്ഥികൾക്കും നൽകിയിരുന്നത് നന്ദിയോടെ സ്മരിക്കുന്നു. നല്ലൊരു ബാസ്കറ്റ്ബോൾ കളിക്കാരനായ പിതാവിന്റെ കാലഘട്ടം കായിക മത്സരങ്ങളുടെയും കാലഘട്ടമായിരുന്നു. പെൺകുട്ടികളുടെ ബാസ്കറ്റ് ബോൾ ടീമും അത്‌ലറ്റിക് ടീമും ഈ സമയത്താണ് രൂപം കൊള്ളുന്നത്.

പ്രാർത്ഥനയുടെ സൗമ്യശുദ്ധിയോടെ ദൈവനിയോഗം ഏറ്റെടുക്കുമ്പോൾ അനുരഞ്ജനത്തിന്റെയും ഐക്യത്തിന്റെയും അപ്പസ്തോലിക ദൂതനായി ആധ്യാത്മികതയുടെ ആധാരശിലയിൽ കർമ്മനിരതനായി നന്മയുടെ സംസ്കാരം പടുത്തുയർത്താൻ പിതാവേ അങ്ങേയ്ക്ക് കഴിയട്ടെ. വാക്കും പ്രവർത്തിയും പൊരുത്തപ്പെടുന്ന ഈ ധന്യജീവിതത്തിനു വേറിട്ടൊരു ഇരിപ്പിടം ഒരുക്കപ്പെടുമ്പോൾ ധൈഷണികതയുടെ നിത്യയൗവനവും ദീർഘായുസ്സും ആശംസിക്കുന്നു.

www.malankaralibrary.com



# പോളികാർപ്പസ് തിരുമേനി എന്ന അതുല്യ പ്രതിഭ




**എബി ജോർജ്ജ്**
AMICOS, മാർ ഈവാനിയോസ് കോളേജ്,
തിരുവനന്തപുരം

അറിവിന്റെ മുലപ്പാൽ ചുരന്നു തന്ന വാത്സല്യനിധിയായ മാതാവ് ഭക്തി സാന്ദ്രമായ അന്തരീക്ഷത്തിൽ നിലകൊള്ളുന്ന പരിപാവന മായ ബഥനിക്കുന്നിലെ ഞങ്ങളുടെ കലാലയം മാർ ഇവാനിയോസ് കോളേജ്. തിരിഞ്ഞുനോക്കുമ്പോൾ ഒരിക്കലും മടുപ്പ് തോന്നാത്ത മനസിന്റെ ഉടമകളാകാൻ കഴിഞ്ഞത് ഈ കലാലയത്തിലെ പഠനവും സുഹൃത്തുക്കളുമാണ്. എന്റെ ജീവിതത്തിൽ എന്തെങ്കിലും നന്മകൾ ഉണ്ടെങ്കിൽ അത് എന്റെ സുഹൃത്തുക്കളുടെ സാമീപ്യം ഒന്നു കൊണ്ടാണ്. 1976-78 കാലഘട്ടത്തിൽ പ്രീഡിഗ്രിക്ക് സെമിനാരിയിൽ നിന്നുള്ള വളരെ ബുദ്ധിമാനും സുശാന്തനും എല്ലാവരോടും വളരെ സൗഹൃദപരമായി പെരുമാറുകയും ചെയ്യുന്ന വ്യക്തി. എന്റെ വലതുഭാഗത്ത് (പേര് പറയുന്നില്ല) സെമിനാരിയിൽ നിന്നുള്ള ഒരു വൈദിക വിദ്യാർഥി, ഇടത്തു ഭാഗത്ത് ഇന്നത്തെ തിരുമേനി, നടുവിലാണ് ഞാൻ ഇരിക്കുന്നത്. വലതു ഭാഗത്തെ വിദ്യാർത്ഥിയുടെ പെരുമാറ്റം അന്നേ ഞങ്ങൾക്കറിയാമായിരുന്നു സെമിനാരി വിടുമെന്ന്. ഇടത്തിരുന്ന വൈദിക വിദ്യാർഥി പഠിച്ചു മിടുക്കനായി ഉയർന്നു. എന്റെ സാമീപ്യമാണോ അദ്ദേഹത്തിന്റെ സാമീപ്യമാണോ കൂടുതൽ പ്രയോജനപ്പെട്ടത് എന്നറിയില്ല.

ഒരിക്കലും മറക്കാനാകാത്ത അനുഭവങ്ങൾ ആയിരുന്നു പോളികാർപ്പസ് തിരുമേനിയു

www.malankaralibrary.com





മായുള്ള സൗഹൃദം. ഇന്ന് ബിഷപ്പായി തല ഉയർത്തി നിൽക്കുന്ന അദ്ദേഹത്തിന്റെ ജീവിതം ആ ദിനങ്ങളിൽ തന്നെ സൂചന നൽകിയിരുന്നു. തന്റെ നിലനിൽപ്പിൽ തന്നെ വ്യത്യസ്ത നായിരുന്നു. അദ്ദേഹത്തിന്റെ ഓരോ വാക്കിനും ഭാരം ഉണ്ടായിരുന്നു. ഫലപ്രദമായ ചർച്ചകളിൽ തനതായ ശൈലിയുള്ള ഇടപെടലുകൾ നടത്തുമ്പോഴും അദ്ദേഹത്തിന്റെ അന്തസ്സും ആത്മവിശ്വാസവും വ്യക്തമായി അനുഭവപ്പെടു മായിരുന്നു. അക്കാലം മുതൽ എല്ലാവരും അദ്ദേഹത്തെ മാന്യഭാവത്തോടെ സമീപിച്ചി രുന്നത് മറക്കാൻ കഴിയില്ല.

അദ്ദേഹത്തിന്റെ ആ ശക്തി ഏറെ ശ്രദ്ധേയ മായിരുന്നു സെമിനാരിയിലെ കഠിന പരിശീല നവും ആഴമുള്ള ആത്മീയ പഠനവും അദ്ദേഹ ത്തെ തീർച്ചയായും ഊർജ്ജസ്വലനായ ചിന്ത കനാക്കി മാറ്റിയിരുന്നു. തത്വചിന്തകളിലും ഉന്നത പരമായ ഗഹന പ്രശ്നങ്ങളിലും അദ്ദേഹം പഠനാത്മകമായ സമീപനം പുലർത്തിയിരുന്നു. എന്നാൽ അതേസമയം ചരിത്രം മുതൽ ഭാഷാ പഠനം വരെ അദ്ദേഹത്തിന്റെ അറിവ് സമ്മതി ക്കണം. സഹപാഠികളുമായി എളുപ്പത്തിൽ ബന്ധം സ്ഥാപിക്കുന്നതിൽ ഒരു പ്രത്യേക കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സൗമ്യമായ ചിരിയോടുള്ള മനോഹരമായ അദ്ദേഹത്തിന്റെ വരവ് ഇപ്പോഴും എന്റെ മനസ്സിൽ പതിഞ്ഞു നിൽക്കുന്നു.

ആദ്യവർഷം തന്നെ പോളികാർപ്പസ് തിരുമേനി (പഴയ മാത്യു) ആത്മീയതയുടെ പാതയിലേക്ക് ചുവട് വയ്ക്കും എന്ന് വ്യക്ത മായിരുന്നു. ആത്മാർത്ഥതയും വ്യക്തിത്വത്തിന് മികവുമുള്ള അദ്ദേഹം സഭയ്ക്ക് ലഭിച്ച ഒരു മുതൽക്കൂട്ടാണ്. ഇന്ന് അദ്ദേഹം എത്രയോ പേർക്ക് ആത്മീയ ശക്തിയും പ്രതീക്ഷയും പകർന്നു കൊണ്ടിരിക്കുകയാണ്. അദ്ദേഹം ഫാദർ മനക്കരക്കാവിൽ എന്ന നാമധേയത്തിൽ കോളേജ് പ്രിൻസിപ്പാൾ ആയിരുന്ന കാലഘട്ട ത്തിൽ പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രസിഡന്റായി ആറ് വർഷക്കാലവും സേവനമ നുഷ്ഠിക്കുവാൻ എനിക്ക് ഭാഗ്യമുണ്ടായി. എന്നും തങ്ക ലിപികളിൽ കുറിക്കുന്ന കോളേജിന്റെ ചരിത്രത്തിന്റെ അധ്യായമായി ആ അവസരങ്ങൾ കാണുന്നു.

ഇനിമുതൽ അദ്ദേഹത്തിന്റെ സേവനം വിശാലമായതും വിശുദ്ധിയോടു കൂടിയതും സമൂഹത്തിനു വേണ്ടി ഉള്ളതുമായ ദൗത്യം ആവുകയാണ്. എന്നാൽ എനിക്ക് അദ്ദേഹത്തെ കാണുമ്പോൾ 1976–78 കാലഘട്ടത്തിൽ നിശ ബ്ദമായ ആത്മീയത നിറഞ്ഞ സൗഹൃദപര മായ സെമിനാരി വിദ്യാർഥിയെയാണ് ഓർമ വരുന്നത്. അദ്ദേഹത്തിന്റെ സാന്നിധ്യം തന്നെ ഞങ്ങൾക്കൊരു ആശ്വാസവും പ്രചോദനവും ആണ്. ബിഷപ്പ് പോളികാർപ്പസ് എന്ന പേര് എപ്പോഴും എനിക്ക് പ്രതിഫലിക്കുന്നത് താളമുള്ള ആലോചനയുടെയും വിശുദ്ധ ജീവിതത്തി ന്റെയും നേർക്കാഴ്ചയായാണ്.



www.malankaralibrary.com




**എം.പി. ലിപിൻ രാജ്**
(സിവിൽ സർവീസ് ഉദ്യോഗസ്ഥൻ &
എഴുത്തുകാരൻ)

# 'മംഗലശ്ശേരി നീലകണ്ഠ'നെന്ന മനക്കരക്കാവിലച്ചൻ

പ്രിയങ്കരനായ ബിഷപ്പ് മാത്യൂസ് മാർ പോളി കാർപ്പസ് ചുമതലയേൽക്കുന്നത് ആദരണീയനായ ബിഷപ്പ് ജോഷ്വ മാർ ഇഗ്നാത്തിയോസ് രൂപപ്പെടുത്തിയ മാവേലിക്കര ഭദ്രാസനത്തിലേക്ക് മാത്രമല്ല സ്വന്തം ജന്മനാട്ടിലേക്കാണ്. ഓണാട്ടുകരയുടെ ചുക്കാൻ പിടിക്കാൻ ഒരു ഓണാട്ടുകരക്കാരൻ എത്തുന്നുവെന്നതു മാവേലിക്കര ഭദ്രാസനത്തിന് സിദ്ധിച്ച ഭാഗ്യമാണ്.

ഞാൻ കോളേജിൽ പഠിക്കുന്ന കാലത്ത് പ്രിയ ബിഷപ്പ് മാർ ഇവാനിയോസ് കോളേജിൽ ഹോസ്റ്റൽ ചുമതലയുള്ള വാർഡനായിരുന്നു. അതിനും മുൻപ് അവിടെ അദ്ദേഹം ഫ്രഞ്ച് പഠിപ്പിച്ചിരുന്നു. അന്നവിടെ താമസിച്ച കുസൃതികളായ ബോയ്സ് ഗ്രൂപ്പ് ആരും ഹോസ്റ്റൽ വാർഡനായിരുന്ന അച്ചനെ മറക്കാനിടയില്ല. വീട്ടുപേരായ മനക്കരക്കാവിൽ എന്നതു ചേർത്തു മനക്കരക്കാവിലച്ചൻ എന്നാണ് ഹോസ്റ്റലിലെ കുട്ടികൾ അദ്ദേഹത്തെ വിളിച്ചിരുന്നത്.

അച്ചൻ അനാവശ്യമായി കുട്ടികളുടെ സ്വാതന്ത്ര്യത്തിൽ ഇടപെടില്ല. അവരുടെ കുസൃതികൾ അതിര് കടന്നാലും അതൊന്നും അച്ചൻ കാര്യമായെടുക്കില്ല.എന്നാൽ പഠിക്കാതെ ക്ലാസ്സിൽ കയറാതെ നടക്കുന്നവർ എന്തെങ്കിലും പ്രശ്നത്തിൽ ഉൾപ്പെട്ടാൽ അച്ചൻ ഇടപെടും. എങ്കിലും

സ്നേഹത്തിനും കരുതലിനും യാതൊരു വിട്ടു വീഴ്ചയുമില്ല.പിന്നെയത് അവർത്തിക്കാതിരിക്കാനുള്ള മുൻകരുതലെടുക്കും. നിർത്താതെയുള്ള നടത്തമാണ് അന്നത്തെ വാർഡന്റെ പ്ലസ് പോയിന്റ്. എങ്ങും നിൽക്കാതെ ക്യാംപസ് മുഴുവൻ ചുറ്റിക്കറങ്ങും. കയ്യിൽ നീളമുള്ള സ്റ്റീൽ കളറിലുള്ള ഒരു ടോർച്ചും കാണും. ഹോസ്റ്റലിന്റെ മൂക്കും മൂലയും അരിച്ചു പെറുക്കും. തങ്ങൾ വലിച്ച കുറ്റി ബീഡിയുടെ ബാക്കി കുറ്റികൾ ചുറ്റിക്കറങ്ങലുകളിൽ അച്ചന് കിട്ടാതിരിക്കാൻ രാത്രിയിൽ സെന്റ് തോമസ് ബോയ്സ് ഹോസ്റ്റലിലെ വിരുതന്മാർ കുറ്റികൾ തിരഞ്ഞു നടക്കും. അത്രയേറെ ശ്രദ്ധയുള്ള വാർഡന്റെ കണ്ണിൽ ബാക്കി വന്ന ഭക്ഷണം മുതൽ കാന്റീനിലെ ജീവനക്കാർ കഴിച്ചോ എന്നുള്ള വിവരം വരെ തടയും. ഈ നടപ്പിൽ അച്ചനൊപ്പം ആരും കാണില്ല. ഇങ്ങനെ ദിവസം തോറും ഹോസ്റ്റലിന് ചുറ്റും നടന്നാണ് അച്ചൻ അന്നേ ഇത്ര ആരോഗ്യത്തോടെ ഇരിക്കുന്നതെന്ന് ഹോസ്റ്റൽ ബോയ്സ് പറഞ്ഞു പരത്തിയിട്ടുണ്ട്. മൊബൈൽ വ്യാപകമാവാത്ത കാലമാണ്. ഹോസ്റ്റലിൽ വാർഡനുണ്ടോ ഇല്ലയോ എന്നറിയാൻ കുട്ടികൾ 'മനക്കരയിൽ ഒരു കാവുണ്ടോ?' എന്ന് ഒരു തുണ്ട് പേപ്പറിൽ എഴുതി ഒന്നാം ബ്ലോക്കിൽ നിന്നും എതിർവശത്തുള്ള ബ്ലോക്കിലേക്ക് കമ്പിൽ ചുരുട്ടി ഏറിയും. 'കാവിനുള്ളിൽ ശാന്തം' എന്ന് മറുവശത്തു നിന്നും മറുപടി കിട്ടിയാൽ ബഹളം തുടങ്ങും.

കുസൃതിയ്ക്ക് സ്ക്രിപ്റ്റ് ഉണ്ടാക്കി പിള്ളേർ സെന്റ് തോമസ് ഹോസ്റ്റലിൽ മൊബൈലിൽ സിനിമ ഷൂട്ട് ചെയ്തപ്പോഴും അച്ചൻ അനങ്ങിയില്ല.ഹോസ്റ്റലിൽ കുട്ടികൾക്ക് സ്വാതന്ത്ര്യം അനുവദിച്ചു നൽകുന്നതിൽ പിശുക്ക് പാടില്ലെന്ന് തിരുമാനിച്ച അദ്ദേഹം പക്ഷേ സന്ധ്യാപ്രാർഥനാ നേരം കണിശക്കാരനാവും. ഒരേ സമയം ശാസനയ്ക്കും സ്നേഹത്തിനും അക്കൗണ്ട് കൃത്യമായി വരവ് വെച്ച് അതു ബാലൻസ് ചെയ്തു പോകുന്നതിൽ തിരുമേനി വാർഡൻ ആയിരുന്ന കാലത്തെ ശ്രദ്ധിച്ചിരുന്നു.

തിരുമേനി ഉള്ളിൽ നന്മയുള്ള ആളാണെന്നു മനസിലായത് ഒരിക്കൽ അച്ചൻ പ്രിൻസിപ്പലായിരുന്ന കാലത്ത് എനിക്കു കഥയ്ക്ക് ഒന്നാംസമ്മാനം കിട്ടിയപ്പോഴാണ്.പിന്നീട് എപ്പോൾ കണ്ടാലും സ്നേഹത്തോടെ നിറഞ്ഞ ചിരിയോടെ കോളേജിന് സമ്മാനം കിട്ടിയതു ഓർമ്മിപ്പിക്കും.അന്നേ കൊടിയും മുഷ്ടി ചുരുട്ടിയുള്ള അമേരിക്കൻ വിരുദ്ധമുദ്രാവാക്യങ്ങളും കാണുമ്പോൾ ബിഷപ്പ് സ്നേഹത്തോടെ പറയും.



'ഒടുവിൽ അമേരിക്കൻ കമ്പനിയിൽ ജോലി കിട്ടാതിരുന്നാൽ മതി'

അക്കൂട്ടത്തിൽ നീണ്ട കാലം സമരങ്ങളുമായി നടന്ന ഒരാൾക്ക് പിന്നീട് അമേരിക്കൻ കമ്പനിയിൽ ജോലി കിട്ടിയതു കണ്ടപ്പോഴാണ് ബിഷപ്പ് പറഞ്ഞതിന്റെ പൊരുൾ എനിക്ക് മനസിലായത്.

ആളുകളെ വിലയിരുത്തുന്നതിൽ ബിഷപ്പ് മുൻപന്തിയിലാണ്. ഒരു ചെറിയ സൂചന പ്രശ്നക്കാരെക്കുറിച്ച് നല്കിയാൽ ബിഷപ്പിന് അതു മനസിലാക്കി മിണ്ടാതെ അവരോടൊപ്പം കൂടും. ആവശ്യമെങ്കിൽ മുണ്ട് മടക്കിക്കുത്തുന്ന ഒരു 'മംഗലശ്ശേരി നീലകണ്ഠ'നായിരുന്നു ഞങ്ങളുടെ കോളേജ് കാലത്ത് അദ്ദേഹം.




മാർ ഇഗ്നാത്തിയോസ് തിരുമേനി തുടങ്ങി വെച്ച സംരംഭങ്ങൾക്ക് നല്ലൊരു അമരക്കാരനെ കിട്ടിയിരിക്കുന്നു. ചേതന സോഷ്യൽ സെർവീസ് സൊസൈറ്റിയുടെ സഹായം കിട്ടിയവർ ഏതെങ്കിലും വിഭാഗത്തിൽ പെട്ടവർ മാത്രമല്ല. പതിനെട്ടു വർഷം നിരന്തരമായി നടത്തിയ ശ്രമങ്ങളിൽ മദ്യവർജ്ജനത്തിനെതിരേ എടുത്ത നിലപാടാണ് ചെറുപ്പത്തിലെ ഞാൻ അദ്ദേഹത്തെ ശ്രദ്ധിക്കാൻ കാരണം. മിക്ക സിനിമകളിലെയും മദ്യവർജ്ജന സമിതിയിൽ കാണിക്കുന്ന അച്ചൻമാരെ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയെ അധികരിച്ചാണെന്ന് എനിക്കു തോന്നിയിട്ടുണ്ട്. കാലം അദ്ദേഹത്തെ ഓർക്കുക ആളുകൾ കളിയാക്കിയപ്പോഴും അദ്ദേഹം മദ്യത്തിനെതിരേ എടുത്ത നിലപാടുകളെ കരുതിയാവും. പരിഹസിച്ചപ്പോഴും അദ്ദേഹം പിൻമാറിയില്ല. അതാണ് ആത്മീയതയുടെ ബലം.

പോളികാർപ്പോസ് എന്ന വിശുദ്ധനെ കിഴക്കൻ സഭയുടെ മാർഗദർശി എന്ന നിലയിലാണ് ചരിത്രം എന്നും കരുതിയിട്ടുള്ളത്. മാവേലിക്കരയുടെ മാർഗദർശിയാകാൻ ബിഷപ്പിന് തീർച്ചയായും കഴിയും. സിവിൽ സർവീസുകാർക്ക് സ്വന്തം വീടിരിക്കുന്ന സ്ഥലത്തു സാധാരണ പോസ്റ്റിംഗ് കൊടുക്കാറില്ല. അറിയാവുന്നവരോടു അടുപ്പം കാട്ടുന്നതിന് പകരം തങ്ങൾ കണ്ടുമുട്ടുന്ന എല്ലാവരെയും ഒരേ പോലെ കാണാൻ കൂടിയാണ് ഈ രീതി. എന്നാൽ ആത്മിയതയിൽ തേടിയെത്തുന്ന മുഖങ്ങൾക്ക് വേണ്ടിമാത്രമല്ല, തേടിയെത്താത്തവർക്കും വേണ്ടിയാണ് പ്രവർത്തനം. അതു കൊണ്ടു തന്നെ ബിഷപ്പിന് ആത്മിയസേവനത്തിന് സ്വന്തം നാട്ടിൽ അവസരം ലഭിച്ചത് അപരിചിതർക്കുള്ള അനുഗ്രഹമാണ്. 2012 ബാച്ച് സിവിൽ സർവീസ് ഉദ്യോഗസ്ഥനായ എം.പി. ലിപിൻ രാജ് നോവലിസ്റ്റും കഥാകൃത്തുമാണ്. ചെറുകഥാസമാഹാരമായ ഗോൾഡൻ ഫ്രോഗ്, നിങ്ങൾക്കും ജയിക്കാം സിവിൽ സർവീസ്, മരങ്ങൾ ഓടുന്ന വഴിയേ, A Phoenix With Broken Wings, മാർഗരീറ്റ, ആന്റി-കർമ്മ (ഡി.സി.ബുക്സ്), തിന്മേശക്കുറിമാനം, മാപിനി (മനോരമ ബുക്സ്), നവമാധ്യമപരിചയം (കേരള മീഡിയ അക്കാദമി), പാഠം ഒന്ന് ആത്മവിശ്വാസം, തേന തേനുറുമ്പിനെ തേനീച്ചയാക്കാം, എലിമിനേഷൻ റൌണ്ട്, ആനയും പുലിയുമില്ലാത്ത കഥ (മാതൃഭൂമി ബുക്സ്) തുടങ്ങിയവയാണ് പ്ര പ്രസിദ്ധീകരിച്ച കൃതികൾ. 2024-ൽ മികച്ച നോവലിനുള്ള നൂറനാട് ഹനീഫ് അവാർഡും പദ്മരാജൻ നോവൽ പുരസ്കാരവും തെങ്ങമം ബാലകൃഷ്ണൻ നോവൽ പുരസ്ക്കാരവും നേടിയിട്ടുണ്ട്.



www.malankaralibrary.com

# ഉയർന്ന മനസ്സുള്ള പിതാവ്





**ലിജു ജോർജ്**
കെ. സി. വൈ. എം. മുൻ സംസ്ഥാന പ്രസിഡന്റ്

യുവാക്കൾക്ക് വളരാൻ എക്കാലവും എല്ലാ പിന്തുണയും നൽകുന്ന ഒരു ആചാര്യനാണ് മനക്കരക്കാവിലച്ചൻ. തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ പ്രിഡിഗ്രിക്ക് ഞാൻ പഠിക്കുമ്പോൾ പരിചയപ്പെട്ട ഈ വ്യക്തി വിദ്യാർത്ഥികളോട് ഒരു സഹോദരനെ പോലെ പെരുമാറുന്നത് അനുഭവിച്ചറിയാൻ കഴിഞ്ഞിട്ടുണ്ട്. ഡോ. തോമസ് കൊട്ടാരത്തിലച്ചൻ പ്രിൻസിപ്പിലായിരുന്ന കാലത്ത് ഞാൻ രണ്ടാമത്തെ ഭാഷ മലയാളം തെരഞ്ഞെടുത്ത് പഠനം ആരംഭിച്ചു. അന്നത്തെ എന്റെ മലയാളം അദ്ധ്യപകർ ഡോ. സാമൂവേൽ കാട്ടുകല്ലിൽ അച്ചൻ (മാർ ഐറേനിയോ സ്തിരുമേനി ), ഡോ. ജോർജ് ഓണക്കർ, സന്തോഷ് ഒ ഐ സി അച്ചൻ, ഗീവഗീസ് സാർ ഇവരൊക്കെ ആയിരുന്നു. എങ്കിലും ചുട്ടിപ്പാറ അച്ചന്റെ ഒപ്പം ഫ്രഞ്ച് ഭാഷ പഠിപ്പിക്കാൻ നവാഗതനായി എത്തിയ അച്ചന്റെ വലിയ പൊക്കം പോലെ ഉയർന്ന മനസ്സും എനിക്ക് കാണാൻ കഴിഞ്ഞു. വിദ്യാർത്ഥി, യുവജന പ്രവർത്തനകാലത്തു ഞങ്ങൾക്ക് നൽകിയ പിന്തുണ എടുത്തു പറയേണ്ടതാണ്. സഭയിൽ ഒരു നല്ല ഇടവക പുരോഹിതൻ എന്ന നിലയിൽ

യുവജന പ്രസ്ഥാനത്തിന്റെ കേന്ദ്ര തലത്തിൽ പ്രവർത്തിച്ചപ്പോൾ ശാന്തമായ സമീപനത്തോടെ സഹായിച്ചത് ഞാൻ ഓർക്കുന്നു. തിരുവനന്തപുരത്ത് കോളേജ് പ്രൊഫസർ ആയിരുന്നപ്പോൾ ഞായറാഴ്ച മിഷ്യൻ കേന്ദ്രങ്ങളിലെ പാവപ്പെട്ടവർക്ക് ക്രിസ്തുവിനെ നൽകിയത് കാരുണ്യം നിറഞ്ഞ സഹായങ്ങളിലൂടെ ആയിരുന്നു. വ്യക്തിപരമായി ഒരു സംഭവം ഞാൻ ഓർമ്മിക്കുന്നു.

1999 ൽ എം സി വൈ എം ന്റെ മേജർ അതിരുപതാ പ്രസിഡന്റ് ആയിരുന്നപ്പോൾ ഞാൻ അടക്കം കേരളത്തിൽ നിന്ന് മൂന്ന് റീത്തിലും ഉള്ള 3 പേരും ഇന്ത്യയിൽ നിന്ന് 8 പേരും അടങ്ങുന്ന സംഘം ഫ്രാൻസിലെ തെയ്സയിൽ ഇന്റർനാഷണൽ യുവജന പരിശീലനത്തിനു ചെന്നപ്പോൾ ഈ മാത്യു അച്ചൻ പാരിസിൽ ഫ്രഞ്ചിൽ ഉന്നത പഠനം നടത്തുന്ന കാലമായിരുന്നു. മൂന്ന് മാസത്തോളം യൂറോപ്പിൽ ഉണ്ടായിരുന്ന ഞങ്ങളെ ചെന്നപ്പോൾ മുതൽ സഹായിക്കാൻ അദ്ദേഹം ഒരുങ്ങിയിരുന്നു. അന്ന് സഭാ തലവൻ ആയിരുന്ന സിറിൽ ബസേലിയോസ് പിതാവിന്റെ നിർദേശം കിട്ടിയപ്പോൾ മുതൽ എനിക്ക് ആവശ്യമായ സഹായങ്ങൾ നൽകാൻ അച്ചൻ സന്നദ്ധനായിരുന്നു. ലോകത്തെ നിരവധി രാജ്യങ്ങളിൽ നിന്ന് ഉള്ള യുവജന നേതാക്കൾ പങ്കെടുക്കുന്ന പരിശീലത്തിന് ഇടയിൽ ഇന്ത്യക്കാർക്ക് പുറത്തു സന്ദർശിക്കാൻ അനുവാദം ഇല്ലായിരുന്നു. എന്നോട് പാരിസിലേക്ക് വരാൻ അച്ചൻ പല പ്രാവശ്യം ആവിശ്യപ്പെട്ടു. ഇതു പോലെ ചെല്ലുന്ന ഇന്ത്യക്കാർ, അവിടെ നിന്ന് മുങ്ങി ജോലി സമ്പാദിച്ച ചരിത്രം മുൻപ് ഉള്ളത് കാരണം ഞങ്ങൾക്ക് പുറത്തു പോകാൻ അനുവാദം കിട്ടിയില്ല. പഠനത്തിന്റ തിരക്ക് ഉള്ളതിനാൽ അച്ചന് എന്റെ അടുത്ത് വരാനും കഴിയില്ലായിരുന്നു. ഞങ്ങൾക്ക് ഒപ്പം ഉണ്ടായിരുന്ന ഡൽഹി അതിരുപതായിലെ ഗോവ സ്വദേശി ആയിരുന്ന നിക്കോളാസ് ഡയസ് എന്ന അച്ചനെ പാരിസ് സന്ദർശിക്കാൻ അനുവാദം കിട്ടി. ഇത് അറിഞ്ഞപ്പോൾ ഇന്നത്തെ പോളിക്കാർപ്പസ് തിരുമേനി എന്നെ സഹായിക്കാൻ ഉള്ള മാർഗ്ഗം തിരഞ്ഞു. ഈ ഡൽഹിയിലെ അച്ചനെ അവിടേക്ക് വിളിക്കാൻ ശ്രമിച്ചു. ഈ അച്ചൻ വഴി എനിക്ക് ലൂർദിൽ തീർത്ഥടനത്തിന് ഉള്ള പണം എത്തിച്ചു തന്നു. നാട്ടിൽ ഉള്ളപ്പോൾ അടുത്ത ബന്ധം ഞങ്ങൾ തമ്മിൽ ഇല്ലായിരുന്നു എന്നിട്ടും ഫ്രാൻസിൽ ഞാൻ ചെന്നു എന്ന് അറിഞ്ഞപ്പോൾ മുതൽ എനിക്ക് നൽകിയ സ്നേഹം ഒരു യുവാവിന് നൽകുന്ന വലിയ പ്രോത്സാഹനം ആയിരുന്നു. പിതാവ് പ്രിൻസിപ്പൽ ആയിരുന്നപ്പോളും വികാരി ജനറൽ ആയിരുന്നപ്പോളും എന്നെപ്പോലെ ഉള്ളവർ ഏതെങ്കിലും സഹായം ചോദിച്ചാൽ വലിയ സന്തോഷത്തോടെ ചെയ്തു തരാൻ തൽപ്പരനായിരിന്നു. ഒരു മെത്രാൻ തന്റെ ജനത്തിന്റ മാത്രം അല്ല എന്നും എല്ലാവർക്കും വേണ്ടി ഉള്ളതാണ് എന്ന ദർശനത്തോടെ ഇടപെട്ട സംഭവങ്ങൾ ധാരാളം ഉണ്ട്.

മലങ്കര കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ ബസേലിയോസ് കർദ്ദിനാൾ ക്ലിമീസ് കാതോലിക്കാ ബാവ തിരുമേനിയും സിനഡും എടുത്തു തീരുമാനം മാവേലിക്കരയിലെ സഭാമക്കൾക്ക് മാത്രം ഉള്ള ശുശ്രൂഷ അല്ല, എല്ലാവർക്കും തുറന്നു നൽകാൻ കഴിയുന്ന നന്മയാണ്. പുതിയ മേച്ചിൽപുറത്ത് നല്ല ഇടയനാകാൻ എല്ലാ പ്രാർത്ഥനാശംസകളും നേരുന്നു.




www.malankaralibrary.com



www.malankaralibrary.com

# THE SYRO MALANKARA CATHOLIC CHURCH
## EPARCHY OF MAVELIKARA



# INSTALLATION
*(SUNTHRONEESO)*
## Ceremony of
## HIS EXCELLENCY MOST REV. DR. MATHEWS MAR POLYCARPOS

ON
29TH SUNDAY
JUNE 2025
AT 02.00 PM

AT
ST. MARY'S CATHEDRAL
PUNNAMOODU
MAVELIKARA